# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ഒക്‌ടോബർ 2013 വാല്യം 40 ലക്കം 7 *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* പേജ് 16 വില 5.00 രൂപ


# കപടവികസനവും വർഗ്ഗീയതയും ആയുധമാക്കി നരേന്ദ്രമോഡി

**അടുത്തയിടെ ഒരു അഭിമുഖത്തിൽ നരേന്ദ്രമോഡി പറഞ്ഞ കാര്യങ്ങളും അതിന്റെ മട്ടും ഭാവവുമൊക്കെ വ്യാപകമായ അവജ്ഞ ഉളവാക്കുകയുണ്ടായി. എന്നാൽ ഇത് ഗൗരവത്തോടെ ചർച്ച ചെയ്യേണ്ട വിഷയങ്ങളാണ് എന്നാണ് ഞങ്ങളുടെ അഭിപ്രായം.**

**ഇന്ത്യൻ രാഷ്ട്രീയത്തിൽ നരേന്ദ്രമോഡിയുടെ സംഭാവന എന്ത് എന്ന വിഷയത്തിൽനിന്ന് തുടങ്ങാം. എന്തൊക്കെ മറന്നാലും 2002-ൽ ഗുജറാത്തിൽ നടന്ന മുസ്ലീം കൂട്ടക്കൊല ആസൂത്രണം ചെയ്തതും ഭംഗിയായി നടപ്പിലാക്കിയെടുത്തതും മോഡിയായിരുന്നു എന്ന കാര്യം ആരും മറക്കാനിടയില്ല. അതിന്റെ പൈശാചിക സ്വഭാവംകൊണ്ടുമാത്രമല്ല, ഒരു ഗവൺമെന്റാണ് അത് ചെയ്തുകൂട്ടിയത് എന്നതുകൊണ്ടുതന്നെ ലോകത്തുതന്നെ ഇത് ആദ്യസംഭവമായിരിക്കും. ജീവനോടെ ചുട്ടുകൊല്ലുന്നതടക്കമുള്ള ഭീകരതയും കൊള്ള, കൊള്ളിവയ്പ്, ബലാത്സംഗം തുടങ്ങിയവയും ഏത് വംശഹത്യയിലുമുണ്ടാകും. ഗുജറാത്തിലും ഇതൊക്കെ സംഭവിച്ചു. ഗോധ്രയിൽ ട്രെയിനിന് തീവച്ചത് എന്തിന് എന്ന കാര്യം ഇന്നും വിവാദവിഷയമാണ്.**

എന്നാൽ ഗുജറാത്ത് കൂട്ടക്കൊലയ്ക്ക് തലേന്ന് ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്രമോഡി വിളിച്ചുചേർത്ത ഉന്നതാധികാര യോഗത്തിൽ ഗോധ്ര സംഭവത്തിൽ പറഞ്ഞ അഭിപ്രായം, മുസ്ലീങ്ങളെ ഒരു പാഠം പഠിപ്പിക്കേണ്ടതാണ് എന്നത്രേ!. എന്നു മാത്രമല്ല, ഹിന്ദുക്കൾ പ്രതികാരം ചെയ്താൽ പോലീസ് ഉദാസീനമായിരിക്കണം എന്നും ആവശ്യപ്പെട്ടു. പോലീസ് കൺട്രോൾ റൂമിൽ ആജ്ഞാനുവർത്തികളെ പ്രതിഷ്ഠിക്കുക, മൊബൈൽ ഫോൺ വിളികളുടെ രേഖകളും മീറ്റിംഗിന്റെ രേഖയുമൊക്കെ നശിപ്പിക്കുക, പബ്ലിക് പ്രോസിക്യൂട്ടർമാർ തുടങ്ങിയവരുടെ നിയമനത്തിലൊക്കെ കൃത്രിമം കാട്ടുക തുടങ്ങി ഒട്ടേറെ കാര്യങ്ങൾ മോഡിയുടെ നേതൃത്വത്തിൽ നടക്കുകയും ചെയ്തു.

എല്ലാം പകൽ വെളിച്ചത്തിലാണ് നടന്നത്. എല്ലായിടത്തും മോഡി നിറഞ്ഞു നിന്നു. സർക്കാർവക വിചാരണകളിൽ നിരപരാധികളും നിസ്സഹായരുമായ ഇരകൾക്ക് ഒരു നീതിയും കിട്ടിയില്ല. അതിന് യാതൊരു സാധ്യതയുമുണ്ടായിരുന്നില്ല. കൊലയാളികളെ നിരപരാധികളാക്കാനുള്ള പ്രഹസനങ്ങളായിരുന്നു ഇവയൊക്കെ. ദുരിതാശ്വാസക്യാമ്പുകളെന്ന പേരിലുള്ള ചേരികളിലേയ്ക്ക് ഇരകൾ നീക്കം ചെയ്യപ്പെട്ടു. മാന്യമായ വാസസ്ഥലം, തൊഴിൽ, വിദ്യാഭ്യാസം, നീതി തുടങ്ങിയ പ്രതീക്ഷകളൊക്കെ അതോടെ അസ്തമിച്ചു. വേരുകൾ നഷ്ടപ്പെട്ട്, ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾപോലും നിഷേധിക്കപ്പെട്ട് അലയാനായിരുന്നു അവരുടെ വിധി. ഭീതിപ്പെടുത്തി സത്യം പുറത്തുപറയുന്നതിൽനിന്ന് വിലക്കുകയെന്നതായിരുന്നു പദ്ധതി. ഇത്രയൊക്കെ ആയിട്ടും ക്രൂരതയുടെ ദൃക്‌സാക്ഷികൾ പലരും സത്യം വിളിച്ചു പറയാൻ തയ്യാറായി. അവരെ ഭീഷണിപ്പെടുത്തി, ആക്രമിച്ചു, പണംകൊടുത്ത് വശീകരിച്ചു. അങ്ങനെ കൊടും കുറ്റവാളികൾ പലരും സ്വതന്ത്രരായി. എല്ലാ ക്രൂരതകളോടെയും അവർ വീണ്ടും സമൂഹമദ്ധ്യത്തിലെത്തി. പത്രപ്രവർത്തകരും മനുഷ്യാവകാശ പ്രവർത്തകരും വിമർശകരുമൊക്കെ നിശബ്ദരാക്കപ്പെട്ടു. പലരും ആക്രമിക്കപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്തു. ഫെബ്രുവരി 27 നു നടന്ന ഉന്നതാധികാരയോഗത്തിൽ മോഡി അടിച്ചേൽപ്പിച്ച പദ്ധതി പിറ്റേന്നു നടപ്പിലാകുന്നതാണ് കണ്ടത്. മോഡി മന്ത്രിസഭയിൽ അംഗമായിരുന്ന ഹരൺ പാണ്ഡ്യ ദുരൂഹ സാഹചര്യത്തിൽ കൊല്ലപ്പെട്ടു. ഇന്റലിജൻസ് ഉദ്യോഗസ്ഥനായ സഞ്ജീവ് ഭട്ട് തരംതാഴ്ത്തലിനും സസ്പെൻഷനും വിധേയനായി. ഒടുവിൽ അറസ്റ്റിലുമായി. വായ പൊത്തിനിന്നവർക്ക് പാരിതോഷികങ്ങൾ കിട്ടി. ചില കേസുകൾ ഗുജറാത്തിനു പുറത്ത് വിചാരണ ചെയ്യേണ്ട ഗതികേടിലെത്തി. എന്നിട്ടും കാര്യമായ ഗുണമൊന്നും ഉണ്ടായില്ല. മോഡിയുടെ പാർട്ടി ബി.ജെ.പിക്ക് ആത്മീയ നേതൃത്വം നൽകുന്ന ആർ.എസ്.എസ്, സംഘപരിവാർ ശക്തികളാണ് എല്ലാറ്റിനും മേൽനോട്ടം വഹിച്ചതെന്ന് എല്ലാവർക്കുമറിയാം. എന്നുമാത്രമല്ല, ഈ വംശഹത്യയുടെ സമയത്ത് കേന്ദ്ര ആഭ്യന്തരമന്ത്രിയായിരുന്ന എൽ.കെ. അദ്വാനിയെപ്പോലുള്ള അഖിലേന്ത്യ നേതാക്കൻമാരിൽനിന്ന് മോഡിക്ക് പിന്തുണയും ലഭിച്ചിരുന്നു. സൽഗുണ സമ്പന്നനെന്നും മികച്ച പ്രധാനമന്ത്രിയെന്നുമൊക്കെ മാധ്യമങ്ങൾ വാഴ്ത്തുന്ന അടൽ ബിഹാരി വാജ്പേയ്, പ്രധാനമന്ത്രിയെന്ന നിലയിൽ, നാൽപ്പത്തിയഞ്ചു ദിവസം നീണ്ടുനിന്ന ഈ നരനായാട്ടിനും പാതകങ്ങൾക്കും തടയിടാൻ ഒന്നും ചെയ്തില്ല. അവിശ്വാസവും വിദ്വേഷവും നടമാടി. ബഹുഭൂരിപക്ഷവും ദരിദ്രരായ ഒരു വിഭാഗത്തിനു നേരെ കൊടും ക്രൂരത അരങ്ങേറി. ഭീതിയും അരക്ഷിതത്വവുംമൂലം സർക്കാരിലുള്ള വിശ്വാസംതന്നെ ജനങ്ങൾക്ക് നഷ്ടപ്പെട്ടു. എന്തിന് ഈ ക്രൂരത എന്ന് നേരായി ചിന്തിക്കുന്നവരൊക്കെ ആലോചിച്ചു. എന്നാൽ ഭരണ മുതലാളി വർഗ്ഗത്തിന്റെ സേവകർക്ക് ഒരു കുലുക്കവും ഉണ്ടായില്ല. കുറ്റകൃത്യങ്ങൾ അരങ്ങുവാഴുമ്പോഴും അവർ നീതി നടപ്പിലാക്കുന്നതായി ഭാവിച്ചു. ജനങ്ങളിലെ അനൈക്യം മുതലാളിവർഗ്ഗത്തിന് ഗുണകരമാണല്ലോ. വംശഹത്യ ജനങ്ങളിലുണ്ടാക്കിയ അനൈക്യം അവർ മുതലെടുത്തു.

*(ശേഷം പേജ് 2-ൽ)*

## ഭക്ഷ്യസുരക്ഷാ ബിൽ വെറും തട്ടിപ്പ്

**ഭക്ഷ്യസുരക്ഷാ ബില്ലിനെക്കുറിച്ച് പ്രതികരിച്ചുകൊണ്ട് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് താഴെപ്പറയുന്ന പ്രസ്താവന പുറപ്പെടുവിച്ചു.**

സാധാരണക്കാർക്ക് താങ്ങാവുന്ന വിലയിൽ പര്യാപ്തമായ അളവിൽ ഭക്ഷണം ലക്ഷ്യമാക്കുന്നതിലൂടെ ഭക്ഷ്യസുരക്ഷയും പോഷകാഹാരവും ഉറപ്പാക്കാനെന്ന പേരിൽ പാർലമെന്റിൽ മരണവേഗതയിൽ അവതരിപ്പിച്ച് പാസ്സാക്കിയെടുത്ത ബില്ല്, പുറമേയ്ക്കുള്ള അവകാശവാദങ്ങളും വാഗ്ദ്ധോരണികളും എന്തുതന്നെയായാലും, ശുദ്ധമായ തട്ടിപ്പാണെന്ന കാര്യത്തിൽ ഞങ്ങൾ അതിയായ ഉത്കണ്ഠ രേഖപ്പെടുത്തുന്നു. പട്ടിണിപ്പാവങ്ങളും താഴേക്കിടയിലുള്ളതുമായ ലക്ഷക്കണക്കിന് ജനവിഭാഗങ്ങളുടെ ജീവിതത്തെ ബാധിക്കുന്ന വളരെ സുപ്രധാനമായ ഒരു വിഷയത്തിൽ ബിജെപിയും ടിഡിപിയും സഭാ നടപടികൾ നിരന്തരം തടസ്സപ്പെടുത്തിയതുമൂലം അർത്ഥവത്തായ ഒരു ചർച്ചയും നടന്നില്ല എന്നതിലും ഞങ്ങൾ ആശങ്ക പ്രകടിപ്പിക്കുന്നു. വാർത്താപ്രചരണം ലഭിക്കുകയെന്നതിനപ്പുറം ഇത്തരം കോലാഹലങ്ങൾക്ക് യാതൊരു പ്രസക്തിയുമില്ല. പാർലമെന്റിൽ ഉയർത്തുന്ന ആവശ്യങ്ങൾ നേടിയെടുക്കുവാൻ പാർലമെന്റിനുപുറത്ത് ശക്തമായ പ്രസ്ഥാനം കെട്ടിപ്പടുക്കുവാനുള്ള ഒരു തരത്തിലുള്ള ശ്രമവും ഇക്കൂട്ടരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല.

അഴിമതിരഹിതമായ ഒരു വിതരണ സംവിധാനത്തിലൂടെ താഴേക്കിടയിലുള്ള ജനവിഭാഗങ്ങൾക്ക് ഗുണനിലവാരമുള്ള ഭക്ഷ്യപദാർത്ഥം പര്യാപ്തമായ അളവിൽ എപ്രകാരം ലഭ്യമാക്കുമെന്ന സുപ്രധാനമായ ചോദ്യത്തിന് ഉത്തരം നൽകുന്നതിൽ ബിൽ പരാജയപ്പെട്ടിരിക്കുകയാണ്. ഒരു വ്യക്തിക്ക് മാസം 5 കിലോ ഭക്ഷ്യധാന്യമെന്ന നിർദ്ദിഷ്ട അളവ് വളരെ തുച്ഛമാണ്. ആരോഗ്യത്തോടെ പ്രവർത്തനനിരതമായിരിക്കാൻ മിനിമം 15

*(ശേഷം പേജ് 9-ൽ)*

# കെഎസ്ആർടിസി: പ്രതിസന്ധിയും പരിഹാരവും

കെഎസ്ആർടിസി അതീവ പ്രതിസന്ധിയെ നേരിടുകയാണെന്നും ഇത് അടച്ചുപൂട്ടേണ്ടി വരികയില്ല, തനിയേ നിന്നുപോകുമെന്നും ട്രാൻസ്പോർട്ട് മന്ത്രിയടക്കമുള്ള ഉത്തരവാദപ്പെട്ടവർ നിരന്തരം വിളിച്ചു പറഞ്ഞുകൊണ്ടിരിക്കുകയാണ്. കെഎസ്ആർടിസി ഒരു കോർപ്പറേറ്റ് സ്ഥാപനമാണെന്ന് ഗണിച്ചുകൊണ്ട്, നിലവിലുണ്ടായിരുന്ന ഡീസൽ സബ്സിഡി എടുത്തുകളഞ്ഞ കേന്ദ്ര സർക്കാർ തീരുമാനം പ്രതിദിനം 96 ലക്ഷം രൂപയുടെ അധിക ബാദ്ധ്യത കെഎസ്ആർടിസിക്ക് ഉണ്ടാക്കിയിരിക്കുകയാണ്. ഇപ്പോൾത്തന്നെ പ്രതിമാസം 130 കോടി രൂപയോളം നഷ്ടത്തിലാണ് സ്ഥാപനം ഓടുന്നതെന്നാണ് മാനേജ്മെന്റ് വെളിപ്പെടുത്തുന്നത്. അതിനു പുറമെയാണ് ഈ പുതിയ ബാദ്ധ്യത. 5 കോടിയിലേറെ രൂപ പ്രതിദിനം നഷ്ടമുണ്ടാക്കിക്കൊണ്ടിരിക്കുന്ന ഒരു സ്ഥാപനത്തിന് നിലനിൽക്കാൻ അർഹതയില്ലെന്ന വാദത്തിന് ആസൂത്രിതമായി ശക്തി കൂട്ടിക്കൊണ്ടിരിക്കുകയാണ്. വകുപ്പ് മന്ത്രി തൊഴിലാളികളുടെയും പെൻഷൻകാരുടെയും കൂടെ ജനപക്ഷത്താണെന്ന് നടിച്ചുകൊണ്ട് എതിർപക്ഷ തിനുവേണ്ടി വിദഗ്ധമായി നിലകൊള്ളുകയാണ്. ഇതിലൂടെ ഒരേസമയം ഭരണ - പ്രതിപക്ഷങ്ങളുടെ പ്രീതി സമ്പാദിക്കുന്നു. നിക്ഷിപ്ത താൽപര്യത്തിനുവേണ്ടി പ്രതിപക്ഷം മന്ത്രിയെയും, മന്ത്രി പ്രതിപക്ഷത്തെയും വാനോളം പുകഴ്ത്തുന്നു!




ട്രേഡ്‌യൂണിയൻ സംയുക്തസമിതി തിരുവനന്തപുരത്ത് സംഘടിപ്പിച്ച തൊഴിലാളി റാലിയിൽ എഐയുടിയുസി സംസ്ഥാന പ്രസിഡന്റും എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടറിയുമായ സഖാവ് സി.കെ.ലൂക്കോസ് പ്രസംഗിക്കുന്നു.

തിരുവിതാംകൂർ ഗവൺമെന്റിന്റെ കാലത്ത് ശ്രീ ചിത്തിര തിരുനാൾ 1938 ഫിബ്രുവരി 20ന് ഉദ്ഘാടനം ചെയ്ത തിരുവിതാംകൂർ സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റാണ് 1965 ഏപ്രിൽ 1 ന് സ്വയം ഭരണാധികാരത്തോടെയുള്ള ട്രാൻസ്പോർട്ട് കോർപറേഷൻ ആക്കി മാറ്റിയത്. 1970 വരെ നല്ല നിലയിൽ പ്രവർത്തിച്ച് വന്നിരുന്ന ഈ സ്ഥാപനം പിന്നീട് ലാഭ-നഷ്ടങ്ങളുടെ മാനേജ്മെന്റ് രീതിയിലേക്ക് കടന്നു. പൊതുജന

*(ശേഷം പേജ് 15-ൽ)*

# മോഡിയുടെ ഗുജറാത്തിൽ ജനസാമാന്യത്തിന്റെ സ്ഥിതിയെന്ത്?

*(1-ാംപേജിൽ നിന്ന്)*

**പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിക്കുവാൻ സുപ്രീംകോടതി നിർബന്ധിതമായി.**

ആർഎസ്എസ് മോഡിയെ പ്രിയപ്പെട്ടവനായി വാഴ്ത്തി. മുതലാളിവർഗ്ഗം പിന്തണച്ചു. കോൺഗ്രസ്പോലും പരോക്ഷമായി മോഡിക്ക് അനുകൂലമായി നിന്നു. എന്നിട്ടും വംശഹത്യയുടെ സത്യാവസ്ഥ മൂടിവയ്ക്കാൻ കഴിഞ്ഞില്ല. മതേതര ചിന്താഗതിക്കാരും മനുഷ്യസ്നേഹികളും രാജ്യത്തും പുറത്തും ഉയർത്തിയ സമ്മർദ്ദം നാൾക്കുനാൾ വർദ്ധിച്ചുവന്നതോടെ സുപ്രീംകോടതി, ഏഴു വർഷങ്ങൾക്കുശേഷം 2009-ൽ ഒരു പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിക്കാൻ നിർബന്ധിതമായി. തെളിവുകൾ നശിപ്പിക്കാനോ ചുരുങ്ങിയപക്ഷം അതിൽ വെള്ളം ചേർക്കാനോ ഈ സമയം ധാരാളം മതിയായിരുന്നു. 2010 മെയ് 12ന് പ്രത്യേക അന്വേഷണ സംഘം റിപ്പോർട്ട് സമർപ്പിച്ചു. എന്നാൽ സുപ്രീംകോടതി അത് വെളിയിൽ വിട്ടില്ല. വളരെ പണിപ്പെട്ടിട്ടാണെങ്കിലും അൽപ്പാൽപ്പമായി സത്യം പുറത്തുവന്നു. റിപ്പോർട്ട് നിശിതമായ ഭാഷയിൽ മോഡിയെ കുറ്റപ്പെടുത്തുന്നതായിരുന്നു. രാഷ്ട്രീയവും വർഗ്ഗീയവുമായ ലക്ഷ്യങ്ങളോടെയാണ് നീതിനിർവ്വഹണം നടത്തിയതെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടി. മുസ്ലീങ്ങൾക്കെതിരെ മോഡി പ്രകോപനപരവും ക്രോധം ജനിപ്പിക്കുന്നതുമായ പ്രസംഗങ്ങൾ നടത്തിയെന്ന് റിപ്പോർട്ട് പറയുന്നു. ചിന്താശൂന്യവും നിരുത്തരവാദപരവുമായിരുന്നു ഒരു മുഖ്യമന്ത്രിയെ സംബന്ധിച്ചിടത്തോളം ഈ നിലപാടുകൾ. തെളിവുകൾ നശിപ്പിക്കുന്നതിനും മുഖ്യമന്ത്രി ഇടപെട്ടിട്ടുണ്ട് തുടങ്ങി നിരവധി കാര്യങ്ങൾ റിപ്പോർട്ട് അക്കമിട്ടു നിരത്തുന്നുണ്ട്. എന്നിട്ടും ഒരു അനക്കവുമുണ്ടായില്ല. അടുത്തകാലത്തു നടന്ന ഏറ്റവും വലിയ കൂട്ടക്കൊലയ്ക്ക് നേതൃത്വം കൊടുത്തയാൾ, അതിന്റെ പേരിൽ ഏറ്റവും കഠിനമായ ശിക്ഷ ലഭിക്കേണ്ടയാൾ കേമനായി വിലസുന്നു. 2002ലും 2007ലും 2012ലും നടന്ന ഗുജറാത്ത് അസംബ്ലി തെരഞ്ഞെടുപ്പുകളിൽ അയാൾ വിജയശ്രീലാളിതനായി. അങ്ങേയറ്റം വർഗ്ഗീയ ചേരിതിരിവ് സൃഷ്ടിച്ചാണ് ഈ വിജയങ്ങൾ കൊയ്തെടുത്തത്. എന്നാൽ, ഒരു പതിറ്റാണ്ടിലേറെയായി ദുരിതം അനുഭവിക്കുന്ന ന്യൂനപക്ഷ സമുദായക്കാരുടെ കാര്യം ആരും പരിഗണിച്ചില്ല. മോഡിക്ക് വലിയ പ്രചാരം നൽകാൻ മാത്രമല്ല അയാളെ ഒരു അതിമാനുഷനായി ചിത്രീകരിക്കാൻ തന്നെ ആസൂത്രിതമായ നീക്കം നടക്കുന്നുണ്ട് എന്ന് വ്യക്തമാണ്. കുറ്റകൃത്യങ്ങൾക്ക് നേതൃത്വംകൊടുത്ത ഹിറ്റ്ലറുടെ ഫാസിസ്റ്റ് വാഴ്ചയെ അനുസ്മരിപ്പിക്കുന്ന നരേന്ദ്രമോഡി ആവർത്തിച്ചുള്ള തെരഞ്ഞെടുപ്പ് വിജയങ്ങളുടെ പേരിൽ ഊറ്റംകൊള്ളുമ്പോൾ ആ വിജയങ്ങൾ ഉറപ്പാക്കിയതെങ്ങനെയെന്ന് ആരും ചിന്തിക്കുന്നില്ല. മോഡി തൂത്തുവാരിയെന്ന് ബൂർഷാ മാധ്യമങ്ങൾ വിളിച്ചുകൂവുന്നത് മാത്രം കേൾക്കാം.

കുറ്റകൃത്യങ്ങൾ നടന്നു. പക്ഷേ കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടില്ല. ജനങ്ങളുടെ സമ്മർദ്ദത്താൽ കൈക്കൊണ്ട നടപടികളിലും വെള്ളം ചേർത്തു. അങ്ങോട്ടുമിങ്ങോട്ടും തട്ടി ഒടുവിൽ വേണ്ടെന്നുവച്ചു. ശവപ്പെട്ടിയിൽ അവസാനത്തെ ആണിയടിച്ചുകൊണ്ട് 2012-ൽ പ്രത്യേക അന്വേഷണ സംഘം മോഡിയെയും സംഘത്തെയും കുറ്റവിമുക്തനാക്കി. പ്രോസിക്യൂട്ട് ചെയ്യാവുന്ന തെളിവുകളുടെ അഭാവമാണ് അന്വേഷണ സംഘം പറഞ്ഞ ന്യായം. ജനങ്ങളുടെ കൺമുന്നിൽവച്ച് നടന്ന കുറ്റകൃത്യങ്ങൾക്ക് തെളിവില്ലെന്ന് ജനങ്ങളെ വിശ്വസിപ്പിക്കുന്ന നീതിന്യായ വ്യവസ്ഥ. ബോഫോഴ്സ് കേസുപോലെ, മുമ്പു പലപ്പോഴും സംഭവിച്ചതുപോലെ ഇവിടെയും സത്യം കുഴിച്ചുമൂടപ്പെട്ടു. എന്നാൽ നേരായി ചിന്തിക്കുന്നവരുടെ മനസ്സിനെ ചില വസ്തുതകൾ അലട്ടിക്കൊണ്ടിരുന്നു. 2012ൽ ഗുജറാത്ത് അസംബ്ലി തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ്, മോഡിയെ കുറ്റവിമുക്തനാക്കിക്കൊണ്ടുള്ള പ്രഖ്യാപനം വന്നത്, താൻ നിരപരാധിയാണെന്ന് തുടക്കംമുതൽ പറഞ്ഞുകൊണ്ടിരുന്ന മോഡിക്ക് തെരഞ്ഞെടുപ്പിൽ നേട്ടമുണ്ടാക്കാൻ ഉതകുംവിധമായിരുന്നില്ലേ? ബൂർഷ്വാസംവിധാനത്തിന്റെ ഭാഗമായ സുപ്രീംകോടതി നിയോഗിച്ച പ്രത്യേക അന്വേഷണ സംഘം ഇത്തരത്തിൽ ഘടകവിരുദ്ധമായൊരു നിലപാടെടുത്തത്, ഭരണവർഗ്ഗത്തിന്റെയും അതിന്റെ രാഷ്ട്രീയ കാര്യസ്ഥൻമാരായ കോൺഗ്രസ് നയിക്കുന്ന കേന്ദ്രസർക്കാരിന്റെയും പച്ചക്കൊടി കണ്ടതിനുശേഷമല്ലേ? 2ജി കുംഭകോണമുൾപ്പെടെ നിരവധി അഴിമതികളിൽപ്പെട്ട് ആടിയുലയുകയായിരുന്നു അന്ന് കേന്ദ്രസർക്കാർ. അന്ന് കോൺഗ്രസും ബി.ജെ.പി.യും ആ കൂടിക്കാഴ്ച നടത്തിയത് എന്തു ചർച്ച ചെയ്യാനായിരുന്നു? ഇരുകൂട്ടരും തമ്മിൽ ധാരണ ഉണ്ടാക്കിയതായി അന്ന് മാധ്യമങ്ങൾ വാചാലമായി റിപ്പോർട്ട് ചെയ്തിരുന്നു. അതിനുശേഷം അഴിമതിക്കാര്യത്തിലൊന്നും ശക്തമായ അന്വേഷണം വേണമെന്നോ കുറ്റവാളികൾക്ക് കർശനശിക്ഷ നൽകണമെന്നോ പാർലമെന്റിൽ ആവശ്യപ്പെട്ട് കോൺഗ്രസിനെ കുത്തിനോവിക്കാൻ ബി.ജെ.പി. മിനക്കെട്ടില്ല. മോഡിയെ കുറ്റവിമുക്തനാക്കിയതിനെക്കുറിച്ച് കോൺഗ്രസ് ഒരക്ഷരം ഉരിയാടിയതുമില്ല.

**മോഡി വികസനത്തിന്റെ പേരിൽ ഊറ്റം കൊള്ളുമ്പോൾ ഗുജറാത്ത് കൂപ്പുകുത്തുന്നു.**

ബിജെപിയുടെയും ആർഎസ്എസിന്റെയും പൂർണ്ണ പിന്തുണയോടെ, മുതലാളി വർഗ്ഗത്തിന്റെ ആശീർവാദത്തോടെ, കോൺഗ്രസ്സിന്റെപോലും പരോക്ഷമായ ഒത്താശയോടെ കുറ്റകൃത്യങ്ങളുടെ ഉത്തരവാദിത്തത്തിൽനിന്നൊഴിയാൻ കൊണ്ടുപിടിച്ചു ശ്രമിച്ചിട്ടും 2002-ലെ വംശഹത്യയുടെ പേരിലുള്ള കുറ്റാരോപണത്തിൽനിന്ന് രാജ്യത്തിനകത്തും പുറത്തും തലയൂരാൻ മോഡിക്കായില്ല. ചില രാജ്യങ്ങൾ മോഡിക്ക് വിസ നൽകാൻപോലും തയ്യാറായില്ല. ഈ സാഹചര്യത്തിൽ വർഗ്ഗീയ അജണ്ട പിൻവലിക്കാതെതന്നെ വികസനത്തിന്റെ പെരുമ്പറ മുഴക്കിയിറങ്ങാൻ മോഡി തീരുമാനിക്കുകയായിരുന്നു. മോഡിയുടെ 'ഉശിരൻ ആഗോളീകരണ' ഗുജറാത്ത്, ആധുനിക നഗരങ്ങളാലും ബിസിനസ്സ് കേന്ദ്രങ്ങളാലും അഭിവൃദ്ധിപ്പെടുന്ന സമ്പന്നരാലും തിളങ്ങാൻ തുടങ്ങി. എന്നാൽ മാനവിക വികസനത്തിന്റെ കാര്യത്തിൽ പതിനൊന്നാം സ്ഥാനമേ ഗുജറാത്തിനുള്ളൂ(2011). പത്തുവർഷത്തിനുള്ളിൽ അവിടെ 37248 പേർ ജീവനൊടുക്കി. അഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികളിൽ 45%ത്തിനും പോഷകാഹാരക്കുറവുണ്ട്. പെൺകുഞ്ഞുങ്ങളുടെയും അമ്മമാരുടെയും മരണനിരക്ക് മറ്റു പല സംസ്ഥാനങ്ങളെക്കാളും ഉയർന്നതാണ്. ഇത് ദേശീയ ശരാശരിയെക്കാളും ഉയർന്നതാണ്. പത്തൊമ്പത് ജില്ലകളിൽ പതിനാലിലും ജലക്ഷാമം രൂക്ഷമാണ്. 2012ൽ ഏഴുലക്ഷത്തിലേറെ ജലജന്യരോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. വൻനഗരങ്ങളിൽ സമ്പന്നരുടെ ചികിത്സയ്ക്കായി ആധുനിക സൗകര്യങ്ങളോടുകൂടിയ ആശുപത്രികൾ ധാരാളമുള്ളപ്പോൾ, ഗ്രാമങ്ങളിലും നഗരങ്ങളിലുമുള്ള പാവപ്പെട്ടവരുടെ ആരോഗ്യപരിപാലനത്തിന് യാതൊരു സംവിധാനങ്ങളുമില്ല. പാഠപുസ്തകങ്ങളുടെ വില, വിദ്യാഭ്യാസ ചിലവ് എന്നിവയൊക്കെ വളരെ കൂടുതലാണ്. കുട്ടികളുടെ കൊഴിഞ്ഞുപോക്കും സ്കൂളുകളുടെ എണ്ണം കുറയുന്നതും വ്യാപകമാണ്. കുറ്റകൃത്യങ്ങളുടെ തോത് ഉയർന്നുകൊണ്ടിരിക്കുന്നു. പോലീസ് ഉദ്യോഗസ്ഥ സംവിധാനമാകെ വർഗ്ഗീയവൽകൃതമാണ്. ഇവിടെ അഴിമതിയും ജാത്യാഭിമുഖ്യവും നിറഞ്ഞുനിൽക്കുന്നു. മനുഷ്യാവകാശലംഘനങ്ങൾ, കസ്റ്റഡി മരണങ്ങൾ, സാമൂഹ്യപ്രവർത്തകർക്കുനേരെയുള്ള അടിച്ചമർത്തൽ, പീഢനം, സാധാരണജനങ്ങൾക്കുമേലുള്ള പോലീസ് അതിക്രമങ്ങൾ, വ്യാജഏറ്റുമുട്ടലുകൾ തുടങ്ങിയവയൊക്കെ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. തുണിനെയ്ത്തുകേന്ദ്രങ്ങൾ, വജ്രം, തുറുഖങ്ങൾ, ഉപ്പളങ്ങൾ, സമുദ്രോത്പ്പന്ന പാക്കിംഗ് വ്യവസായ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള അസംഘടിത മേഖലയിൽ ലക്ഷക്കണക്കിന് തൊഴിലാളികൾ മനുഷ്യോചിതമല്ലാത്ത സാഹചര്യങ്ങളിൽ പണിയെടുക്കാൻ നർബന്ധിതരായിരിക്കുന്നു. മിനിമംകൂലിയോ, ഐഡന്റിറ്റി കാർഡോ, ആരോഗ്യകരമായ തൊഴിൽ സാഹചര്യങ്ങളോ നിലവിലില്ല. ഇങ്ങനെ നിർദ്ദയമായ മുതലാളിത്ത ചൂഷണത്തിലൂടെ നേടുന്ന കൃത്രിമമായ വികസനം വലിയ അസംതൃപ്തിക്ക് കാരണമാകുന്നു. കടുത്ത വർഗ്ഗീയ പ്രചാരണത്തിലൂടെ ജനങ്ങളുടെ ഈ അസംതൃപ്തിയെ തെറ്റായ വഴിയിലൂടെ തിരിച്ചുവിട്ട് അവരുടെ പ്രതിഷേധങ്ങളെ അടിച്ചമർത്തുകയാണ് മോഡി ചെയ്യുന്നത്.

കുത്തകകൾക്കും സമ്പന്നർക്കും വേണ്ടിയുള്ള ഈ വികസനം, തികച്ചും തൊഴിലാളി വിരുദ്ധവും സമരവിരുദ്ധവുമായ നിലപാട്, ആഴ്ന്നിറങ്ങുന്ന വർഗ്ഗീയതമൂലമുണ്ടാകുന്ന സാധാരണ ജനങ്ങളുടെ അനൈക്യം എന്നിവയൊക്കെ ചേർന്ന് സൃഷ്ടിക്കുന്ന സാഹചര്യം ലാഭാർത്തിപൂണ്ട സ്വദേശ വിദേശ കുത്തകകളെ സംബന്ധിച്ചിടത്തോളം ഏറെ മോഹിപ്പിക്കുന്നതാണ്. ഇന്ത്യയിലെയും പല വിദേശ രാജ്യങ്ങളിലെയും കുത്തകകളെ ആനയിച്ച് ഗുജറാത്തിൽ മോഡി സംഘടിപ്പിച്ച വ്യവസായ ഉച്ചകോടിയിൽവച്ച് അമേരിക്ക, ജപ്പാൻ, ബ്രിട്ടൻ, ചൈന തുടങ്ങിയ രാജ്യങ്ങളിലെയൊക്കെ കുത്തകകളുടെ പ്രതിനിധികൾ മോഡിയെ ഏറെ പ്രശംസിച്ചു. ദീർഘവീക്ഷണമുള്ളതും ഫലപ്രദവും ആവേശകരവുമാണ് മോഡിയുടെ നേതൃത്വം എന്ന് മുകേഷ് അംബാനി വിശേഷിപ്പിച്ചു. ഗാന്ധിക്കുശേഷം ഗുജറാത്തിനു ലഭിച്ച ഏറ്റവും നല്ല നേതാവാണ് മോഡി എന്നും മറ്റു സംസ്ഥാനങ്ങൾക്ക് ഇത് മാതൃകയാക്കാമെന്നുമാണ് അനിൽ അംബാനി പറഞ്ഞത്. രത്തൻ ടാറ്റ മാതൃകാപരമെന്ന വിശേഷണം ചാർത്തിയപ്പോൾ പ്രധാനമന്ത്രിയാകാൻ പോന്നയാൾ എന്ന വിശേഷണമാണ് മിത്തൽ നൽകിയത്. അങ്ങനെ പ്രധാനമന്ത്രി സ്ഥാനത്തേയ്ക്ക് ഒരാളെ അവതരിപ്പിച്ച് പ്രദർശിപ്പിക്കുകയായിരുന്നു കുത്തകകൾ ചെയ്തത്. മോഡിയുടെ മുന്നിലുണ്ടായിരുന്ന പ്രധാന തടസ്സം നീങ്ങിക്കിട്ടി. ആർഎസ്എസിന്റെ ആശീർവാദവും മുതലാളി വർഗ്ഗത്തിന്റെ പിന്തുണയും കോൺഗ്രസ്സിന്റെ രഹസ്യമായ ഒത്താശയുംകൊണ്ട് ഗുജറാത്ത് കൂട്ടക്കൊല ആസൂത്രണം ചെയ്തതിന്റെ ഉത്തരവാദിത്തത്തിൽനിന്ന് മോഡിക്ക് ഒഴിയാനായി. മുസ്ലീം വിരോധത്തിന്റെയും ഹിന്ദുത്വവാദത്തിന്റെയും മുദ്രാവാക്യവുമായി ഭൂരിപക്ഷ സമുദായ വോട്ടുബാങ്ക് ദൃഢീകരിച്ചെടുക്കാനുള്ള ശ്രമങ്ങളും ആരംഭിച്ചിട്ടുണ്ട്. ജനാധിപത്യത്തിന്റെ കാവൽക്കാരൻ എന്ന പങ്കാണ് മാധ്യമങ്ങൾ നിറവേറ്റുമെന്ന് പ്രതീക്ഷിക്കപ്പെടുന്നത്. എന്നാൽ, എളുപ്പം വിറ്റഴിക്കാവുന്ന ചരക്ക് എന്ന നിലയിൽ, മാധ്യമങ്ങൾ മോഡി പ്രധാന മന്ത്രിയാകുന്നതിന്റെ ഗുണദോഷവിചിന്തനം ആരംഭിച്ചുവെന്ന് മാത്രമല്ല, ഒരു കൊടുംകുറ്റവാളിയെ, ഒട്ടും പശ്ചാത്തപിക്കാത്ത ഒരു കടുത്ത വർഗ്ഗീയവാദിയെ ഒരു വംശഹത്യയുടെ ഉത്തരവാദിത്തത്തിൽനിന്ന് ഒഴിവാക്കിയെടുക്കുക എന്ന വൃത്തികെട്ട രാഷ്ട്രീയകളിയിൽ പങ്കാളിയാവുകകൂടി ചെയ്തു. എല്ലാംകൂടി മോഡിക്ക് ശക്തമായ പിന്തുണയാണ് ലഭിച്ചത്. മൃദുവും മതേതരവുമായ ഒരു പാതയിൽക്കൂടിയാണ് മോഡി സഞ്ചരിക്കുന്നതെന്ന് പറഞ്ഞിരുന്നവരുടെ അവകാശവാദങ്ങളെ പൊളിച്ചുകൊണ്ട്, തന്റെ മൂടുപടമെല്ലാം അഴിച്ചുമാറ്റി, തികഞ്ഞ ഒരു അധികാരദാഹിയായി മോഡി രംഗപ്രവേശം ചെയ്തു.ആർഎസ്എസിന്റെയും സംഘപരിവാറിന്റെയും പ്രിയപുത്രനായി, മുതലാളിവർഗ്ഗത്തിന്റെ പ്രിയങ്കരനായി മാറിയ മോഡി, ഈ ലേഖനത്തിന്റെ തുടക്കത്തിൽ സൂചിപ്പിച്ച അഭിമുഖത്തിൽ, പലപ്പോഴായി പറഞ്ഞിട്ടുള്ള തന്റെ കാഴ്ചപ്പാട്, പൂർണ്ണരൂപത്തിൽ അവതരിപ്പിക്കുകയുണ്ടായി.

**തനിനിറം പുറത്തുവരുന്നു**

2013 ജൂലൈ 12ന് റോയിട്ടേഴ്സിന് നൽകിയ അഭിമുഖത്തിൽ 2002ൽ ചെയ്തത് ശരിയായിരുന്നുവെന്ന് കരുതുന്നുണ്ടോ എന്ന ചോദ്യത്തിന് യാതൊരു അവ്യക്തതയുമില്ലാതെ നൽകിയ മറുപടി ഇപ്രകാരമായിരുന്നു. "തീർച്ചയായും". തികച്ചും ശരിയായ കാര്യമാണ് ചെയ്തതെങ്കിൽ, തെറ്റൊന്നും ചെയ്തിട്ടില്ലെങ്കിൽ, പിന്നെ കുറ്റബോധമെന്തിന്? എന്തൊരു ധിക്കാരം! മനുഷ്യ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ ക്രൂരതകൾക്കൊന്നിന് നേതൃത്വം കൊടുത്തിട്ട്, രാജ്യത്തും പുറത്തുമുള്ള നേരായി ചിന്തിക്കുന്നവർ ആ പ്രവൃത്തിയെയും അത് ചെയ്ത ആളെയും അപലപിച്ചിട്ട്, അത് തികച്ചും ശരിയാണ് എന്നു പറയുക മാത്രമല്ല, അതിന്റെ പേരിൽ രാജ്യത്തിന്റെ അധികാര കസേര ഉറപ്പാക്കാൻകൂടി ശ്രമിക്കുകയാണ് ഇപ്പോൾ മോഡി ചെയ്യുന്നത്. ധാർഷ്ട്യം നിറഞ്ഞ ഈ വാക്കുകൾ മാധ്യമങ്ങളിൽ പ്രചാരം നേടുമ്പോൾ അതിനെ വെല്ലുവിളിക്കാൻ, എന്തിന് ഒന്നു ചോദ്യം ചെയ്യാൻ പോലും ആരും തയ്യാറാകുന്നില്ല. മോഡിയാകട്ടെ, തന്റെ നിരപരാധി

*(ശേഷം പേജ് 8-ൽ)*

---

**വൻസാരയുടെ വെളിപ്പെടുത്തൽ**

## നരേന്ദ്രമോഡി രാജിവെയ്ക്കണം

*എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് 2013 സെപ്റ്റംബർ 13-ന് താഴെപ്പറയുന്ന പ്രസ്താവന പുറപ്പെടുവിച്ചു.*

വ്യാജ ഏറ്റുമുട്ടലിന്റെ ഒരു നീണ്ടനിരതന്നെ ആസൂത്രണം ചെയ്തതിന്റെ പേരിൽ കഴിഞ്ഞ ഏഴുവർഷമായി ജയിൽശിക്ഷ അനുഭവിച്ചുവരുന്ന ഐപിഎസ് ഓഫീസർ ഡി.ജി. വൻസാരയുടെ സ്തോഭജനകമായ വെളിപ്പെടുത്തലുകളടങ്ങുന്ന രാജിക്കത്തും ഐപിഎസ് ഉദ്യോഗസ്ഥരായ ആർ.ബി.ശ്രീകുമാർ, സഞ്ജീവ് ഭട്ട് എന്നിവർ പുറത്തുവിട്ട ഞെട്ടിപ്പിക്കുന്ന വസ്തുതകളും ന്യൂനപക്ഷങ്ങൾക്കെതിരെ 2002-ൽ ഗുജറാത്തിൽ അരങ്ങേറിയ വംശഹത്യയിലും നിരപരാധികളായ ന്യൂനപക്ഷ വിഭാഗങ്ങളെയും തന്റെ രാഷ്ട്രീയ എതിരാളികളെയും തെരഞ്ഞുപിടിച്ച് വകവരുത്തിയതിലും ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്രമോഡിയുടെ നേരിട്ടുള്ള പങ്ക് പുറത്തുകൊണ്ടുവന്നിരിക്കുകയാണ്.

യാതൊരു മനഃസാക്ഷിക്കുത്തുമില്ലാതെ നിരപരാധികളെ കൊന്നൊടുക്കുകയും ഇന്നും ആ കൂട്ടക്കൊലയെ ന്യായീകരിക്കുകയും ചെയ്യുന്ന കടുത്ത വർഗ്ഗീയവാദിയായ മോഡിയെപ്പോലൊരാളെ ആർഎസ്എസും ബിജെപിയും ഭരണവർഗ്ഗത്തിന്റെ ഒരു വിഭാഗവും ഇന്ത്യയുടെ ഭാവി പ്രധാനമന്ത്രിയായി ഉയർത്തിക്കാട്ടുവെന്നത് അങ്ങേയറ്റം നിന്ദ്യമായ നടപടിയാണ്. മനുഷ്യത്വത്തിനും മാനവികതയ്ക്കുമെതിരെ ഹീനമായ കുറ്റകൃത്യങ്ങൾക്ക് നേതൃത്വംകൊടുത്തുവെന്ന് പ്രഥമ ദൃഷ്ട്യാ തെളിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ധാർമ്മികമായി മോഡി അധികാരസ്ഥാനമൊഴിയണം. പരസ്യവിചാരണയ്ക്ക് തയ്യാറാകണം. ഹൃദയശൂന്യനായ ഒരു കൊലയാളിക്ക് ലഭിക്കേണ്ട അർഹമായ ശിക്ഷ ഏറ്റുവാങ്ങണം. ഈ ഡിമാന്റിനെ പിന്തുണച്ച് മുന്നോട്ടുവരണമെന്ന് രാജ്യത്തെ മുഴുവൻ ജനങ്ങളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഒരു കൊലയാളിയും കൊടുംകുറ്റവാളിയുമായ വ്യക്തിയെ രാജ്യത്തിന്റെ പ്രധാമന്ത്രിയായി അവരോധിക്കുവാനുള്ള ഭരണ മുതലാളിവർഗ്ഗത്തിന്റെ ഗൂഢാലോചനയ്ക്കെതിരെ ശക്തമായ പ്രസ്ഥാനം കെട്ടിപ്പടുക്കുവാനും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.



### സഖാവ് ശിബ്ദാസ്ഘോഷിന്റെ പാഠങ്ങളിൽ നിന്ന്

# ജനകീയ സമരങ്ങളെ ശരിയായി നയിക്കുന്നതെങ്ങനെ?

*(എസ്‌യുസിഐ(സി)യുടെ സ്ഥാപക ജനറൽസെക്രട്ടറിയും ഈ യുഗത്തിലെ സമുന്നത മാർക്സിസ്റ്റ് ദാർശനികനുമായ സഖാവ് ശിബ്ദാസ് ഘോഷിന്റെ, ഇംഗ്ലീഷിൽ പ്രസിദ്ധീകൃതമായിട്ടുള്ള തെരഞ്ഞെടുത്ത കൃതികളുടെ വ്യത്യസ്ത വാല്യങ്ങളിൽ നിന്നായി എടുത്തിട്ടുള്ള ചില ഭാഗങ്ങളാണിവിടെ പ്രസിദ്ധീകരിക്കുന്നത്. ജനകീയ പ്രക്ഷോഭങ്ങളെ അവയുടെ യുക്ത്യധിഷ്ഠിത പരിണതിയിലേയ്ക്ക് നയിക്കണമെങ്കിൽ അവയെ ശരിയായ വിപ്ലവ നേതൃത്വത്തിൻ കീഴിൽ ശരിയായ മാർഗ്ഗത്തിലൂടെ നയിക്കേണ്ടതിന്റെ അനിവാര്യത ചർച്ച ചെയ്യുന്ന ഭാഗങ്ങളാണിവ. ഇന്ന് നമ്മുടെ രാജ്യത്തെന്ന പോലെ ലോകത്തെവിടെയും നിലനിൽക്കുന്ന സാഹചര്യത്തിൽ ഈ പാഠങ്ങൾ അങ്ങേയറ്റം പ്രസക്തവും മാർഗ്ഗം ദീപ്തമാക്കുന്നവയുമാണ്.)*

ഈ രാജ്യത്തെ ജനങ്ങൾ പല വട്ടം പ്രക്ഷോഭങ്ങളിലേയ്ക്കെടുത്തുചാടിയിട്ടുണ്ടെന്ന് ചരിത്രമറിയുന്നവർക്ക് നന്നായറിയാം. സ്വാതന്ത്ര്യത്തിന് ശേഷം പോലും... ഇൻഡ്യയിലെമ്പാടും, എത്രയെത്ര ആത്മബലികൾ നടന്നു. എന്തുമാത്രം രക്തം ചിന്തപ്പെട്ടു. എത്രയോ വട്ടം തൊഴിലാളികളും കർഷകരും യുവാക്കളും വിദ്യാർത്ഥികളും ജീവൻ ബലിയർപ്പിച്ചു! വിപ്ലവത്തിന് വേണ്ടിയുള്ള തീവ്രാഭിലാഷത്തോടുകൂടി ഈ മണ്ണിലെ ജനങ്ങൾ എത്രയോ വട്ടം സമരരംഗത്തു വന്ന് ജീവൻ ബലിയർപ്പിച്ചു! എന്നാൽ, അതിന്റെ ഫലമെന്തായിരുന്നു? പ്രതിലോമത്വമാണ് കരുത്താർജ്ജിച്ചതെന്ന് ഇപ്പോൾ എല്ലാവരും പറയുന്നു. ജനാധിപത്യസമരങ്ങൾ അമർച്ച ചെയ്യപ്പെടുകയാണ്. അവയ്ക്കെതിരെ ഫാസിസ്റ്റ് കടന്നാക്രമണം അഴിച്ചുവിടപ്പെടുന്നു. എന്തുകൊണ്ട്, എങ്ങനെ, ഇത് സംഭവിച്ചു? ജനാധിപത്യപ്പോരാട്ടങ്ങൾ ഇതിനകംതന്നെ മുതലാളിത്തത്തിന് അന്ത്യം കുറിച്ച്, വിപ്ലവത്തിന്റെ വിജയപതാക പാറിക്കേണ്ടിയിരുന്നതാണ്. എന്തെന്നാൽ വിപ്ലവത്തിന് അവശ്യം വേണ്ട കാര്യം, ബഹുജനപിന്തുണ – അത് ജനങ്ങൾ നൽകിയിരുന്നു.

നേതാക്കളുടെ ആഹ്വാനമനുസരിച്ച് യുവാക്കൾ ആയിരങ്ങളായി മുന്നോട്ടുവരികയും, വിപ്ലവത്തിന് വേണ്ടിയുള്ള അഭിലാഷത്തോടെ സമരങ്ങളിലേയ്ക്കെടുത്തുചാടുകയും ചെയ്തു. അപ്പോൾ പിന്നെ പ്രതിലോമത്വത്തിന് കരുത്താർജ്ജിക്കാൻ കഴിഞ്ഞതെങ്ങനെ? വിപ്ലവ പ്രസ്ഥാനമാണ് ശക്തിനേടേണ്ടിയിരുന്നത്. ... പകരം എന്തുകൊണ്ടിത് സംഭവിച്ചു? *(വാല്യം III പേജ് 343)*

എന്തെന്നാൽ,....ജനങ്ങളിൽ അസന്തുഷ്ടി വളർന്നുവരുമ്പോൾ, ആത്യന്തികമായി ഏതെങ്കിലും പ്രശ്നത്തിൽ അത് ഒരു പൊട്ടിത്തെറിയിലേയ്ക്ക് നയിക്കുന്നു. നേതൃത്വം ഉണ്ടെങ്കിലും ഇല്ലെങ്കിലും ശരി.... ഇങ്ങനെ സ്വമേധയാ ഉണ്ടാകുന്ന പൊട്ടിത്തെറികൾ കുറച്ചുകാലം കഴിഞ്ഞ് കെട്ടടങ്ങുകയും ചെയ്യുന്നു.... തുടർന്ന് വീണ്ടും നിരാശയുടേതായ ഒരു ഘട്ടമുണ്ടാകുന്നു.... വീണ്ടും അതുപോലെ സ്വമേധയായുള്ള ഒരു പൊട്ടിത്തെറിയുണ്ടാകുന്നതുവരെ ജനങ്ങൾ മർദ്ദനത്തിനടിപ്പെട്ട് ഞരങ്ങുന്നു. സ്വാതന്ത്ര്യാനന്തരം നമ്മുടെ രാജ്യത്ത് നടന്നിട്ടുള്ള സമരങ്ങളിൽ ചുരുക്കം ചില തൊഴിച്ച് മറ്റെല്ലാം ഈ സ്വഭാവത്തിലുള്ളവയായിരുന്നു. *(വാല്യം III പേജ് 168–71)*

ഇങ്ങനെ സമരത്തിന്റെ ശക്തി ചോർന്നുകൊണ്ടിരിക്കുന്ന സമയത്ത് ഈ പാർട്ടികളുടെ നേതാക്കൾ പറയുന്നു: ഇനി ഈ സമരത്തിൽ നമുക്ക് ചെയ്യാവുന്ന യാതൊന്നും അവശേഷിക്കുന്നില്ല, ഇനി ഒന്നും ചെയ്യാനാവുകയില്ല, ഇനി യാതൊന്നും ലഭിക്കാനില്ല..... ഈ നേതാക്കൾ അതിൽ നിന്ന് മുതലെടുപ്പ് നടത്തുകയും തെരഞ്ഞെടുപ്പ് നേട്ടമുണ്ടാക്കുകയും ചെയ്യുന്നു. സമരത്തിൽ എന്തുമാത്രം ജനപങ്കാളിത്തമുണ്ടായിരുന്നു, എത്ര പേർ കൊല്ലപ്പെട്ടു, എത്ര തീവ്രമായിരുന്നു സമരം എന്നൊക്കെ വിവരിച്ച് അവർ ജനങ്ങളെ പ്രക്ഷോഭത്തിലേയ്ക്ക് ഇളക്കിവിടുന്നു. അവരെ സംബന്ധിച്ചിടത്തോളം അതത്രയും മതി. പ്രസക്തമായ മറ്റൊരു പ്രശ്നവുമില്ല. സമരത്തിലൂടെ അത്രയുമൊക്കെയേ ലക്ഷ്യം വയ്ക്കേണ്ടതുള്ളൂ. അത്തരം സമരങ്ങൾ വീണ്ടും വീണ്ടും ഉണ്ടായിക്കൊണ്ടിരിക്കും. അവർ അതിൽ നിന്ന് തെരഞ്ഞെടുപ്പ് നേട്ടമുണ്ടാക്കിക്കൊണ്ടുമിരിക്കും! *(വാല്യം IV പേജ് 66–67).* ജനങ്ങൾ പ്രക്ഷോഭത്തിലേയ്ക്കെടുത്തുചാടിയത് വിപ്ലവപ്രബുദ്ധതയുടെ അടിസ്ഥാനത്തിലായിരുന്നില്ല. വിപ്ലവപ്പാർട്ടി കെട്ടിപ്പടുത്തുകൊണ്ട് വിപ്ലവം യാഥാർത്ഥ്യമാക്കിത്തീർക്കാനാവശ്യമായ ദൈനംദിനപ്പോരാട്ടങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ വേണ്ട പ്രബുദ്ധതയും ക്ഷമയും മാനസികമായ കരുത്തും അർപ്പണമനോഭാവവും മനോഘടനയും അവർക്കില്ലായിരുന്നു. എങ്കിലും, പോരാട്ടത്തിൽ മുഴുകുവാനായി അവർ ആയിരങ്ങളായി മുന്നോട്ടുവന്നു. ഏതെങ്കിലും പ്രത്യേക പ്രശ്നത്തെ അധികരിച്ച് വളർന്നുവരുന്ന സമരാന്തരീക്ഷം ജനങ്ങളെ പോരാട്ടത്തിലേയ്ക്കാകർഷിച്ചു. പക്ഷെ, ആയിരക്കണക്കിന് ജനങ്ങളെ പങ്കാളികളാക്കുന്ന ഇത്തരം സമരങ്ങൾ അങ്ങനെ എപ്പോഴും വളർന്നുവരുന്നവയല്ല. *(വാല്യം കകക പേജ് 168)* ജനരോഷത്തിന്റെ പൊട്ടിത്തെറി, അതെത്ര ശക്തമായിരുന്നാലും ശരി, വിപ്ലവമല്ല. പ്രക്ഷോഭണം സ്വമേധയാ വിപ്ലവം കൊണ്ടുവരുന്നില്ല. വിപ്ലവത്തിനർത്ഥം നിലവിലുള്ള ഭരണകൂട സംവിധാനത്തിൽ സമൂലമായ മാറ്റം എന്നാണ്. നിലനിൽക്കുന്ന ഭരണകൂടത്തെ തൂത്തെറിഞ്ഞ് പകരം പുതിയൊരു ഭരണകൂടം സ്ഥാപിക്കുക എന്നർത്ഥം. നിലനിൽക്കുന്നത് മുതലാളിത്ത ഭരണകൂടമാകുമ്പോൾ, ആ ഭരണകൂടത്തെ തകർത്തെറിഞ്ഞ് പകരം സോഷ്യലിസ്റ്റ് ഭരണകൂടം സ്ഥാപിക്കുക എന്നാണതിനർത്ഥം. നിലനിൽക്കുന്ന മുതലാളിത്തപരമായ സാമ്പത്തിക സാമൂഹ്യ രാഷ്ട്രീയ സംവിധാനമപ്പാടെ മാറ്റി പകരം സോഷ്യലിസ്റ്റ് സംവിധാനം സ്ഥാപിക്കണം. അതിനെയാണ് നാം വിപ്ലവമെന്ന് വിളിക്കുന്നത്. ജനങ്ങളുടെ കുമിഞ്ഞുകൂടിയ രോഷം ഒരു പൊട്ടിത്തെറിയിലൂടെ പ്രകടമാകുന്നതിലൂടെ മാത്രം ഇത്തരമൊരു പരിവർത്തനം സാദ്ധ്യമാവുകയില്ല. അങ്ങനെ സംഭവിക്കുമെന്ന് കരുതുന്നത് ചരിത്രത്തിനോ ശാസ്ത്രത്തിനോ നിരക്കുന്നതല്ല. പ്രക്ഷോഭവും വിപ്ലവവും ഒന്നുതന്നെ എന്ന വിധത്തിൽ അവതരിപ്പിക്കുന്നവർ ഒന്നുകിൽ അറിവില്ലാത്തവരാണ്, അല്ലെങ്കിൽ തിരഞ്ഞെടുപ്പ് നേട്ടങ്ങൾ മാത്രം ലാക്കാക്കി നീങ്ങുന്ന കൗശലക്കാരായ രാഷ്ട്രീയക്കാരാണ്. അവർ ജനങ്ങളുടെ അസന്തുഷ്ടിയിൽ നിന്നുണ്ടാകുന്ന പ്രക്ഷോഭങ്ങളെയും സാമ്പത്തികതാല്പര്യങ്ങളിൽ നിന്നുണ്ടാകുന്ന സമരങ്ങളെയും വീറുറ്റതെന്ന് തോന്നിക്കുംവിധം നടത്തുകയും, ഈ സമരങ്ങൾ തന്നെയാണ് വിപ്ലവം എന്ന പ്രതീതി സൃഷ്ടിക്കുകയും ചെയ്യുന്നു. അതിലൂടെ അവർ യഥാർത്ഥ വിപ്ലവ പ്രസ്ഥാനത്തിന് വേണ്ടിയുള്ള തയ്യാറെടുപ്പുകളെ വഴിതെറ്റിക്കുകയും വിപ്ലവത്തിന്റെ ഗതിയെത്തന്നെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. അവർ വിപ്ലവത്തിന്റെ മാർഗ്ഗത്തിൽ വിഘാതങ്ങൾ സൃഷ്ടിക്കുന്നു. അതിനാൽ, പ്രക്ഷോഭണവും വിപ്ലവവും ഒന്നുതന്നെയല്ലെന്നോർക്കുക. ഇന്നല്ലെങ്കിലും, ഇതേ ജനങ്ങൾ തന്നെ... വീണ്ടും മുൻകാലങ്ങളിലെപ്പോലെ പ്രക്ഷോഭസമരത്തിലേയ്ക്കെടുത്തു ചാടും. ജനരോഷം വീണ്ടും ശക്തമായ പ്രക്ഷോഭണത്തിലൂടെ പൊട്ടിത്തെറിക്കും. പക്ഷെ, അതിനെത്തുടർന്നുള്ള മർദ്ദനം അനുഭവിക്കുകയും ഗവണ്മെന്റിനെതിരെ തിരിയുകയുമൊക്കെ ചെയ്യുമെങ്കിൽപ്പോലും ജനങ്ങൾ വീണ്ടും തിരഞ്ഞെടുപ്പ് രാഷ്ട്രീയക്കളരിയിലേയ്ക്ക് ആനയിക്കപ്പെടും. മുതലാളിത്തവും ചൂഷണവും തൊഴിലില്ലായ്മപ്രശ്നവും വിദ്യാഭ്യാസ നിലവാരം അധഃപതിക്കുന്നതിന്റെ പ്രശ്നവും ധാർമ്മിക നൈതിക നിലവാരം ദിനംപ്രതിയെന്നോണം ക്ഷയിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയും – ഈ പ്രശ്നങ്ങളെല്ലാം തുടർന്നും അതേ പടി നിലനിൽക്കും. ഈ പ്രശ്നങ്ങളെ സ്പർശിക്കാൻ പോലും നിങ്ങൾക്ക് സാധിക്കില്ല. പരാതിയിൽ നിന്നുളവാകുന്ന പ്രക്ഷോഭസമരങ്ങളും ആത്മത്യാഗവും രക്തസാക്ഷിത്വവും കൊണ്ട് മാത്രം വിപ്ലവം സംഘടിപ്പിക്കാൻ കഴിയില്ല. അതിന് വേണ്ടി എത്ര വലിയ ത്യാഗങ്ങൾ അനുഷ്ഠിച്ചാലും ശരി തന്നെ. വിപ്ലവം നടത്തണമെങ്കിൽ, നിങ്ങൾ വ്യക്തവും സുനിശ്ചിതവുമായ ഒരു രാഷ്ട്രീയ ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ സംഘടിതരായിത്തീരേണ്ടതുണ്ട്. അതായത്, രാഷ്ട്രീയപ്രബുദ്ധതയുള്ള, സംഘടിതരായ ജനങ്ങളുടെ നീണ്ടുനിൽക്കുന്ന പോരാട്ടം നടത്താൻ കഴിവുള്ള ഒരു സംഘടന കെട്ടിപ്പടുക്കേണ്ടത് അനിവാര്യമാണ്. *( വാല്യം IV പേജ് 552).*

വിപ്ലവരാഷ്ട്രീയ സിദ്ധാന്തത്തിലുള്ള ബോദ്ധ്യമോ വിപ്ലവസിദ്ധാന്തമോ ഇല്ലാത്തതും, കാലാകാലങ്ങളിൽ സ്വമേധയാ പൊട്ടിപ്പുറപ്പെടുന്നതുമായ ഇത്തരം ജനകീയ പ്രക്ഷോഭങ്ങളിൽനിന്ന് നീണ്ടുനിൽക്കുന്ന ജനകീയപ്പോരാട്ടം വളർന്നുവരികയില്ല. ജനങ്ങളുടെ അസന്തുഷ്ടിയെ അടിസ്ഥാനമാക്കി സ്വമേധയാ പൊട്ടിപ്പുറപ്പെടുന്ന ജനകീയ പ്രക്ഷോഭങ്ങളെ ശരിയായി നയിച്ചുകൊണ്ട് ജനങ്ങൾക്ക് വിപ്ലവപ്രബുദ്ധത പ്രദാനം ചെയ്യാനും, ക്രമേണ ജനങ്ങളുടെ സ്വന്തം സമരോപകരണങ്ങൾക്ക് ജന്മം നൽകാനും നമുക്ക് കഴിയുകയാണെങ്കിൽ മാത്രമേ അത് സാദ്ധ്യമാവുകയുള്ളൂ....അത്തരം പ്രത്യയശാസ്ത്ര സമരമില്ലാതെ ജനങ്ങളുടെ രാഷ്ട്രീയപ്രബുദ്ധതയ്ക്ക് മൂർച്ച കൂട്ടാൻ കഴിയില്ല. *(വാല്യം III, പേജ് 168–71).* ഇവിടെ *പ്രത്യയശാസ്ത്രം* എന്ന പദത്തിന് വിശാലമായ വിവക്ഷയാണുള്ളത്. ധാർമ്മികതയും തത്ത്വങ്ങളും, നൈതികതയും സംസ്കാരവും – ഇങ്ങനെ സമരത്തെ സംബന്ധിച്ച ഇത്തരം പ്രശ്നങ്ങളെല്ലാം പ്രത്യയശാസ്ത്രം എന്ന പദത്തിന്റെ വിവക്ഷയിൽപ്പെടും. നമ്മുടെ രാജ്യത്തെ സമരങ്ങളിൽ ഒരു പ്രവണത കാണപ്പെടുന്നുണ്ട്. അതായത്, നാം പോരാടുകയും മുദ്രാവാക്യങ്ങൾ മുഴക്കുകയും ചെയ്യും, പക്ഷെ, നമ്മുടെ സംഭാഷണങ്ങളിൽ ആത്മനിയന്ത്രണം പാലിക്കേണ്ടതിന്റെ ആവശ്യകത നമുക്ക് അനുഭവപ്പെടുന്നില്ല, നീതിബോധമോ സംസ്കാരമോ പുലർത്തേണ്ടതിന്റെ ആവശ്യകത അനുഭവപ്പെടുന്നില്ല, മറ്റുള്ളവരുമായുള്ള പെരുമാറ്റത്തിൽ വിനയമോ സമചിത്തതയോ അന്തസ്സോ പാലിക്കേണ്ടത് ആവശ്യമായേ കരുതുന്നില്ല – ഇത് അളവറ്റ ഹാനി വരുത്തിത്തീർത്തുകൊണ്ടിരിക്കുകയാണ്...*(വാല്യം III പേജ് 450)*

പ്രത്യയശാസ്ത്ര സമരം ഒഴിവാക്കിക്കൊണ്ട് യാതൊന്നും നേടാൻ സാദ്ധ്യമല്ല. നിങ്ങൾക്ക് സാദ്ധ്യമായതെന്തോ അത് ചെയ്യുക, ഞങ്ങൾ നിങ്ങളോടൊപ്പമുണ്ട് – ഇങ്ങനെയൊരു സമീപനമാണ് ജനങ്ങൾക്കുള്ളതെങ്കിൽ ഈ രാജ്യത്തിന്റെ ഭാവി ഇരുളടഞ്ഞതാണ്. ഈ സമീപനത്തിന്റെ അനിവാര്യഭവിഷ്യത്താണ് രാജ്യത്ത് നിങ്ങൾ ഇടയ്ക്കിടെ കാണുന്ന തരത്തിലുള്ള സമരങ്ങൾ...ഈ രാജ്യത്തെ തൊഴിലാളികൾ പണിമുടക്കുകയും ജീവൻ തന്നെ ബലിയർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എത്രയോ പേർ കഴുമരത്തിലേറിയിട്ടുണ്ട്. പോലീസിനെതിരെ എത്രയോ ബാരിക്കേഡ് യുദ്ധങ്ങൾ നടന്നിട്ടുണ്ട്. ...ജനാധിപത്യ പ്രക്ഷോഭങ്ങളുടെ വേലിയേറ്റം തന്നെയുണ്ടായി. എത്രയോ വട്ടം ജനങ്ങൾ പോലീസിന്റെയും പട്ടാളത്തിന്റെയുമൊക്കെ മൃഗീയമായ അടിച്ചമർത്തലുകളെ നേരിട്ടിട്ടുണ്ട്. എന്നിട്ട്, ഇതിന്റെയെല്ലാം ആത്യന്തികഫലമെന്തായി? ജനങ്ങളുടെ സ്ഥിതി അനുദിനം വഷളായി വന്നു. ഒരിഞ്ചുപോലും മുന്നേറാൻ നമുക്ക് കഴിഞ്ഞില്ല. ഇവിടെ യാതൊന്നും നടക്കുന്നില്ല എന്ന് പറഞ്ഞ് ഇപ്പോൾ ചിലയാളുകൾ നിരാശരായിരിക്കുന്നു. ഇവിടെ ഈ പോരാട്ടങ്ങളൊക്കെയുണ്ടായിട്ടുണ്ട്, തോക്കും ടാങ്കുമൊക്കെയായി പട്ടാളമിറങ്ങുന്ന സാഹചര്യമുണ്ടായിട്ടുണ്ട്, ജനങ്ങൾ പോലീസുമായി തെരുവുയുദ്ധങ്ങളിലേർപ്പെട്ടിട്ടുണ്ട്. ... എന്നിട്ടും ഇവിടെ യാതൊന്നും നേരാംവണ്ണം നടക്കുന്നില്ല, ഒരു സമരവും ഉണ്ടായിവരുന്നില്ല എന്ന ഈ നിരാശ വീണ്ടുമുണ്ടാകുന്നതെന്തുകൊണ്ട്? എന്തെന്നാൽ, ഈ സമരങ്ങൾക്കെല്ലാം ഒരേ സ്വഭാവവിശേഷമാണുണ്ടായിരുന്നത് – അവയെല്ലാം സ്വമേധയാ ഉണ്ടായതും അസംഘടിതവുമായിരുന്നു. *(വാല്യം III പേജ് 173–74)*

ഇതിന് വേണ്ടിയാണോ നേതൃത്വം നിലകൊള്ളേണ്ടത്? പക്ഷെ, ഈ രാജ്യത്ത് വീണ്ടും വീണ്ടും സംഭവിച്ചുകൊണ്ടിരിക്കുന്നതിതാണ്. ജനങ്ങളുടെ നിലവാരമില്ലായ്മയെ മുതലെടുത്ത് കൈയടി നേടാൻ ശ്രമിക്കുന്ന നേതൃത്വം എന്ന് മാത്രമേ ഇത്തരം നേതൃത്വത്തെ വിളിക്കാനാവൂ. അവരുടെ ലക്ഷ്യം ജനങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുകയെന്നതല്ല, മറിച്ച് വിലകുറഞ്ഞ ജനസമ്മതി നേടിയെടുക്കുകയെന്നതാണ്. ജനങ്ങളെ സംഘടനയെപ്പറ്റി പഠിപ്പിച്ച് അവരിൽ പ്രത്യയശാസ്ത്രപ്രബുദ്ധത സൃഷ്ടിക്കേണ്ട സമയത്ത്, എങ്ങനെ പൊരുതണമെന്നും എങ്ങനെ മുന്നേറണമെന്നും പിൻവാങ്ങേണ്ടിവരുമ്പോൾ എങ്ങനെ പിൻവാങ്ങണമെന്നുമൊക്കെയുള്ള സമരതന്ത്രങ്ങൾ അവരെ പഠിപ്പിക്കേണ്ട സമയത്ത്, വാചാടോപം കൊണ്ട് ജനങ്ങളെ ഇളക്കിവിട്ട് അവരുടെ വിലകുറഞ്ഞ കൈയടി നേടിയിട്ട് ഈ നേതാക്കൾ സമരത്തിൽ നിന്ന് പിൻവാങ്ങുന്നു.... ഇതാണ് നമ്മുടെ നേതാക്കന്മാരുടെ സ്വഭാവം.... നേതാക്കൾക്ക് എല്ലാത്തരം ഭാഗ്യാന്വേഷണങ്ങളിൽ നിന്നും അവസരവാദപരമായ എല്ലാ പ്രവണതകളിൽ നിന്നും സ്വയം മോചിതരാകാൻ കഴിയുന്നില്ലെങ്കിൽ, ജനങ്ങളിൽ വിപ്ലവ സ്വഭാവവും അച്ചടക്കബോധവും രാഷ്ട്രീയപ്രബുദ്ധതയും കൃത്യമായി വളർത്തിയെടുക്കാൻ സാധിക്കുകയില്ല. അതിനാൽ പല നേതാക്കളുടെയും സ്വഭാവത്തിൽ വ്യക്തമായും വർദ്ധിച്ചുവരുന്ന അളവിലും പ്രകടമായിക്കൊണ്ടിരിക്കുന്ന അവസരവാദത്തിന്റെയും ഭാഗ്യാന്വേഷണത്തിന്റെയും പ്രവണതയെ നിശിതമായി വിമർശിക്കേണ്ടത് സമരനേതൃത്വത്തെ ശക്തിപ്പെടുത്താൻ ആവശ്യമാണ് – ഞാൻ അങ്ങനെ വിശ്വസിക്കുന്നു.

നമ്മുടെ രാജ്യത്ത് ഇക്കാലമത്രയും സമരങ്ങൾക്ക് നേതൃത്വം നൽകിവന്ന പാർട്ടികൾ അടിസ്ഥാനപരമായി തെരഞ്ഞെടുപ്പിനെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന

*(ശേഷം പേജ് 4-ൽ)*

# സഖാവ് ശിബ്ദാസ്ഘോഷിന്റെ പാഠങ്ങളിൽ നിന്ന്..

**വിപ്ലവരാഷ്ട്രീയ സിദ്ധാന്തത്തിലുള്ള ബോദ്ധ്യമോ വിപ്ലവസിദ്ധാന്തമോ ഇല്ലാത്തതും, കാലാകാലങ്ങളിൽ സ്വമേധയാ പൊട്ടിപ്പുറപ്പെടുന്നതുമായ ജനകീയ പ്രക്ഷോഭങ്ങളിൽനിന്ന് നീണ്ടുനിൽക്കുന്ന ജനകീയപ്പോരാട്ടം വളർന്നുവരികയില്ല. ജനങ്ങളുടെ അസന്തുഷ്ടിയെ അടിസ്ഥാനമാക്കി സ്വമേധയാ പൊട്ടിപ്പുറപ്പെടുന്ന ജനകീയ പ്രക്ഷോഭങ്ങളെ ശരിയായി നയിച്ചുകൊണ്ട് ജനങ്ങൾക്ക് വിപ്ലവപ്രബുദ്ധത പ്രദാനം ചെയ്യാനും, ക്രമേണ ജനങ്ങളുടെ സ്വന്തം സമരോപകരണങ്ങൾക്ക് ജന്മം നൽകാനും നമുക്ക് കഴിയുകയാണെങ്കിൽ മാത്രമേ അത് സാദ്ധ്യമാവുകയുള്ളു....അത്തരം പ്രത്യയശാസ്ത്ര സമരമില്ലാതെ ജനങ്ങളുടെ രാഷ്ട്രീയപ്രബുദ്ധതയ്ക്ക് മൂർച്ച കൂട്ടാൻ കഴിയില്ല.**

*(3-ാംപേജിൽ നിന്ന്)*

പാർട്ടികളാണ്. ഇടതുകമ്മ്യൂണിസ്റ്റിന്റെയോ വലതുകമ്മ്യൂണിസ്റ്റിന്റെയോ കൊടി പിടിക്കുന്ന, കമ്മ്യൂണിസ്റ്റ് ചമയുന്ന, കപട മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പാർട്ടികളായാലും, ഒന്നല്ലെങ്കിൽ മറ്റൊരു ഇസത്തിന്റെ വക്താക്കളായി നിലകൊള്ളുന്ന പാർട്ടികളായാലും അവയുടെയെല്ലാം അടിസ്ഥാനം ഒന്നുതന്നെയാണ് – ഈ പാർട്ടികളെല്ലാം തെരഞ്ഞെടുപ്പിനെ മാത്രം അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന പാർട്ടികളാണ്.*(വാല്യം IV പേജ് 66-67)*

മൃഗീയമായ അടിച്ചമർത്തലിനെ നേരിടേണ്ടിവരുന്നതും പോലീസ് വെടിവെപ്പിൽ ജീവൻ വെടിയുന്നതുമൊക്കെ ജനങ്ങളാണ്. പാർട്ടികൾ അതിനെതിരെ പ്രചാരണം നടത്തുകയും തെരഞ്ഞെടുപ്പ് നേട്ടമുണ്ടാക്കുകയും ചെയ്യുന്നു. അവർ തെരഞ്ഞെടുപ്പിൽ വിജയിക്കുന്നു, വിജയമാല്യം ചൂടുന്നു, മന്ത്രിമാരാകുന്നു, ഉയർന്ന സ്ഥാനമാനങ്ങൾ നേടുന്നു. സമരങ്ങളോട് മിക്ക പാർട്ടികളും പുലർത്തുന്ന സമീപനമിതാണ്. *(വാല്യം III പേജ് 168-70)*

ഒരു യഥാർത്ഥ വിപ്ലവപ്പാർട്ടി താല്പര്യപ്പെടുന്നത് ഇത്തരം പ്രക്ഷോഭസമരങ്ങളിലൂടെ ജനങ്ങളുടെ രാഷ്ട്രീയപ്രബുദ്ധത അല്പമെങ്കിലും വളരുകയും, ഒരളവുവരെയെങ്കിലും ജനങ്ങളുടെ രാഷ്ട്രീയ നേതൃത്വം വികസിച്ചുവരുകയും, ജനങ്ങളുടെ രാഷ്ട്രീയപ്രബുദ്ധമായ സമരോപകരണങ്ങളെന്ന നിലയിൽ ജനകീയകമ്മിറ്റികൾ വളർന്നുവരികയും ചെയ്യണമെന്നാണ്. അത്തരം ജനകീയസമിതികൾ സ്ഥിരം സമിതികളായിരിക്കുകയില്ല. ഓരോ സമരത്തിലും അവ ഉണ്ടായിവരും; ഒട്ടൊരു ബോധനിലവാരം പുലർത്തി നിലനിൽക്കുകയും സമരം അവസാനിക്കുന്നതോടെ ഇല്ലാതാകുകയും ചെയ്യും. ഇങ്ങനെ ഓരോ സമരത്തിലും ജനകീയസമിതികൾ ഒട്ടൊരു വിപ്ലവപ്രബുദ്ധതയോടെ വളർന്നുവരികയാണെങ്കിൽ, ജനങ്ങൾ സ്വയം സമരങ്ങളെ നയിക്കാനും വിപ്ലവനേതൃത്വം സൃഷ്ടിച്ചെടുക്കാനും പഠിക്കും. ജനങ്ങൾ ധിഷണാപരമായി പിന്നിലായിരുന്നാൽപ്പോലും സമരത്തിന്റെ മദ്ധ്യത്തിലായിരിക്കുമ്പോൾ അവർക്ക് ഒന്നാന്തരം സമരവീര്യവും സമരത്തെ സംബന്ധിച്ച വ്യക്തമായ കാഴ്ചപ്പാടും ഉണ്ടായിരിക്കും. നേതാക്കളെ എളുപ്പം ബാധിക്കുകയും പാർട്ടികളിൽ കടന്നുകയറുകയും ചെയ്യുന്ന തരത്തിലുള്ള ദുഷ്പ്രവണതകൾക്ക് ജനങ്ങൾ എളുപ്പം ഇരകളായിത്തീരുന്നില്ല. ഈയൊരു സമരവീര്യത്തോടൊപ്പം രാഷ്ട്രീയ പ്രബുദ്ധതയും ധിഷണയും കൂടി ലഭിക്കുകയാണെങ്കിൽ അവർക്ക് തന്നെ, സമരത്തെ എത്ര മാത്രം മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നും എങ്ങനെ സമരം നയിക്കണമെന്നും മനസ്സിലാക്കാൻ സാധിക്കും. അതിന് കഴിയുമ്പോൾ, നേതൃത്വത്തിലുള്ള പാർട്ടികളിൽ ഏതാണ് അവർക്ക് പ്രത്യയശാസ്ത്രപരമായും ധാർമ്മികമായും യഥാർത്ഥത്തിൽ മാർഗ്ഗദർശനവും, അവരുടെപദ്ധതികൾക്ക് പിന്തുണയും നൽകുന്നതെന്ന് മനസ്സിലാക്കാൻ ജനങ്ങൾക്ക് സാധിക്കും. ജനങ്ങൾക്ക് ഈ തിരിച്ചറിവുണ്ടാകുമ്പോൾ കപട വിപ്ലവപ്പാർട്ടികൾ ജനങ്ങളിൽ നിന്ന് ഒറ്റപ്പെടും. ഇതാണ് ജനാധിപത്യ ബഹുജനപ്രക്ഷോഭങ്ങളോടുള്ള നമ്മുടെ പാർട്ടിയുടെ സമീപനം...*(വാല്യം III പേജ് 168-71)*

മർദ്ദനം രൂക്ഷമായി വരുമ്പോൾ, ജനങ്ങൾക്ക് ശരിയായ ബോദ്ധ്യപ്പെടൽ ഉണ്ടെങ്കിലും ഇല്ലെങ്കിലും അവർ പ്രക്ഷോഭങ്ങളിലൂടെ പൊട്ടിത്തെറിക്കും. എന്നാൽ, ശരിയായ നേതൃത്വവും സംഘടനയുമില്ലാത്തതുകൊണ്ടും, ജനങ്ങൾക്ക് കാര്യങ്ങൾ വിശകലനം ചെയ്ത് മനസ്സിലാക്കാനുള്ള ക്ഷമയില്ലാത്തതുകൊണ്ടും, ഈ സമരങ്ങൾക്കും പൊടുന്നനെ സ്വയമേവയുണ്ടാകുന്ന സമരങ്ങളുടേതായ സ്വഭാവത്തിൽ നിന്ന് മുക്തമാകാൻ കഴിയുന്നില്ല. *(വാല്യം III പേജ് 173-74)*

ഓരോ സമരത്തിനും ശേഷം നിരാശയുടേതായ ഒരു തരംഗം ജനങ്ങളെ ഗ്രസിക്കുന്നു. ശരിയായ നേതൃത്വം നൽകാൻ കഴിവുള്ള പാർട്ടിക്ക് സമരങ്ങളെ നയിക്കാനും, നിയന്ത്രിക്കാനും, ശരിയായ മാർഗ്ഗത്തിലൂടെ മുന്നോട്ടുകൊണ്ടുപോകാനും പര്യാപ്തമായ ശക്തി കൈവന്നിട്ടുമില്ല. അത് കഴിഞ്ഞിരുന്നുവെങ്കിൽ പാർട്ടിക്ക് സമരത്തിന്റെ ശരിയായ തന്ത്രത്തെയും ആത്യന്തികലക്ഷ്യത്തെയും പറ്റി ജനങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കാനും അവരെ നിരാശയിൽ നിന്ന് മോചിപ്പിക്കാനും, ജനങ്ങളുടെ സ്വന്തം സമരോപകരണങ്ങൾ കെട്ടിപ്പടുത്തുകൊണ്ട് മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവമെന്ന ലക്ഷ്യത്തിലേയ്ക്ക് ഉറച്ച ചുവടുവയ്പുകളോടെ മുന്നേറാനും സാധിക്കുമായിരുന്നു. *(വാല്യം III പേജ് 173-74)*

സമരത്തിന്റെ അടിസ്ഥാന രാഷ്ട്രീയലൈൻ ശരിയാണോ എന്ന് പരിശോധിക്കേണ്ടത്, അതായത്, അതിൽ മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ അടവും തന്ത്രവും ഉള്ളടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടത്, അനിവാര്യമാണ്. ഇതിന് പുറമെ, സമരത്തിലെ ശരിയായ നേതൃത്വത്തെ തിരിച്ചറിയുന്നതിന്, ജനങ്ങളുടെ സമരോപകരണങ്ങളെന്ന നിലയിൽ സോവിയറ്റ് മാതൃകയിൽ കർഷകരുടെയും തൊഴിലാളികളുടെയും സമരസമിതികൾ രൂപീകരിക്കുന്നതിൽ യഥാർത്ഥ താല്പര്യമുള്ള പാർട്ടി അഥവാ ശക്തി ഏത് എന്നാണ് കണ്ടെത്തേണ്ടത്. അതുപോലെ തന്നെ, പലവിധ ന്യായങ്ങൾ പറഞ്ഞ് ജനകീയ സമരസമിതികളുടെ രൂപീകരണത്തിന് തടസ്സം സൃഷ്ടിക്കുകയും, പാർട്ടിക്കുണ്ടാകുന്ന സംഘടനാപരമായ വളർച്ചയെയും ജനങ്ങൾക്കുമേൽ പാർട്ടിക്ക് വർദ്ധിച്ചുവരുന്ന സ്വാധീനശക്തിയെയും ജനങ്ങളുടെ രാഷ്ട്രീയാധികാരത്തിന്റെ വളർച്ചയായവതരിപ്പിച്ച് ജനങ്ങളെ വഴിതെറ്റിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ശക്തിയേതെന്നും തിരിച്ചറിയണം. ഇതിനെല്ലാം പുറമെ, സമരത്തിൽ പങ്കെടുത്തുകൊണ്ടിരിക്കുന്ന വിവിധ പാർട്ടികളിൽ ഏത് പാർട്ടിയുടെ നേതാക്കളും പ്രവർത്തകരുമാണ് അവരുടെ ദൈനംദിന രാഷ്ട്രീയസമരത്തിൽ മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിന് അനുരോധമായ ഉന്നതമായ നൈതിക സാംസ്കാരിക ധാർമ്മിക നിലവാരം പ്രതിഫലിപ്പിക്കുന്നത് എന്നും പ്രത്യേകമായി മനസ്സിലാക്കേണ്ടതാണ്. സമരത്തിലെ ശരിയായ നേതൃത്വത്തെ തിരിച്ചറിയുന്നതിനുള്ള മറ്റൊരു മാർഗ്ഗം ഇതാണ്. ഇവിടെ ചൂഷണപരമായ മുതലാളിത്ത സാമൂഹ്യവ്യവസ്ഥിതിയെ വിപ്ലവത്തിലൂടെ തൂത്തെറിഞ്ഞ് ശാസ്ത്രീയ സോഷ്യലിസത്തിലധിഷ്ഠിതമായ സോഷ്യലിസ്റ്റ് വ്യവസ്ഥിതി സ്ഥാപിക്കണമെങ്കിൽ, ബഹുജനസമരങ്ങളുടെ ഇപ്പറഞ്ഞ വശങ്ങൾ ശ്രദ്ധിച്ചേ മതിയാവൂ. *(വാല്യം III പേജ് 524,525)*

ഇക്കാലത്ത് ഏതെങ്കിലും ജനാധിപത്യസമരം ശക്തമായ കമ്മ്യൂണിസ്റ്റ് വിരുദ്ധ മുൻവിധിയുടെ അടിസ്ഥാനത്തിലാണ് മുന്നോട്ടുപോകുന്നതെങ്കിൽ, ആ സമരത്തിന് ശരിയായ അർത്ഥത്തിൽ ജനാധിപത്യപരമാകാൻ സാധിക്കുകയില്ല എന്നതാണ് നമ്മുടെ പാർട്ടിയുടെ അഭിപ്രായം. ഒരു പാർട്ടി കമ്മ്യൂണിസ്റ്റ് പാർട്ടിയോ മാർക്സിസ്റ്റ് പാർട്ടിയോ ആകണമെന്നില്ല, പക്ഷെ, കമ്മ്യൂണിസ്റ്റ് വിരോധിയായ പാർട്ടിയാകരുത്. എന്തെന്നാൽ, അങ്ങനെയൊരു പാർട്ടിക്ക് ഇന്നത്തെ കാലത്ത് യഥാർത്ഥത്തിൽ ജനാധിപത്യ സ്വഭാവം പുലർത്താൻ കഴിയില്ല. അതുപോലെ, ഇന്ന് സാമ്രാജ്യത്വവിരോധിയല്ലാത്ത പാർട്ടിക്കും യഥാർത്ഥ ജനാധിപത്യസ്വഭാവമുണ്ടാവുകയില്ല. അതിനാൽ ഈ ഐക്യമുന്നണിയിലേയ്ക്കു വരുന്ന പാർട്ടികൾ അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരായ, പൊതുവെ സാമ്രാജ്യത്വത്തിനെതിരായ, നിലപാടും മാർക്സിസ്റ്റ് - ലെനിനിസ്റ്റ് വീക്ഷണത്തോട്, കമ്മ്യൂണിസ്റ്റ് വീക്ഷണത്തോട് അനുഭാവപൂർവ്വമെങ്കിലുമായ സമീപനവുമുള്ളവയായിരിക്കണം. *(വാല്യം IV പേജ് 588-89)*

മാർക്സിസ്റ്റ് വിരുദ്ധ നിലപാടുള്ള ആർക്കും ഈ യുഗത്തിൽ സമൂഹത്തിൽ വിപ്ലവകരമായ പരിവർത്തനം കൊണ്ടുവരാൻ കഴിയില്ല. എന്തെന്നാൽ, ഈ യുഗത്തിൽ വിമോചനത്തിലേയ്ക്കുള്ള പാത കാട്ടാൻ മാർക്സിസത്തിന് മാത്രമേ സാധിക്കുകയുള്ളു. മറ്റെല്ലാ പ്രത്യയശാസ്ത്രങ്ങളുമിന്ന് പ്രത്യയശാസ്ത്ര ചിന്താക്കുഴപ്പങ്ങളാണ്. അതിനാൽ, നമ്മുടെ രാജ്യത്തെ മാർക്സിസ്റ്റ് പ്രസ്ഥാനത്തിലുള്ള ഗുരുതരമായ വ്യതിചലനങ്ങൾ കണ്ടിട്ട് മാർക്സിസം-ലെനിനിസത്തിൽ നിന്നകന്ന് കോൺഗ്രസ്സിന്റെ ഭാഗത്തേയ്ക്ക് പോയിട്ടുള്ള യുവാക്കൾക്കും മറ്റ് ജനങ്ങൾക്കും തികച്ചും തെറ്റ് പറ്റിയിരിക്കുന്നു. ഇതിന്റെ ഉത്തരവാദിത്തം മാർക്സിസം-ലെനിനിസത്തിനല്ല; ഈ രാജ്യത്ത് മാർക്സിസം-ലെനിനിസത്തെ വളച്ചൊടിക്കുന്നവർക്കാണ്. അവർ ഇതിനെപ്പറ്റി ആലോചിക്കട്ടെ. ഈ സാഹചര്യത്തിൽ മാർക്സിസം-ലെനിനിസത്തെ ഈ വളച്ചൊടിക്കലിൽ നിന്ന് മുക്തമാക്കേണ്ടത് അവരുടെ ചുമതലയാണ്. ഇക്കാര്യം പരിഗണിക്കാൻ ഞാനവരോട് അഭ്യർത്ഥിക്കുന്നു. *(വാല്യം IV പേജ് 557)*

മാർക്സിസം-ലെനിനിസമാണ് ഈ യുഗത്തിലെ ഏറ്റവും മഹനീയമായ ആദർശം, ഏറ്റവും ശ്രേഷ്ഠമായ പ്രത്യയശാസ്ത്രം. ധാർമ്മികതയെയും നൈതികതയെയും സംബന്ധിച്ച് ഈ യുഗത്തിലെ ഏറ്റവും വികസിതമായ ധാരണ ഈ പ്രത്യയശാസ്ത്രത്തിലാണുള്ളത്. ഇതിനെക്കാൾ ഉന്നതമായ മറ്റൊരു പ്രത്യയശാസ്ത്രമില്ല. *(വാല്യം IV പേജ് 601)*

... വിപ്ലവത്തിന് വേണ്ടിയുള്ള കേവലമായ അഭിലാഷം വിപ്ലവപ്രബുദ്ധതയുടെ പ്രതിഫലനമല്ല. അതുപോലെ തൊഴിലാളിവർഗ്ഗത്തെപ്പറ്റി ചിന്തിക്കുന്നതുകൊണ്ട് മാത്രം അത് തൊഴിലാളിവർഗ്ഗപ്രബുദ്ധതയുമാകുന്നില്ല. ശരിയായ വിപ്ലവപ്രബുദ്ധതയെന്നാൽ ശരിയായ തൊഴിലാളിവർഗ്ഗ പ്രബുദ്ധതയാണ്. ശരിയായ തൊഴിലാളിവർഗ്ഗ പ്രബുദ്ധതയാകട്ടെ, ശരിയായ തൊഴിലാളിവർഗ്ഗ പാർട്ടി പ്രബുദ്ധതയുമാണ്. നിങ്ങൾക്ക് ശരിയായ വിപ്ലവപ്പാർട്ടിയെ തിരിച്ചറിയാൻ കഴിഞ്ഞിട്ടുണ്ടോ ഇല്ലയോ എന്നതാണ് പ്രസക്തമായ പ്രശ്നം. *(വാല്യം III പേജ് 391)* ...

സമൂഹത്തിൽ ഇപ്പോഴും നിലനിൽക്കുന്ന പഴയ മനോഭാവത്തെ ദൂരീകരിച്ചുകൊണ്ട്, നമ്മുടെ രാജ്യത്തെ വിപ്ലവത്തിന് അനുരോധമായ പുതിയ കാഴ്ചപ്പാട് വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. അതിന് വേണ്ടി ജീവിതത്തിന്റെ എല്ലാ വശങ്ങളെയും ഉൾക്കൊള്ളുന്ന സുഘടിതമായ അറിവ് സൃഷ്ടിക്കണം. അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനത്തിനുള്ള ഒരു മാർഗ്ഗരേഖ രാജ്യത്തെ ജനങ്ങളുടെയും ബഹുജനസമരങ്ങളുടെയും മുന്നിൽ അവതരിപ്പിക്കണം. പാർട്ടിക്ക് അതിന് സാധിച്ചിട്ടുണ്ടോ ഇല്ലയോ എന്നത് ഒരു വിപ്ലവപ്പാർട്ടിയുടെ സ്വഭാവത്തെ വിലയിരുത്തുന്നതിനുള്ള അങ്ങേയറ്റം പ്രധാനപ്പെട്ട മാനദണ്ഡമാണ്. കൂടുതൽ കൃത്യമായിപ്പറഞ്ഞാൽ, ഈ പ്രത്യയശാസ്ത്ര-സാംസ്കാരിക പ്രസ്ഥാനത്തിന്റെ മുന്നണിസേനയായി വർത്തിക്കേണ്ട ഈ പാർട്ടികളിലെ നേതാക്കളും അണികളും, ഒരു തുടക്കമെന്ന നിലയിൽ, ഈ സുഘടിതമായ അറിവിനെ അടിസ്ഥാനപ്പെടുത്തിയുള്ള പുതിയ സംസ്കാരവും നൈതികതയും സ്വന്തം ജീവിതത്തിൽ അനുവർത്തിക്കാനുള്ള സമരം ആരംഭിച്ചിട്ടുണ്ടോ. മറ്റ് വാക്കുകളിൽ പറഞ്ഞാൽ, രാജ്യത്തെ രാഷ്ട്രീയ വിപ്ലവത്തിന് മുന്നോടിയായി നടക്കേണ്ട സാംസ്കാരിക വിപ്ലവത്തിന് വേണ്ടി അവർ പ്രയത്നിക്കുന്നുണ്ടോ...രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവും സാംസ്കാരികവുമായ കർമ്മപരിപാടികളെ കൂട്ടിയിണക്കാതെ ഒരു രാജ്യത്തും വിപ്ലവം വിജയത്തിലെത്തുക സാദ്ധ്യമല്ലെന്ന് ഏതൊരു യഥാർത്ഥ മാർക്സിസ്റ്റ് -ലെനിനിസ്റ്റിനുമറിയാം. ... ഏതൊരു യുഗത്തിലെയും മഹത്തും വിപ്ലവകരവുമായ ഏതൊരു പ്രത്യയശാസ്ത്രത്തിന്റെയും കാതലും പ്രാണനും അതിന്റെ ഉന്നതമായ സാംസ്കാരിക നൈതിക നിലവാരത്തിലാണ് കുടികൊള്ളുന്നത്. ഇന്നത്തെ കമ്മ്യൂണിസ്റ്റുകൾ തൊഴിലാളിവർഗ്ഗ സംസ്കാരത്തിന്റെ കാതലും പ്രാണനും സ്വാംശീകരിക്കേണ്ടത് അനിവാര്യമാണ്. പോയ യുഗത്തിൽ ബൂർഷ്വാ വിപ്ലവത്തിന് കൈവരിക്കാൻ കഴിഞ്ഞ ഏറ്റവും ഉന്നതമായ മാനവവാദ സംസ്കാരത്തെയും നൈതികതയെയും മൂല്യബോധത്തെയും അപേക്ഷിച്ചുപോലും കൂടുതൽ ഉന്നതമായ സാംസ്കാരിക-നൈതിക നിലവാരവും മൂല്യബോധവുമാണ് തൊഴിലാളിവർഗ്ഗ സംസ്കാരത്തിന്റേത്. ... അവശ്യം വേണ്ട ഉന്നതമായ സാംസ്കാരിക നിലവാരം, അതായത് തൊഴിലാളിവർഗ്ഗ സാംസ്കാരിക നിലവാരം, ആർജ്ജിക്കാതെ ഒരാൾക്കും വിപ്ലവസിദ്ധാന്തം ശരിയായി മനസ്സിലാക്കാനോ, അത് ശരിയായി വിലയിരുത്താനുള്ള ശേഷി കൈവരിക്കാനോ സാധിക്കുകയില്ല. വിപ്ലവരാഷ്ട്രീയത്തിന്റെ ശരിയായ പ്രയോഗം അഥവാ ഫലപ്രദമായ നടപ്പിലാക്കൽ എന്നാൽ, വിപ്ലവ ബഹുജന സമരങ്ങളിൽ ലക്ഷോപലക്ഷം പേരെ പങ്കാളികളാക്കിക്കൊണ്ട് ജീവിതത്തെത്തന്നെ വിപ്ലവോന്മുഖമായി മാറ്റിത്തീർക്കൽ എന്ന അർത്ഥം വരുന്നത് അതുകൊണ്ടാണ്. ...മാർക്സിസം-ലെനിനിസം പഠിക്കാൻ യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നവർ, മാർക്സിസം-ലെനിനിസത്തിന്റെ തത്ത്വങ്ങൾക്കനുസരിച്ച് ജീവിതം നയിക്കാൻ ശ്രമിക്കുന്നവരും ആ സമരത്തിൽ വിജയം വരിച്ചവരുമായ വ്യക്തികളിൽ നിന്ന് മാത്രമേ ഈ വിപ്ലവസിദ്ധാന്തം പഠിക്കാവൂ. വ്യക്തിജീവിതത്തിലെ ചര്യകളിലും അഭിരുചിയിലും ശീലങ്ങളിലും പെരുമാറ്റത്തിലും ദുഷിച്ച ബൂർഷ്വാ സംസ്കാരത്തിന്റെ ഇരകളായിരിക്കുന്നവരിൽ നിന്ന് മാർക്സിസം-ലെനിനിസം പഠിക്കാൻ ശ്രമിക്കരുത്. എന്തെന്നാൽ മാർക്സിസം-ലെനിനിസമെന്ന പേരിൽ അവർ പഠിപ്പിക്കുന്നത് തികഞ്ഞ അബദ്ധമായിരിക്കുമെന്നത് തീർച്ചയാണ്. *(വാല്യം II പേജ് 249-59, 267)*

●

# യഥാർത്ഥ വിപ്ലവരാഷ്ട്രീയവും സിപിഐ (മാവോയിസ്റ്റ്) നടത്തുന്ന ഭീകരവാദ പ്രവർത്തനവും

**പൊതുസ്ഥലങ്ങളിലും പ്രധാനസ്ഥാപനങ്ങളിലും തുടർ ബോംബുസ്ഫോടനങ്ങൾ, റെയിൽ പാളങ്ങളും പാലങ്ങളും ബോംബുവെച്ചുതകർക്കൽ, തിങ്ങിനിറഞ്ഞ ബസ്സിനുനേരെ വെടിയുതിർക്കൽ, അത്യാധുനികമായ സങ്കീർണ്ണമായ വെടിക്കോപ്പുകൾ ഉപയോഗിച്ചുകൊണ്ട് പതിയിരുന്ന് ആക്രമിക്കൽ, വ്യക്തികളെ കൊലപ്പെടുത്തുക തുടങ്ങിയ സംഭവങ്ങളുടെ ഒരു വേലിയേറ്റം തന്നെ സമീപകാലത്തുണ്ടാവുന്നു. ഇവ ഒരുപാട് നിരപരാധികളുടെ ജീവനെടുത്തുകൊണ്ടിരിക്കുകയാണ്. കൊലപാതകങ്ങളും അക്രമങ്ങളും അടക്കമുള്ള ഈ ഹീനകൃത്യങ്ങളുമായി ബന്ധപ്പെടുത്തി വിവിധ തീവ്രവാദസംഘടനകളുടെയും വിഘടന-വിഭജന-വർഗ്ഗീയ സംഘങ്ങളുടെയും പേരുകളാണ് പുറത്തുവരുന്നത്. ഭീഭത്സമായ ഈ കൃത്യങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയത് തങ്ങളാണെന്ന് ചില സന്ദർഭങ്ങളിൽ ഈ സംഘങ്ങളിൽ ചിലർ സ്വയം സമ്മതിക്കുകയും ചെയ്യുന്നുണ്ട്. മുതലാളിത്തത്തിന്റെ നിഷ്ഠുരമായ ഉരുൾചക്രത്തിനടിയിൽപ്പെട്ട് ചതഞ്ഞരയുന്നത് നിസ്സഹായരായ സാധാരണക്കാരാണ്.**

**ഈ** സംഭവങ്ങളിലെല്ലാം തന്നെ ദുരിതം ഏറ്റുവാങ്ങുന്നതും അവരാണ്. അവരാണ് കൊലചെയ്യപ്പെടുന്നത്. അവർക്കാണ് പരുക്കേൽക്കുകയോ വസ്തുവകകൾ നഷ്ടപ്പെടുകയോ ചെയ്യുന്നത്. ക്രൂരമായ പീഡനങ്ങൾക്ക് ഇരയാകുന്നതവരാണ്. കണ്ണും മൂക്കുമില്ലാത്ത ഇത്തരം പേക്കൂത്തുകളും മാരകാക്രമണങ്ങളും ആസൂത്രിതമായ ഹിംസകളും ഏതൊരു നിമിഷവും ഏതൊരിടത്തുവെച്ചും തങ്ങളുടെ മേൽ പതിച്ചേക്കാമെന്ന ഭീതി അവരെ സദാ വേട്ടയാടുന്നു.

ഈയിടെയായി മാവോയിസ്റ്റുകളെന്ന് സ്വയം വിളിക്കുന്നവരും ഇത്തരം കൃത്യങ്ങളിൽ ഏർപ്പെടുന്നതായി കാണപ്പെടുന്നു. ഇക്കഴിഞ്ഞ മേയ് 25 ന് ഛത്തീസ്ഘട്ടിലെ ബസ്തർ -സുഖ്മോ ദേശീയപാതയിൽ വച്ച് 150 ഓളം പേർ വരുന്ന ഒരു സംഘമാളുകൾ ഇരുപതോളം വാഹനങ്ങൾ ഉൾപ്പെടുന്ന ഒരു വ്യൂഹത്തെ ആക്രമിക്കുകയും ഏതാനും ഭരണകക്ഷി നേതാക്കൾക്കും സുരക്ഷാഭടന്മാർക്കും പുറമേ ഇരുപതോളം സാധുക്കളായ ആദിവാസികളെയും കൊലപ്പെടുത്തുകയുമുണ്ടായി. ഏതാനും ദിവസത്തിനുള്ളിൽ പാട്നയിൽ നിന്ന് 170 കിലോമീറ്റർ അകലെ ഒരു റെയിൽവേ കംപാർട്ട്മെന്റിനുള്ളിൽ നടന്ന സ്ഫോടനം മൂന്ന് സാധാരണക്കാരുടെ ജീവൻ അപഹരിക്കുകയുണ്ടായി. മൂന്ന് വർഷം മുൻപ് ഛത്തീസ്ഘട്ടിലെ ദന്തെവാതെ ജില്ലയിൽ വച്ച് ഏതാനും സ്പെഷ്യൽ പോലീസ് ഓഫീസർമാർ സഞ്ചരിച്ചിരുന്ന ബസ്സിന് നേരെ നടന്ന ആക്രമണത്തിൽ സാധുക്കളായ അനവധി യാത്രക്കാരടക്കം നാൽപ്പത് പേർ സംഭവസ്ഥലത്ത് വച്ച് തന്നെ കൊല്ലപ്പെട്ടു. അതേവർഷം പശ്ചിമബംഗാളിലെ ജാർഗ്രാമിന് സമീപം വെച്ചുണ്ടായ ട്രെയിൻ അട്ടിമറിയിൽ പാളം തെറ്റി ഹൗറ-മുംബൈ ജ്ഞാനേശ്വരി എക്സ്പ്രസിലെ 140 നിരപരാധികളായ യാത്രക്കാർ കൊല്ലപ്പെടുകയും നൂറുകണക്കിന് പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. ഇതിന് പുറമേ, തീവ്രവാദികളെയും നുഴഞ്ഞുകയറ്റക്കാരെയും ദേശവിരുദ്ധ ഗ്രൂപ്പുകളെയും തുടച്ചുനീക്കാനെന്ന പേരിൽ രാജ്യത്തെ സുരക്ഷാസേനകൾ അഴിച്ചുവിടുന്ന ഏറ്റവും വഷളായ 'ഭീകരവാദവിരുദ്ധ' ഭീകരതയുടെ കടുത്ത ആഘാതവും ജനങ്ങൾ സഹിക്കേണ്ടിവരുന്നു. തങ്ങളുടെ ജീവനും സ്വത്തിനും മേൽ സ്ഥായിയായി നിൽക്കുന്ന ഈ ഭീഷണിക്ക് മുമ്പിൽ അടിച്ചമർത്തപ്പെട്ടവരും നിർദ്ധനരുമായ സാധുജനങ്ങൾ കൂടുതൽ പ്രയാസപ്പെടുമ്പോൾ, മാർക്സിസത്തിന്റെ പേരുംപറഞ്ഞ്, ചെങ്കൊടി വീശിക്കൊണ്ട് ഇത്തരം നിന്ദ്യവും ക്രൂരവുമായി എങ്ങനെ പ്രവർത്തിക്കാൻ കഴിയുന്നുവെന്ന് ചിന്താശേഷിയുള്ളവർ അത്ഭുതപ്പെടുകയാണ്.

### ദുരിതത്തിന്റെ പോർക്കളക്കാഴ്ചകൾ

സാമ്പത്തിക-രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക രംഗങ്ങളടക്കം ജീവിതത്തിന്റെ സകലതുറകളിലും അസഹ്യമായ കഷ്ടതകളും അന്തമറ്റ അധഃപതനവും ചൂഴ്ന്ന് നിൽക്കുമ്പോഴാണ് ഭീതിയുടെയും സംഭ്രാന്തിയുടെയും ഈ കരിനിഴൽ സാധാരണക്കാരന്റെ മേൽ പതിച്ചിരിക്കുന്നത്. അനിയന്ത്രിതമായിരിക്കുന്ന വിലക്കയറ്റവും വർദ്ധിക്കുന്ന തൊഴിലില്ലായ്മയും വൻതോതിലുള്ള തൊഴിൽ നഷ്ടവും ജീവിതം തള്ളിനീക്കാൻ പോലും ഉതകാത്ത കാർഷികവൃത്തിയും, കൂപ്പുകുത്തുന്ന വരുമാനവും, വർദ്ധിച്ചുവരുന്ന സാമ്പത്തിക അതിക്രമങ്ങളും നിത്യജീവിതത്തെ ശ്വാസം മുട്ടിക്കുന്നു. പാടുപെട്ട് നേടിയ ജനാധിപത്യ-രാഷ്ട്രീയ അവകാശങ്ങളെ ചിട്ടയായി കവർന്നെടുക്കുന്നു. പ്രതിഷേധസ്വരങ്ങൾ നിഷ്ഠുരം അടിച്ചമർത്തപ്പെടുന്നു. മിനിമം വിദ്യാഭ്യാസം, ആരോഗ്യരക്ഷ, ശുചീകരണം എന്നുവേണ്ട ശുദ്ധമായ കുടിവെള്ളം പോലും ലഭ്യമല്ലാതായിരിക്കുന്നു. പട്ടിണിമരണങ്ങൾ, ആത്മഹത്യകൾ, പോഷകാഹാരക്കുറവ്, സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങളും അതിക്രമങ്ങളും, സ്ത്രീകളെയും കുട്ടികളെയും ലൈംഗികവ്യാപാരത്തിനായി തട്ടികൊണ്ടുപോകൽ, ലൈംഗിക വൈകൃതങ്ങൾ, മയക്കുമരുന്നിനോടുള്ള ആസക്തി,സാർവ്വത്രികമായ അഴിമതി, മാനുഷികാംശങ്ങളിലെ ആർദ്രഭാവങ്ങളുടെ ദ്രുതഗതിയിലുള്ള ചോർച്ച തുടങ്ങിയവ സാമൂഹിക-സാംസ്കാരിക മേഖലയുടെ ത്വരിതഗതിയിലുള്ള അധഃപതനത്തെയാണ് അടയാളപ്പെടുത്തുന്നത്.

മിനിമം അടിസ്ഥാന ജീവിതാവശ്യങ്ങൾ പോലും നിറവേറ്റാനാവാതിരിക്കുകയും നീതി നിഷേധിക്കപ്പെട്ട് നിരപരാധികൾ പീഡിപ്പിക്കപ്പെടുകയും ചെയ്യുമ്പോൾ ജീവിതം ഒരു പേടിസ്വപ്നമായി മാറുകയാണ്. പക്ഷെ, ഇങ്ങനെ പെരുകുന്ന ദൈന്യതകളും ദാരിദ്ര്യവും കുടിലതകളും നിസംഗതകളുമൊക്കെ ദൈവഹിതമെന്നോണം ആകാശത്തുനിന്ന് വന്നുപതിച്ചതല്ല. മനുഷ്യനെ മനുഷ്യൻ ചൂഷണം ചെയ്യുന്ന മുതലാളിത്ത സാമൂഹ്യവ്യവസ്ഥയിലാണ് അവയുടെ മൂലകാരണം ആണ്ടിറങ്ങിയിരിക്കുന്നത്. സകല ദുഷ്ടതകളും വ്യാധികളും അപഭ്രംശങ്ങളും കനിവില്ലാത്ത ഈ ലാഭാർത്തിഭരിത വ്യവസ്ഥിതിയിൽ നിന്ന് ഉടലെടുക്കുന്നതാണ്. ചൂഷിതകോടികളുടെ അസ്ഥിഖണ്ഡങ്ങൾക്കുമീതെ സാമ്രാജ്യങ്ങൾ പടുത്തുയർത്തുന്ന ഭരണമുതലാളിത്തത്തിന്റെ കുത്സിതവർഗ്ഗതാല്പര്യങ്ങൾ സംരക്ഷിക്കുന്നതിനാണ് ഈ സാമൂഹ്യരാഷ്ട്രീയ ഘടനയാകെ രൂപപ്പെടുത്തിയിരിക്കുന്നത്. അതിനാൽ ഞെക്കിക്കൊല്ലുന്ന ഈ ജീവിത സാഹചര്യങ്ങളിൽ നിന്നുള്ള വിമോചനത്തിന്റെ പ്രശ്നം കാലഹരണപ്പെട്ട മുതലാളിത്തത്തിന്റെ മൃതഭാരത്തെ വിപ്ലവത്താൽ തൂത്തെറിയുന്നതുമായി വേർപിരിക്കാനാവാത്തവിധം ബന്ധപ്പെട്ടിരിക്കുന്നു. ആ മുതലാളിത്തവിരുദ്ധ വിപ്ലവം സാക്ഷാത്കരിക്കാനായി അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾ വിപ്ലവബോധത്താൽ പ്രബുദ്ധതയാർജിക്കുകയും ശരിയായ വിപ്ലവപ്രത്യയശാസ്ത്രത്താൽ സുദൃഢരാവുകയും ശരിയായ വിപ്ലവപാർട്ടിക്കും നേതൃത്വത്തിനും ജന്മം നൽകുകയും അതിനുപിന്നിൽ അണിനിരക്കുകയും, ശരിയായ വിപ്ലവ നേതൃത്വത്തിനുകീഴിൽ വർഗ്ഗ ബഹുജന സമരങ്ങൾ ശക്തിപ്പെടുത്തുന്നതിനോടൊപ്പം വിപ്ലവപോരാട്ടങ്ങൾ കെട്ടിപ്പടുക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

അടിച്ചമർത്തപ്പെട്ട ജനതക്ക് ബോധമുദിക്കുകയും വിപ്ലവപ്രസ്ഥാനത്തിലേക്ക് അവർ കുതിച്ചുചാടുകയും ചെയ്യുമോയെന്ന ഭയത്താൽ അത് മുൻകൂട്ടി തടയാനായി അവരെ മാനസികമായും സാംസ്കാരികമായും നിർവീര്യരാക്കാനും അവരിൽ ഛിദ്രതയും വിഭാഗീയതയും സൃഷ്ടിക്കാനും എല്ലാത്തരം വിഘടനവാദമനോഭാവവും സാമൂഹ്യവിരുദ്ധ മനോഘടനയും കുത്തിച്ചെലുത്തി അവരുടെ ഐക്യത്തെ തകർക്കാനും ശ്രമിക്കുന്നു. പാർലമെന്ററി വ്യാമോഹങ്ങൾക്ക് അടിമപ്പെടുത്തിയും, മതഭ്രാന്തിന്റെയും വിധിവിശ്വാസങ്ങളുടെയും അന്ധരായ അടിമകളാക്കിയും സർവ്വോപരി, അവരുടെ ധാർമ്മിക നട്ടെല്ല് തകർത്ത് പ്രതിഷേധിക്കാനും എതിർക്കാനുമുള്ള ശേഷി നഷ്ടപ്പെട്ട മൃഗതുല്യമായ അവസ്ഥയിൽ അവരെ എത്തിക്കുന്നു. മൃഗീയവാസനകൾ തട്ടിയുണർത്തി വഴിപിഴച്ച ഒരു ലോകത്തിൽ അലയാനായി യുവാക്കളെ തള്ളിവിടുന്നു. മരിച്ചുകൊണ്ടിരിക്കുന്ന മുതലാളിത്തത്തിന്റെ സാമൂഹ്യരൂപകല്പന ഇതാണ്.

### മൃതപ്രായരായ ജനങ്ങളെ ബന്ദികളാക്കുന്നു

പക്ഷെ ഈ സത്യം ജനങ്ങളുടെ മുന്നിൽ ദുർഗ്രഹമായി നിലകൊള്ളുകയാണ്. പ്രതിവിപ്ലവശക്തികളുടെ പലതരം വഴിതെറ്റിക്കൽ തന്ത്രങ്ങൾ ശക്തമായ വർഗ്ഗബഹുജന സമരങ്ങൾക്ക് ഗൗരവതരമായ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നുവെന്നതാണ് ഇതിന് കാരണം. ചിലർ ബോധപൂർവ്വം ഇത് ചെയ്യുന്നു. മറ്റു ചിലരാകട്ടെ, വിപ്ലവത്തെയും വിപ്ലവസിദ്ധാന്തത്തെയും വിപ്ലവപ്രക്രിയയെയും പറ്റിയുള്ള തെറ്റായ ധാരണ വച്ച് പ്രതിബന്ധങ്ങൾ വരുത്തിവെയ്ക്കുന്നു.

ഭരണമുതലാളിവർഗ്ഗത്തിന്റെ ഏറ്റവും വിശ്വസ്തരായ പ്രതിനിധി കോൺഗ്രസും കോൺഗ്രസിന്റെ മാതൃകയിലുള്ള പ്രാദേശിക പാർട്ടികളായ തൃണമൂൽ കോൺഗ്രസ്, ഡിഎംകെ, എഐഡിഎംകെ, മായാവതി, മുലായം, ബിജെഡി, ടിഡിപി, അകാലി, ശിവസേന തുടങ്ങിയവരും തെരഞ്ഞെടുപ്പിലൂടെ തങ്ങളെ അധികാരത്തിലേറ്റുകയാണെങ്കിൽ, ജീവിതത്തിന്റെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടുമെന്ന് ഉദ്ബോധനം നടത്തി ജനങ്ങളെ കബളിപ്പിക്കുന്നു. ഭരണവർഗ്ഗത്തിന്റെ മറ്റൊരു വിശ്വസ്ത ഏജന്റ്, വിഷം ചീറ്റുന്ന

*(ശേഷം പേജ് 6-ൽ)*

# ജനകീയ പ്രതിരോധ സമിതി കൊല്ലം ജില്ലാ കൺവൻഷൻ




**കൺവൻഷനിൽ കെ.ഭാസ്കരൻ മുഖ്യപ്രഭാഷണം നടത്തുന്നു. വേദിയിൽ ഡോ.വി. വേണുഗോപാൽ, എ.ജെയിംസ്, പെരുമ്പുഴ ഗോപാലകൃഷ്ണപിള്ള തുടങ്ങിയവർ**

**കേ**രള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ കൊല്ലം ജില്ലാ കൺവൻഷൻ ഒക്ടോബർ 2 ന് കൊല്ലം ഫൈൻ ആർട്സ് സൊസൈറ്റി ഹാളിൽ നടന്നു. സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. വി.വേണുഗോപാൽ കൺവൻഷൻ ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകാലമായി കേരളത്തിൽ ജനകീയ സമരങ്ങൾ വളർത്തിയെടുക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചുകൊണ്ടിരിക്കുകയാണ് ജനകീയ പ്രതിരോധ സമിതി എന്ന് ഡോ. വി.വേണുഗോപാൽ ചൂണ്ടിക്കാട്ടി. സമരങ്ങൾ മാത്രമല്ല ഒരു പ്രതിരോധ സംസ്കാരം, ജനങ്ങൾക്കുനേരെ അധികാരികളുടെ ഭാഗത്തുനിന്നുണ്ടാകുന്ന ആക്രമണങ്ങൾക്കെതിരെ ജനങ്ങൾ സ്വയം സജ്ജരാകുന്ന ഒരു പുതിയ സമരസംസ്കാരം വളർത്തിയെടുത്തത് പ്രതിരോധ സമിതിയാണെന്ന് അദ്ദേഹം വിശദീകരിച്ചു. ഇത് പിന്നീട് പല ജനകീയ സമരങ്ങളും വളർന്നുവരാനുള്ള അടിത്തറ പാകുകയുണ്ടായി.

'സാമ്പത്തിക രംഗം നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയത്തിൽ ശ്രീ. കെ. ഭാസ്കരൻ പ്രബന്ധം അവതരിപ്പിച്ചു. നവലിബറൽ നയങ്ങൾ നമ്മുടെ സമ്പദ്ഘടനയുടെ തകർച്ചയ്ക്ക് വഴിയൊരുക്കുകയാണെന്നും അത് ജനജീവിതത്തിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് ഇടയാക്കുന്നുവെന്നും അദ്ദേഹം സമർത്ഥിച്ചു. രൂപയുടെ വിലയിടിവ്, ഓഹരിക്കമ്പോളത്തിലെ തകർച്ച, വിലക്കയറ്റം, പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം, തൊഴിലില്ലായ്മ തുടങ്ങി സാമ്പത്തിക രംഗത്ത് പ്രത്യക്ഷപ്പെടുന്ന പ്രശ്നങ്ങളെല്ലാം കുത്തകകളുടെ താൽപ്പര്യാർത്ഥം നടപ്പിലാക്കപ്പെടുന്ന ആഗോളവൽക്കരണ നയങ്ങളുടെ സൃഷ്ടിയാണ്. ശക്തമായ ജനകീയ സമരങ്ങൾ രാജ്യവ്യാപകമായി വളർന്നുവരികയേ ഇതിനു പോംവഴിയുള്ളൂവെന്നും ശ്രീ. ഭാസ്കരൻ പറഞ്ഞു.

ആർ. ഗോപിനാഥൻ നായർ, കെ. വാമദേവൻ, പെരുമ്പുഴ ഗോപാലകൃഷ്ണപിള്ള, പി.ബി.രാജൻപിള്ള, കെ.ഒ. മാത്യൂ പണിക്കർ, ഇരവിപുരം ഭാസി, ജ്യോതികൃഷ്ണൻ തുടങ്ങി നിരവധി പ്രമുഖർ കൺവൻഷനിൽ സംബന്ധിച്ചു. എ. ജെയിംസ് പ്രസിഡന്റും ജി. ധ്രുവകുമാർ സെക്രട്ടറിയുമായി 40 അംഗ ജില്ലാ കമ്മിറ്റിക്ക് കൺവൻഷൻ രൂപം നൽകി.

# ഭീകരപ്രവർത്തനം ജനകീയപ്രക്ഷോഭങ്ങൾക്ക് പ്രതിബന്ധം

*(5-ാംപേജിൽ നിന്ന്)*

വർഗ്ഗീയതയുടെ പേരിൽ അറിയപ്പെടുന്ന ബിജെപിയും സമാനമായ രീതിയിൽ കപടവാഗ്ദാനങ്ങളും തട്ടിപ്പുകളുംനിരത്തി ജനങ്ങളെ പറ്റിക്കുന്നു. വോട്ട്ബാങ്ക് സൃഷ്ടിക്കുകയും ബൂർഷ്വാ വോട്ട് രാഷ്ട്രീയത്തിന്റെ നാലതിരുകൾക്കുള്ളിൽ ജനങ്ങളെ തളയ്ക്കുകയുമാണവരുടെ ഏകതാല്പര്യം. കപടമാർക്സിസ്റ്റുകളായ സിപിഎം-സിപിഐ യും കളിക്കുന്നത് കൂടുതൽ ഹാനികരമായ കളിയാണ്. മാർക്സിസത്തിന്റെ കുപ്പായമിട്ടുകൊണ്ട്, ലക്ഷണമൊത്ത സോഷ്യൽ ഡെമോക്രാറ്റുകളാണ് എന്നതിനാൽ തൊഴിലിനും മൂലധനത്തിനും, ചൂഷകനും ചൂഷിതനും ഇടയിലെ അനുരഞ്ജകശക്തികളായി വർത്തിക്കുകയാണവർ. വർഗ്ഗസമരത്തിനു പകരം വർഗ്ഗസഹകരണത്തിന്റെ സിദ്ധാന്തത്തെ ആനയിച്ചുകൊണ്ട് തൊഴിലാളികളുടെയും കർഷകരുടെയും പോരാട്ടത്തെ ഉള്ളിൽ നിന്നുകൊണ്ട് വന്ധ്യമാക്കുന്ന കർത്തവ്യമാണവർ അനുഷ്ഠിക്കുന്നത്. തത്സ്വരൂപം തുറന്നുകാട്ടപ്പെടുന്നതിൽ നിന്ന് കൗശലപൂർവ്വം മറച്ചുപിടിച്ച് അവർ മുതലാളിത്തത്തെ രക്ഷപ്പെടുത്തുന്നു. അവരുടെ രാഷ്ട്രീയ നീക്കങ്ങളും ഉത്ബോധനങ്ങളും പദ്ധതികളും പരിപാടികളും മൈതാനപ്രസംഗങ്ങളും സർവ്വോപരി, അവർ നയിക്കുന്ന സർക്കാരുകളുടെ വീക്ഷണവും സൂക്ഷ്മമായി പരിശോധിച്ചുനോക്കുന്ന ഏതൊരാൾക്കും സുവ്യക്തമായി മനസ്സിലാകുന്നത്, തെരഞ്ഞെടുപ്പു കണക്കുകൂട്ടലുകളിൽ സദാ അഭിരമിക്കുകയും, ഒന്നല്ലെങ്കിൽ മറ്റൊരു ബൂർഷ്വാപാർട്ടിയോ സഖ്യവുമായോ കൂടിച്ചേർന്ന് തെരഞ്ഞെടുപ്പ് സാധ്യത മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതുമാത്രമാണ് അവരുടെ രാഷ്ട്രീയത്തിന്റെ കാതലെന്നാണ്. ജനങ്ങളുടെ സഞ്ചിതമായ ക്രോധവും രോഷവും വിപ്ലവസമരത്തിനനുപൂരകമായ വിധത്തിൽ അലയടിച്ചുയരുന്ന യഥാർത്ഥ ജനാധിപത്യ പ്രക്ഷോഭണങ്ങളിൽ പ്രതിഫലിപ്പിക്കുന്നതിന് പകരം ബാലറ്റ് പേപ്പറിൽ മുദ്രവീഴുന്നതോടെ അവസാനിക്കുകയും തങ്ങൾക്ക് തെരഞ്ഞെടുപ്പ് നേട്ടം കിട്ടുകയും ചെയ്യുന്ന വിധത്തിൽ ജനങ്ങളിൽ പാർലമെന്ററി വ്യാമോഹം വളർത്തുന്നതിൽ മാത്രമാണ് വോട്ടുവേട്ടക്കാരായ ഏതൊരു സംഘടനകളെയും പോലെ തന്നെ സിപിഎം, സിപിഐ നേതാക്കളും മുഴുകിയിരിക്കുന്നത്. ഭരണമുതലാളിവർഗ്ഗത്തിന് ഇത്ര വിലപ്പെട്ട സേവനം നൽകുന്നതിനും ജനതാല്പര്യത്തെ പിന്നിൽ നിന്ന് കുത്തുന്നതിനും പ്രതിഫലമായി ഈ കപടമാർക്സിസ്റ്റുകൾക്ക് ബൂർഷ്വാ വർഗ്ഗത്തിന്റെ നിർലോഭമായ പിന്തുണയാണ് ലഭിക്കുന്നത്. അവരുടെ ഔദാര്യത്താൽ മുഖ്യധാരാ രാഷ്ട്രീയത്തിൽ ഔദ്യോഗിക ഇടതുപക്ഷമെന്ന സ്ഥാനവും അധികാരവും പ്രതാപവും അവർ ആസ്വദിക്കുന്നു. സോഷ്യൽ ഡെമോക്രാറ്റുകളാണ് മുതലാളിത്തത്തിന്റെ അന്തിമ ആശ്രയമെന്നും സോഷ്യൽ ഡെമോക്രസി അവസാനിപ്പിക്കാതെ മുതലാളിത്തത്തെ അറുതി വരുത്താനാവില്ലെന്നും മാർക്സിസ്റ്റ് ആചാര്യന്മാർ ചൂണ്ടിക്കാണിക്കുന്നത് ഇതുകൊണ്ടാണ്.

അസംതൃപ്തരായ, അക്ഷമരായ ജനങ്ങളെ ജനാധിപത്യസമരത്തിന്റെയും വിപ്ലവപ്രക്ഷോഭണത്തിന്റെയും മാർഗ്ഗത്തിൽ നിന്ന് തട്ടിക്കൊണ്ടുപോകുന്ന നിന്ദ്യമായ നീക്കങ്ങളുടെ കാര്യത്തിൽ ഭരിക്കുന്ന ബൂർഷ്വാസിയുടെ വിധേയരായ വിഘടന-വിഭജന-പ്രാദേശികതാവാദ-ദേശീയ വാദ ശക്തികളും ഒട്ടും പിറകിലല്ല. ഒരു പ്രത്യേക ജനവിഭാഗത്തിനോ സമൂഹത്തിനോ സ്വാതന്ത്ര്യം നേടിയെടുക്കാനും അവരുടെ എല്ലാ നീറുന്ന പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്താനും സായുധസമരവും ഭ്രാന്തമായ കൊലപാതകങ്ങളും വംശീയമായ തുടച്ചുനീക്കലും സ്വന്തം വംശീയ വ്യതിരിക്തതയും സ്വത്വവും സ്ഥാപിക്കലും മാത്രമാണെന്ന് അവർ പറയുന്നു. പുറമേ നോക്കുമ്പോൾ അവർ പാർലമെന്ററി വോട്ട് രാഷ്ട്രീയത്തിനെതിരാണെന്നും അവകാശങ്ങൾ നേടാൻ സമരത്തിന്റെ ഈ പാത സ്വീകരിക്കണമെന്ന് ജനങ്ങളെ ആഹ്വാനം ചെയ്യുന്നുവെന്നും തോന്നാം. പക്ഷേ, അവരും ഈ പൈശാചിക മുതലാളിത്തത്തിനെതിരെയല്ല കുന്തമുന നീട്ടുന്നത്. മറിച്ച് രൂക്ഷമായ മുതലാളിത്ത ആക്രമണങ്ങൾക്കിരയായി തകർന്ന് തരിപ്പണമായി മാറിയ അദ്ധ്വാനിക്കുന്ന ജനങ്ങളിൽ ഒരു വിഭാഗത്തെ തങ്ങളുടെ ശത്രുവായി മുദ്രകുത്തുകയാണ് ചെയ്യുന്നത്. അങ്ങനെ അവർ മനുഷ്യമനസ്സിനെ വിഷലിപ്തമാക്കാനായി വംശീയ-വർഗ്ഗീയ-ജാതീയ-വൈരങ്ങൾ ഇടതടവില്ലാതെ ഊതിക്കത്തിക്കുന്നു. സമാധാനപരമായ സഹവർത്തിത്വത്തോടെ കഴിഞ്ഞിരുന്ന ജനങ്ങളെ സംഘട്ടനങ്ങളിൽ കുരുക്കുന്നു. നിരപരാധികളുടെ ചോര തെറിപ്പിക്കുന്നു. അത്തരത്തിൽ അദ്ധ്വാനിക്കുന്ന ജനതതിയുടെ ഐക്യത്തിൽ വിള്ളലുണ്ടാക്കുമ്പോൾ ജാതി-മത-വർണ-വംശ-ഭാഷാ വ്യത്യാസമേതുമില്ലാതെ സർവ്വരുടെയും ജീവിതത്തെ താറുമാറാക്കുന്ന ഭരണ മുതലാളിവർഗ്ഗത്തെ അവർ തൊടുന്നതേയില്ല. ഇന്ത്യൻ രാഷ്ട്രത്തിൽ നിന്ന് അടർന്നുമാറി പുതിയൊരു രാജ്യം രൂപീകരിക്കണമെന്ന തങ്ങളുടെ ആവശ്യത്തിന് ജനങ്ങളെ വശംവദരാക്കാനായി ഭീകരപ്രവർത്തനത്തെയും ഉപയോഗിക്കാറുണ്ട്. പരസ്പരം പോർവിളി നടത്തിയും ഭ്രാതൃഹത്യ നടത്തിയും വർഗ്ഗീയ-വംശീയ വിദ്വേഷം കെട്ടടങ്ങാൻ അനുവദിക്കാതെയും ഇത്തരം വിഘടനവാദസംഘങ്ങളുടെ പല നേതാക്കളുടെയും കേഡർമാരുടെയും അകാലമരണത്തിനിടവരുത്തിയും മുന്നേറുമ്പോൾ ജനങ്ങൾ നേരിടുന്ന ഒരൊറ്റ പ്രശ്നം പോലും പരിഹരിക്കപ്പെടുന്നില്ലെന്നു മാത്രമല്ല, അവ കൂടുതൽ രൂക്ഷമാവുകയാണുണ്ടാവുന്നത്. മറിച്ച്, മുതലാളിത്ത ഭരണത്തിനും അവരുടെ സർക്കാരിനുമെതിരെ, എല്ലാ മർദ്ദിത ജനവിഭാഗങ്ങളുടെയും യോജിച്ച പ്രക്ഷോഭണം വളർത്തിയെടുക്കുകയെന്ന അടിയന്തിരാവശ്യകതക്കാണിവിടെ വിഘാതം സൃഷ്ടിക്കപ്പെടുന്നത്. സ്വാഭാവികമായും, ഈ ചൂഷകഭരണത്തിനെതിരെ ജനസമരം ശക്തിപ്പെട്ടുവരുന്നതിന്റെ സാധ്യതക്കു തുരങ്കം വെയ്ക്കാനായി ഓരോരോ കാരണങ്ങളുപയോഗപ്പെടുത്തി മർദ്ദിത ജനതകളെ തമ്മിൽ ഭിന്നിപ്പിക്കുകയെന്ന കുടിലതന്ത്രം നടപ്പിലാക്കാൻ ഈ വിഘടനവാദ ശക്തികളെ ഭരണമുതലാളിവർഗ്ഗം നന്നായി പ്രയോജനപ്പെടുത്തുന്നുണ്ട്. അതിനാൽ ഇത്തരം ശക്തികളെ ഭരണവർഗ്ഗവും വളരെ ഗൂഢമായി പിന്തുണക്കുന്നുണ്ട്. രാജ്യത്തിന്റെ വടക്കുകിഴക്ക് പ്രദേശമാകെ ഈ ദുരന്തത്തിന്റെ പ്രത്യക്ഷ സാക്ഷ്യമാണ്.

**നക്സലൈറ്റുകളുടെയും സ്വയം പ്രഖ്യാപിത മാവോയിസ്റ്റുകളുടെയും വിനാശകരമായ പ്രവർത്തനങ്ങളുടെ അനന്തരഫലം**

അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ജീവിതത്തിന് എന്തെങ്കിലുമൊക്കെ ആശ്വാസം കൊണ്ടുവരാനും സർവ്വതോമുഖമായ പ്രതിസന്ധിയിൽ നിന്ന് വിപ്ലവത്തിലൂടെ മോചനം നേടണമെന്ന ബോധം ക്രമേണ അവരിൽ അങ്കുരിപ്പിക്കാനുമുള്ള ഒരേയൊരു മാർഗ്ഗമെന്ന നിലയിൽ മുതലാളിത്ത വിരുദ്ധ വിപ്ലവത്തിന് അനുപൂരകമായ വിധത്തിൽ ജനാധിപത്യ ബഹുജന പ്രക്ഷോഭണങ്ങൾ പര്യാപ്തമായ അളവിൽ വളർന്നുവരുന്ന പ്രക്രിയക്ക് ഗുരുതരമായ പ്രതിബന്ധങ്ങളാണ് മാർക്സിസ്റ്റ് പ്രാമാണികനും ചൈനീസ് വിപ്ലവത്തിന്റെ ശില്പിയുമായ മാവോസെതുങ്ങിന്റെ അനുയായികൾ അഥവാ മാവോയിസ്റ്റുകൾ എന്നു സ്വയം വിളിക്കുന്നവരുടെയും നക്സലൈറ്റ് ആശയങ്ങൾ പിന്തുണക്കുന്നവരുടെയും പ്രവൃത്തികൾ സൃഷ്ടിച്ചിരിക്കുന്നത്. 1960 കളുടെ അവസാനം സിപിഎമ്മിൽ നിന്ന് പിളർന്ന് പിരിഞ്ഞ സിപിഐ (എംഎൽ) നയിച്ച നക്സലൈറ്റ് പ്രസ്ഥാനം ചൈനീസ് വിപ്ലവത്തിന്റെ തന്ത്രത്തെ അന്ധമായി കോപ്പിയടിച്ചുകൊണ്ട് അധികാരം പിടിച്ചെടുക്കാൻ ആഹ്വാനം നൽകിയതും, പോലീസുമായും അർദ്ധസൈനിക വിഭാഗങ്ങളുമായും സായുധ സംഘർഷങ്ങളിൽ ഏർപ്പെട്ടതും, വർഗശത്രുക്കളെയും ഭൂപ്രഭുക്കളെയും ഉന്മൂലനം ചെയ്യുന്നതിന്റെ പേരിൽ കൊലപാതകങ്ങളിൽ ഏർപ്പെട്ടതും ഏവരും ഓർക്കുന്നുണ്ടാവും. ഇത്തരമൊരു തന്ത്രവും വീരശൂരസാഹസിക പരാക്രമങ്ങളും വ്യവസ്ഥാപിതശക്തികൾക്കെതിരെ പൊരുതാൻ മർദ്ദിത ജനതക്ക് ഉത്തേജനമേകുമെന്നും അങ്ങനെ അവർ വിപ്ലവം സാക്ഷാത്ക്കരിക്കാനായി സ്വയമേവ രംഗത്തിറക്കുമെന്നുമുള്ള ഒരു വിശ്വാസം നക്സലൈറ്റ് വക്താക്കൾ താലോലിച്ചുപോന്നിരുന്നു. പക്ഷെ വിപ്ലവത്തെപ്പറ്റിയും ഇന്ത്യൻ സാഹചര്യങ്ങളെ പറ്റിയുമുള്ള ധാരണകൾ യാഥാർത്ഥ്യത്തിൽ നിന്നും വളരെ അകലെയായിരുന്നതിനാൽ നക്സലൈറ്റ് പ്രസ്ഥാനം തുടക്കത്തിൽ കുറെ ഉദ്വേഗം ജനിപ്പിച്ചുവെങ്കിലും ഏറെ താമസിയാതെ അവ തേഞ്ഞുമാഞ്ഞ് പോയി. കുറെയധികം നക്സലൈറ്റ് പ്രവർത്തകർ ആക്ഷനുകളിൽ കൊല്ലപ്പെടുകയും അവശേഷിച്ചവരെ ആഴത്തിലുള്ള നിരാശ പിടികൂടുകയും ചെയ്തു. അവരിലൊരുവിഭാഗം സജീവരാഷ്ട്രീയത്തിൽ നിന്ന് വിരമിച്ചു. മറ്റൊരുവിഭാഗം ഭരണമുതലാളിത്തത്തിന്റെ വാലായി മാറി. ഇങ്ങനെ പൊളിഞ്ഞടിഞ്ഞതിന്റെ ഉത്തരവാദിത്വത്തെപ്പറ്റി തമ്മിൽ പഴിചാരിക്കൊണ്ട് സിപിഐ (എംഎൽ) അസംഖ്യം കഷണങ്ങളായി ചിതറിപ്പോയി. ഈ സംഭവങ്ങൾ വലിയൊരളവിൽ ജനങ്ങളുടെ പ്രവർത്തനോർജ്ജത്തെ ചോർത്തിക്കളയുകയും വിപ്ലവരാഷ്ട്രീയത്തെപ്പറ്റി ഒരു വിരുദ്ധവികാരം ജനിപ്പിക്കുകയും ജനാധിപത്യ സമരമാർഗ്ഗത്തിൽ നിന്ന് ഗണ്യമായ തോതിൽ അവരെ ആട്ടിയകറ്റുകയും ചെയ്തു. നക്സലൈറ്റ് ദുഃസാഹസികത്വം അങ്ങനെ ന്യായമായ ജനാധിപത്യപ്രക്ഷോഭണങ്ങളുടെ വികാസത്തിന്റെ പ്രക്രിയക്ക് വമ്പിച്ച ഹാനിവരുത്തി വച്ചു. യഥാർത്ഥത്തിൽ അത് പിന്തിരിപ്പൻ ശക്തികളെ ബലപ്പെടുത്തുകയും ചെയ്തു.

കുറച്ചുവർഷത്തെ ഇടവേളക്കുശേഷം, മുതലാളിത്തമർദ്ദനം പുതിയ ഉയരങ്ങളിലേക്ക് കയറിയ ഈ ഘട്ടത്തിൽ, വിഘടിച്ചുനിന്ന കുറച്ച് നക്സലൈറ്റ് ഘടകങ്ങൾ കൈകോർത്തുകൊണ്ട് സിപിഐ (മാവോയിസ്റ്റ്) എന്ന ഒരു പുതിയ ഘടകം രൂപീകരിച്ചിരിക്കുന്നു. ഈ പുതിയ പാർട്ടി തങ്ങളുടെ സംഘടന രൂപീകരിക്കാനായി ഗ്രാമീണ ഇന്ത്യയുടെ ചില പോക്കറ്റുകൾ, പ്രത്യേകിച്ചും ആറുസംസ്ഥാനങ്ങളിലെ ഏറ്റവും ദരിദ്രരും അവഗണിക്കപ്പെട്ടവരുമായ ആദിവാസികൾ പാർക്കുന്ന പ്രദേശങ്ങൾ തെരഞ്ഞെടുത്തു. ഏറ്റവും പിന്നാക്കം നിൽക്കുന്ന ഈ ജനങ്ങളിലെ ചില വിഭാഗങ്ങൾക്കിടയിൽ കുറെ അനുയായികളെ സൃഷ്ടിക്കാനും അവർക്ക് കഴിഞ്ഞു. മനുഷ്യോചിതമല്ലാത്ത ജീവിത സാഹചര്യത്തിലേക്ക് തള്ളപ്പെട്ടും നിരന്തരം അവഗണനയും വിവേചനവും നീതിനിഷേധവും അനുഭവിച്ച് ജീവിച്ചുപോവാൻ വിധിക്കപ്പെട്ടവരുമായ നിർഭാഗ്യവാന്മാരായ ഈ ആദിവാസികൾ ഉള്ള് നീറിപ്പുകഞ്ഞു കഴിയുകയായിരുന്നു. സ്വാഭാവികമായും ധനികരോട് ഒരു വെറുപ്പ് അവർ ഉള്ളിൽ പേറിയിരുന്നു. പക്ഷേ ധനികവിഭാഗത്തോടുള്ള ഈ വെറുപ്പ്, ശരിയായ ദിശയിലുള്ള സമരത്തിലൂടെ ആർജ്ജിക്കേണ്ട വർഗ്ഗബോധമായിരുന്നില്ല. എന്നാൽ, എന്താണ് വർഗ്ഗബോധമെന്നും വിപ്ലവം കൊണ്ട് എന്താണ് അർത്ഥമാക്കുന്നതെന്നും എങ്ങനെയാണത് വളരുന്നതെന്നും ഒരു സമൂർത്തസാഹചര്യത്തിൽ എങ്ങനെയാണ് വിപ്ലവസമരങ്ങൾ നടത്തേണ്ടതെന്നും പഠിപ്പിക്കാൻ ആയാസപ്പെടാതെ, സിപിഐ (മാവോയിസ്റ്റ്) നേതാക്കൾ ഈ പാവപ്പെട്ട ആദിവാസികളോട് പറഞ്ഞത് സായുധ സമരം കൊണ്ടുമാത്രം അവരുടെ ന്യായമായ അവകാശങ്ങൾ പിടിച്ചുപറ്റാമെന്നും വറുതിയിൽ നിന്നും ദുരിതത്തിൽ നിന്നും കരകയറാമെന്നുമാണ്. അടവ് നയമെന്ന മട്ടിൽ അവർ പോലീസ് സേനയെയും ബാരക്കുകളെയും സ്റ്റേഷനുകളെയും പതിയിരുന്ന് ആക്രമിക്കുകയും ജയിൽ ഭേദനം സംഘടിപ്പിക്കുകയും ആയുധശാലകൾ കൊള്ളയടിക്കുകയും പൊതുസ്ഥലങ്ങളിൽ സ്ഫോടനങ്ങൾ നടത്തുകയും വ്യക്തികളെ തിരഞ്ഞുപിടിച്ച് വധിക്കുകയും ബാങ്ക് കൊള്ളകൾ നടത്തുകയും ഭീഷണിപ്പെടുത്തി പണം തട്ടുകയും മറ്റും ചെയ്തിട്ട് ഇതൊക്കെ വിപ്ലവയുദ്ധങ്ങളെന്ന് ഉദ്ഘോഷിക്കുകയും ചെയ്യുന്നു. പിന്തുണ സംഘടിപ്പിക്കാനുള്ള മാർഗ്ഗമായി ജാതീയ വംശീയ ഭിന്നതകളെ ഉപയോഗപ്പെടുത്തുന്നത് ഉചിതമല്ലെന്നുപോലും അവർ കരുതുന്നില്ല. ഈ സായുധ നീക്കങ്ങളുടെ കാല്പനിക പുറംമോടിയാൽ ആകർഷിക്കപ്പെട്ട് തുടക്കത്തിൽ കുറെ ആദിവാസി യുവാക്കളും യുവതികളും ഈ പുതിയ സംഘടനയോട് അടുത്തു. പക്ഷെ അല്പായുസ്സായ ഈ ആവേശവും ഉത്സാഹവും പിൻവലിയുകതന്നെ ചെയ്തു. വല്ലപ്പോഴുമുള്ള ഹിംസാത്മകപ്രവർത്തനവും വ്യക്തികളെ വകവരുത്തുന്നതും കൊണ്ട് അവർ അഭിലഷിക്കുന്ന വിധത്തിൽ വ്യവസ്ഥിതിയുടെ മാറ്റത്തിന് തിരികൊളുത്തുമെന്നും അധികാരികളെ വിപ്ലവത്തിന്റെ മുന്നിൽ കീഴ്പ്പെടാൻ പ്രേരിപ്പിക്കുമെന്നും അവരിൽ പലരും ആത്മാർത്ഥമായി വിശ്വസിച്ചു. പക്ഷെ ഈയൊരുഘട്ടം കഴിഞ്ഞതോടെ ഭരണകൂടം അതിന്റെ എല്ലാ അടിച്ചമർത്തൽ സംവിധാനങ്ങളുമായി അവരുടെ മേൽ ചാടിവീണു. അവരെ പിടികൂടാനായി അരിച്ചുപെറുക്കൽ നീക്കങ്ങൾ ശക്തിപ്പെടുത്തി. പോലീസിന്റെയും പട്ടാളത്തിന്റെയും വെടിയുണ്ട വർഷത്തിനുമുന്നിൽ നേതാക്കളും കേഡർമാരും മരിച്ചുവീണു. ഈ ആഘാതത്തെ അവർക്ക് പിടിച്ചുനിൽക്കാനായില്ല. ഒരു തരം നിരാശാബോധം അവരെ പിടികൂടി. ദയനീയമായ പതനത്തിൽ സംഘടന ആണ്ടുപോയി. നേതാക്കളടക്കമുള്ള പല കേഡർമാരും സാധാരണ ജീവിതത്തിലേക്ക് മടങ്ങിവരുന്നതിന്റെ പേരിൽ ഭരണാധികാരികൾക്ക് മുന്നിൽ കീഴടങ്ങുന്ന സംഭവങ്ങളുടെ എണ്ണം വർദ്ധിച്ചു.

സാധാരണ ജനങ്ങളുടെ വിവിധ വിഭാഗങ്ങളെ സിപിഐ (മാവോയിസ്റ്റ്) സംഘടിപ്പിച്ചത് നീണ്ടുനിൽക്കുന്ന വർഗ്ഗബഹുജന സമരങ്ങളുടെ അനുഭവപാഠങ്ങളിലൂടെയല്ല എന്നതിനാൽ ആ വിഭാഗങ്ങളുടെ അടിയന്തിര ആവശ്യങ്ങൾ ഉയർത്തിപ്പിടിക്കുന്നിടത്തോളം കാലം മാത്രമേ അവർ ഈ പാർട്ടിയോടൊപ്പം നിന്നുള്ളൂ. 'മാവോയിസ്റ്റ്' കേഡർമാർക്കും അവരെ പിന്തുണച്ചുകൊണ്ട് അടുത്തുനിൽക്കുന്ന ബഹുജനങ്ങൾക്കും വിപ്ലവസ്വഭാവവും പ്രബുദ്ധതയുമില്ലെന്നും അടിസ്ഥാന ജീവിതാവശ്യകതകളുടെ കണികപോലും തങ്ങൾക്ക് ലഭിക്കാത്തതുകൊണ്ടു മാത്രമാണ് അവരോടൊത്തു നിൽക്കുന്നതെന്നുമുള്ള വസ്തുത നന്നായറിയാവുന്ന സർക്കാർ ഭരണസംവിധാനവും 'വികസന' കാർഡ് കളിച്ചുകൊണ്ട് ചില്ലറ അപ്പക്കഷണങ്ങൾ വലിച്ചെറിഞ്ഞുകൊടുക്കുകയാണ്. ഈ വികസന ജാടകളോടൊപ്പം കടുത്ത അടിച്ചമർത്തലുകളും കൂടിയായപ്പോൾ സ്വയം പ്രഖ്യാപിത മാവോയിസ്റ്റ് പ്രസ്ഥാനത്തോടുള്ള ജനങ്ങളുടെ ആകർഷണം വികർഷണമായും അനുതാപം നിസ്സംഗതയായും മാറി. മാവോയിസ്റ്റ് പ്രസ്ഥാനത്തിന്റെ സ്വാധീനവലയത്തിൽപ്പെട്ടിരുന്ന പലരും 'ആനുകൂല്യങ്ങൾ' വിതരണം ചെയ്യുന്ന ഇത്തരം മുഖംമിനുക്കൽ പരിപാടികളുടെ അനുകൂലികളായി മാറിയെന്നുമാത്രമല്ല ഭരണസംവിധാനത്തിനു സ്വയം വിൽക്കുക പോലും ചെയ്യുകയുണ്ടായി. ഈ പ്രക്രിയയിലൂടെ ആദിവാസികളിലെ ഗണ്യമായൊരു

*(ശേഷം പേജ് 7-ൽ)*

# വ്യക്തികളുടെ ഉന്മൂലനവും ഭീകരതയും വിപ്ലവപ്രവർത്തനമല്ല

*(6-ാംപേജിൽ നിന്ന്)*

വിഭാഗം 'മാവോയിസ്റ്റ്' പ്രസ്ഥാനത്തിൽ നിന്ന് വേർപിരിഞ്ഞുപോയി. 'മാവോയിസ്റ്റ്' അധിനിവേശത്തെ വികസനത്തിന്റെ ശക്തികൊണ്ട് ക്ഷയിപ്പിക്കാൻ കഴിഞ്ഞുവെന്ന് ബൂർഷ്വാസർക്കാരുകൾ അവകാശവാദമുന്നയിക്കുന്നത് ഇക്കാര്യം ചൂണ്ടിക്കാട്ടിയാണ്. വിപ്ലവത്തെയും വിപ്ലവത്തിന്റെ വികാസത്തിന്റെ രീതിശാസ്ത്രത്തെയും പറ്റിയുള്ള അബദ്ധജഡിലമായ ധാരണകൾക്ക് സ്വാഭാവികമായുണ്ടായ പരിണതഫലമാണിത്.

### വിപ്ലവത്തെയും ഇന്ത്യൻ സാഹചര്യത്തെയും പറ്റിയുള്ള അബദ്ധജഡിലമായ ധാരണകൾ

സിപിഐ (മാവോയിസ്റ്റ്) നേതാക്കളെ മുൻപും ഇപ്പോഴും പിറകോട്ട് വലിക്കുന്നതെന്താണ്? മാവോസെതുങിന്റെ പാഠങ്ങൾ യഥാർത്ഥത്തിൽ അവർ പിന്തുടരുന്നുണ്ടോയെന്ന് കണ്ടെത്താനായി വികാരങ്ങൾക്കടിപ്പെടാതെയും യാതൊരുവിധ മുൻവിധികളും അന്ധതയുമില്ലാതെയും ഒരു ആത്മപരിശോധന അവർ നടത്തേണ്ടതുണ്ട്. അതല്ല, ആത്മാർത്ഥമായ ഉദ്ദേശ്യങ്ങളും പാവപ്പെട്ടവരോടുള്ള ആഭിമുഖ്യവുമുണ്ടെങ്കിലും മാവോചിന്തകളുടെ നേർ വിപരീതദിശയിലാണോ ചരിക്കുന്നതെന്നും അവർ പരിശോധിക്കണം. അവർ വിപ്ലവത്തിന്റെ താല്പര്യങ്ങളെ സഹായിക്കുകയാണോ അതോ തടസ്സപ്പെടുത്തുകയാണോ? വിപ്ലവം, വിപ്ലവസംഘാടനത്തിന്റെ പ്രക്രിയ, മാർക്സിസം-ലെനിനിസമെന്ന ശാസ്ത്രത്തിൽ വളരെ കൃത്യമായി വിശദീകരിക്കപ്പെട്ടിട്ടുള്ളതുപോലെ, വിപ്ലവത്തിന്റെ വസ്തുനിഷ്ഠസാഹചര്യത്തിന്റെയും ആത്മനിഷ്ഠ സാഹചര്യത്തിന്റെയും അവശ്യദൗത്യങ്ങളെ പൂർത്തീകരിക്കുന്നതിന് പര്യാപ്തമായവിധം ശരിയായ പാതയിലൂടെ വിപ്ലവസമരങ്ങൾ കെട്ടിപ്പടുക്കുക എന്നിങ്ങനെയുള്ള വിഷയങ്ങളെ സംബന്ധിച്ചുള്ള നേരായ ധാരണകൾ പ്രത്യയശാസ്ത്ര പ്രതിപാദനങ്ങളിലൂടെയോ പ്രായോഗിക പ്രവർത്തനങ്ങളിലൂടെയോ അവർ പ്രകടിപ്പിക്കുന്നുണ്ടോ? പെരുകുന്ന മുതലാളിത്ത കടന്നാക്രമണങ്ങളാൽ ജനങ്ങൾ അടിച്ചമർത്തപ്പെടുന്നു എന്നതുകൊണ്ട് മാത്രം വിപ്ലവം സ്വയമേവ സംഭവിക്കില്ല എന്ന് മാർക്സിസം-ലെനിനിസം ചൂണ്ടിക്കാണിക്കുന്നു. മാനവമോചനത്തിന്റെ ഒരേയൊരു ദർശനമാണത്. ഒരു ശാസ്ത്രീയ രീതിശാസ്ത്രത്തെ പിന്തുടർന്നുകൊണ്ട് വിപ്ലവം സംഘടിപ്പിക്കേണ്ടതുണ്ട്. കഷ്ടപ്പാടുകളും അടിച്ചമർത്തലുകളും അസഹ്യമായി വർദ്ധിക്കുമ്പോൾ ജനങ്ങൾ ഉള്ളുരുകി മോചനമാവശ്യപ്പെടും. വ്യവസ്ഥിതിയെത്തന്നെ പിടിച്ചുലക്കുന്നവിധത്തിൽ നിലവിലുള്ള മുതലാളിത്ത സമ്പദ്വ്യവസ്ഥയുടെ ഇടതടവില്ലാത്ത പ്രതിസന്ധി രൂക്ഷമാകുമ്പോൾ മാത്രമേ വിപ്ലവത്തിന്റെ വസ്തുനിഷ്ഠ സാഹചര്യം പാകമായി എന്നു പറയാനാവൂ. പക്ഷെ അനുകൂലമായ വസ്തുനിഷ്ഠ സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെട്ടതുകൊണ്ട് മാത്രം വിപ്ലവത്തെ വിജയത്തിലെത്തിക്കാനാവില്ല. ആത്മനിഷ്ഠ സാഹചര്യങ്ങളും പൂർത്തീകരിക്കേണ്ടതുണ്ട്. അവ രണ്ടും ഒന്നിച്ചെത്തുകയും വേണം. സമൂഹത്തിന്റെ വിപ്ലവപരിവർത്തനത്തിന്റെ പ്രക്രിയയെ ത്വരിതപ്പെടുത്താനായി അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ഭാഗത്ത് നിന്ന് അനുകൂലമായ മനോഭാവവും മതിയായ തയ്യാറെടുപ്പും ആത്മനിഷ്ഠസാഹചര്യം പക്വമാകുന്നതിന്റെ മുന്നുപാധികളാണ്. ജീവിതത്തിന്റെ സകലമേഖലകളെയും ഉൾക്കൊള്ളിക്കുന്ന ശരിയായ വിപ്ലവസിദ്ധാന്തത്താൽ സായുധരായ, ലെനിനിസ്റ്റ് മാതൃകയിൽ കെട്ടിപ്പടുക്കപ്പെട്ട ശരിയായ ഒരു വിപ്ലവപാർട്ടിക്കുമാത്രമേ ജനങ്ങളുടെ രാഷ്ട്രീയബോധം ഈ തലത്തിലേക്ക് ഉയർത്താനാകൂ. മാത്രമല്ല, അത്തരമൊരു പാർട്ടിക്കുമാത്രമേ വേദനാനിർഭരമായ ആശയസമരങ്ങളിലൂടെ ജനങ്ങളെ വർഗ്ഗബഹുജന സമരങ്ങളിൽ അണിചേർത്തുകൊണ്ട് വിപ്ലവത്തിനനുകൂലമായി നിർണ്ണായകമായ രീതിയിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് വിപുലമായ ജനസമൂഹത്തെ വിപ്ലവത്തിന്റെ പാതയിലൂടെ മുന്നോട്ട് നയിക്കാനാകൂ. ശരിയായി വിപ്ലവസിദ്ധാന്തം കൈമുതലായുള്ള ശരിയായ വിപ്ലവ പാർട്ടിക്ക് ബഹുജനങ്ങളെ ആവേശഭരിതരാക്കി തൊഴിലാളിവർഗ്ഗ സംസ്കാരത്താൽ പ്രചോദിതരാക്കി, വിപ്ലവപക്ഷത്തേക്ക് അടുപ്പിക്കുവാനും മുതലാളിത്ത ഭരണകൂടത്തിന്റെ കൂലിപ്പട്ടാളത്തോട് ഏറ്റുമുട്ടാൻ പോന്നവണ്ണം ജനകീയവിപ്ലവസേനക്ക് ജന്മം നൽകുവാനും കഴിയണം. വിപ്ലവത്തെ നയിക്കാനായി ആശയപരമായും സംഘടനാപരമായും മതിയായ ശക്തി ആർജ്ജിക്കുന്നതിൽ വിജയം വരിക്കുവാനും കഴിയണം. അപ്പോൾ മാത്രമേ ആത്മനിഷ്ഠ സാഹചര്യം വിപ്ലവത്തിന് പാകമായി എന്ന് പറയാനാവൂ.

അതിനാൽ വിപ്ലവത്തിന്റെ ആത്മനിഷ്ഠസാഹചര്യം സൃഷ്ടിക്കുന്നതിന്റെ മുന്നൊരുക്കമെന്ന് പറയുന്നത് ലെനിനിസ്റ്റ് മാതൃകയിലുള്ള ഒരു ശരിയായ വിപ്ലവപാർട്ടിയുടെ രൂപീകരണവും ശരിയായ വിപ്ലവ സിദ്ധാന്തവും ശരിയായ അടിസ്ഥാന രാഷ്ട്രീയ ലൈനുമാണ്. സിപിഐ (മാവോയിസ്റ്റ്) ഈ മുന്നുപാധികൾ പൂർത്തീകരിച്ചുവോ? ഇല്ല എന്നതാണ് ഉത്തരം. പരാതിക്കാരായ പഴയ നക്സലൈറ്റ് കഷണങ്ങൾ ഉൾക്കൊള്ളുന്ന, മുൻകാലത്തു പിളർന്നുണ്ടായ രണ്ട് സിപിഐ (എംഎൽ) ഭാഗങ്ങൾ ചേർന്ന് വെറും ഒരു പ്രഖ്യാപനം നടത്തി കൂടിച്ചേർന്ന് രൂപീകരിച്ചതാണ് ഈ പാർട്ടി. കേവലം ഉൽക്കടമായ അഭിലാഷമുള്ളതുകൊണ്ടോ സായുധസമരത്തിന്റെ പുറമേയുള്ള ഹരം കൊണ്ടോ ജീവനുൾപ്പെടെ സകലതും ത്യജിക്കാൻ തയ്യാറായതുകൊണ്ടോ ഗറില്ലായുദ്ധം നടത്താനായി സൈനിക പരിശീലനം നേടി സ്വയം സജ്ജമായതുകൊണ്ടോ ഒന്നും ഒരു ശരിയായ വിപ്ലവപാർട്ടി കെട്ടിപ്പടുക്കാനാവില്ല.

ശരിയായ വിപ്ലവസിദ്ധാന്തത്തിന്റെ വിഷയം പരിശോധിക്കാം. വിപ്ലവസിദ്ധാന്തമെന്നത് പാർട്ടിയുടെ രാഷ്ട്രീയ പരിപാടികളും നയങ്ങളും മാത്രമാണെന്ന് ലെനിൻ ഒരിക്കലും ഉദ്ദേശിച്ചില്ല. മറിച്ച്, ശാസ്ത്രമടക്കം വിജ്ഞാനത്തിന്റെ എല്ലാ ശാഖകളുടെയും അനുഭവങ്ങളും ധാരണകളും ദ്വന്ദ്വാത്മകമായി കോർത്തിണക്കിക്കൊണ്ട് പാർട്ടികയുടെ കേന്ദ്രനേതൃത്വം വികസിപ്പിച്ചെടുക്കുന്ന സമ്പൂർണ്ണ വിജ്ഞാനശാസ്ത്ര സംവർഗ്ഗത്തെയാണ് വിപ്ലവസിദ്ധാന്തമെന്ന് ലെനിൻ വിശേഷിപ്പിച്ചത്. മാർക്സിസ്റ്റ് ദർശനത്തെപ്പറ്റിയുള്ള അത്തരത്തിലുള്ള സമഗ്രധാരണകളൊന്നും തന്നെ സിപിഐ (മാവോയിസ്റ്റ്) നേതൃത്വം കൊണ്ടുവന്നിട്ടില്ല. ഈ വിഷയത്തെപ്പറ്റി പാർട്ടി ഏതെങ്കിലും പ്രസിദ്ധീകരണം ഇറക്കുകയോ ഈ വിഷയത്തെപ്പറ്റി അതിന്റെ നേതാക്കൾ ജനങ്ങളുടെയിടയിൽ എന്തെങ്കിലും ആശയപ്രചരണം നടത്തുകയോ ചെയ്തതായി കാണുന്നില്ല.

സമൂർത്തമായ സാഹചര്യത്തിന്റെ സമൂർത്തവിശകലനത്തിലൂടെ മാർക്സിസം-ലെനിനിസമെന്ന ശാസ്ത്രത്തെ ഒരു പ്രത്യേക രാജ്യത്ത് സമുചിതമായി പ്രയോഗിക്കുകയും സമൂർത്തവൽക്കരിക്കുകയും ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ സിദ്ധാന്തത്തെയും വിപ്ലവത്തിന്റെ ഘട്ടത്തെയും തന്ത്രത്തെയും നിർണ്ണയിക്കുകയെന്നതാണ് അടുത്തതായി ചർച്ച ചെയ്യേണ്ട വിഷയം.

" .....ഇന്ത്യൻ സമൂഹത്തിന്റെ സ്വഭാവം അർദ്ധ കൊളോണിയലും അർദ്ധജന്മിത്വപരവുമാണ്. ഇന്ത്യൻ വിപ്ലവം രണ്ട് ഘട്ടങ്ങളിലൂടെ കടന്നുപോകണം. അർദ്ധ കൊളോണിയൽ-അർദ്ധ ജന്മിത്ത സമൂഹത്തെ ഒരു സ്വതന്ത്ര പുത്തൻ ജനാധിപത്യ സമൂഹമായി മാറ്റിയെടുക്കുകയെന്നതാണ് ആദ്യത്തേത്". ഇതാണ് അവരുടെ കാഴ്ചപ്പാട്. പഴയ സിപിഐ (എം.എൽ) നക്സലൈറ്റ് നേതൃത്വങ്ങളെ പോലെ തന്നെ ഇവരും അന്ധമായി ചൈനീസ് മാതൃക കോപ്പിയടിക്കുകയും ഇന്ത്യൻ യാഥാർത്ഥ്യത്തിലേക്ക് ചൈനീസ് സാഹചര്യങ്ങൾ അടിച്ചേൽപ്പിക്കുകയും ചെയ്തിരിക്കുകയാണ്. അതിനാൽ തന്നെ ഇന്ത്യൻ സമൂഹത്തിനുള്ളിൽ പ്രവർത്തിക്കുന്ന വർഗ്ഗസമരത്തിന്റെ വസ്തുനിഷ്ഠസ്വഭാവവും പ്രക്രിയയും നിർണ്ണയിക്കുന്നതിൽ ഗുരുതരമായ പിശകാണ് ഇവർ വരുത്തിയിരിക്കുന്നത്. വിപ്ലവത്തിന് മുമ്പുള്ള ചൈന സ്വതന്ത്ര ജനാധിപത്യരാജ്യമായിരുന്നില്ലെന്നും അർദ്ധ കൊളോണിയൽ-അർദ്ധ ജന്മിത്വരാജ്യമായിരുന്നുവെന്നും ജനങ്ങൾക്ക് ഉപയോഗപ്പെടുത്താനായി ഒരു പാർലമെന്റ് ഇല്ലായിരുന്നെന്നും തൊഴിലാളി സമരങ്ങൾ സംഘടിപ്പിക്കാൻ നിയമപരമായി യാതൊരു അവകാശവുമില്ലായിരുന്നെന്നും മൂർത്തസാഹചര്യത്തിൽ മാർക്സിയൻ ശാസ്ത്രത്തെ പ്രയോഗിച്ചുകൊണ്ട് മഹാനായ മാവോസെതുങ് വ്യക്തമായി കാട്ടിത്തരുന്നു. അതിനാൽ അവിടത്തെ വിപ്ലവത്തിന്റെ കടമ യുദ്ധവും ആരംഭിക്കുന്നതിന് മുമ്പുള്ള നിയമവിധേയമായ നീണ്ടകാലത്തെ സമരത്തിലൂടെ കടന്നുപോവുക എന്നതായിരുന്നില്ല. ആദ്യം വലിയ സിറ്റികൾ പിടിച്ചെടുത്തതിനുശേഷം ഗ്രാമങ്ങൾ പിടിക്കുക എന്നതായിരുന്നില്ല, അതുനേരെ മറിച്ചായിരുന്നു. ഇന്നത്തെ കാലത്തെ ഇന്ത്യൻ രാഷ്ട്രഘടനയുമായി ഇതിന് എന്തെങ്കിലും സാമ്യമുണ്ടായിരുന്നോ? മറിച്ച്, ഇന്ത്യ ഏതൊരു പരിശോധനാരീതി വെച്ചു നോക്കിയാലും ഇതിനോടകം തന്നെ സാമ്രാജ്യത്വസ്വഭാവങ്ങൾ ആർജ്ജിച്ച വളരെ വികസിച്ച ഒരു മുതലാളിത്ത സമ്പദ്വ്യവസ്ഥയാണ്. അടിയുറച്ച നിലയിൽ സ്ഥാപിക്കപ്പെട്ട ഒരു മുതലാളിത്ത ഭരണകൂടത്തിന്റെ കേന്ദ്രീകൃതമായ സൈനിക-ഭരണനിയന്ത്രണത്തിൻ കീഴിലാണത്. മുതലാളിത്ത രാഷ്ട്രങ്ങളും, അർദ്ധ കൊളോണിയൽ-അർദ്ധ ജന്മിത്ത രാഷ്ട്രമായ ചൈനയും തമ്മിലുള്ള വ്യത്യാസങ്ങൾ ചൂണ്ടിക്കാട്ടിക്കൊണ്ട് മാവോസെതുങ് ചൈനീസ് അനുഭവത്തിന്റെ യാന്ത്രികവും വരട്ടുതത്വവാദപരവുമായ പറിച്ചുനടലിനെതിരായി വ്യക്തമായ മുന്നറിയിപ്പ് നൽകിയിരുന്നു. അദ്ദേഹം പറഞ്ഞു, "മറ്റുള്ളവരിൽ നിന്ന് പഠിക്കുന്നതിന് രണ്ട് രീതികളുണ്ട്. ഒന്ന് വരട്ടുതത്വവാദപരമായ മനസിലാക്കലാണ്. നമ്മുടെ സാഹചര്യത്തിന് ഉചിതമായതാണോ അല്ലയോ എന്നൊന്നും അവിടെ പരിശോധിക്കപ്പെടുന്നില്ല. മറ്റൊന്ന് നമ്മുടെ ബുദ്ധി ഉപയോഗിച്ച് നമ്മുടെ സാഹചര്യങ്ങൾക്ക് ഇണങ്ങുന്ന അനുഭവങ്ങൾ പഠിക്കുകയും സ്വീകരിക്കുകയും ചെയ്യുക എന്നതാണ്. ഈ രീതിയാണ് നമ്മൾ സ്വീകരിക്കേണ്ടത്". (*ജനങ്ങൾക്കിടയിലെ വൈരുദ്ധ്യങ്ങളെ ശരിയായി കൈകാര്യം ചെയ്യുന്നതിനെപ്പറ്റി.* പേജ് 75) "പ്രത്യയശാസ്ത്ര രാഷ്ട്രീയ ലൈനിന്റെ ശരിതെറ്റുകളാണ് എല്ലാം തീരുമാനിക്കുന്നത്". (*തെരഞ്ഞെടുത്ത കൃതികൾ* പേജ് 441) രാഷ്ട്രീയ ലൈൻ അഥവാ ശത്രുവാരെന്ന് നിശ്ചയിക്കുന്നത് തെറ്റാണെങ്കിൽ എത്രത്തോളം വിപ്ലവപദാവലികളും പൊരുതാനുള്ള മനസുമുണ്ടെങ്കിലും ആഗ്രഹിക്കുന്ന വിപ്ലവത്തെപ്പറ്റി എത്ര ആവേശോജ്ജ്വലമായി അലറിവിളിച്ചാലും ഒരുവന്റെ അധഃപതനം അനിവാര്യമാണ്. മറിച്ച്, ലൈൻ ശരിയാണെങ്കിൽ വരും നാളുകളിൽ രാഷ്ട്രീയാധികാരം നേടാനും വിപ്ലവത്തെ വിജയത്തിലെത്തിക്കാനുമാകുമെന്നത് ഉറപ്പാണെന്ന് അദ്ദേഹം തുടർന്ന് വിശദീകരിച്ചു.

### വ്യക്തികളുടെ ഉന്മൂലനവും ഭീകരതയും

പഴയ അതേ തെറ്റുകൾ ആവർത്തിക്കാനും അതേ പരിണിത ഫലങ്ങൾ ക്ഷണിച്ചുവരുത്താനും സിപിഐ (മാവോയിസ്റ്റ്) നേതൃത്വം നിർബന്ധബുദ്ധിയോടെ തീരുമാനിച്ചുറച്ചതുപോലെയാണ് കാര്യങ്ങളുടെ പോക്ക്. വികലമായ സൈദ്ധാന്തിക ധാരണകൾക്ക് പുറമെ, വർഗ്ഗശത്രുവിന്റെ ഉന്മൂലനത്തിലും സംഘടനാപരമായ ലക്ഷ്യങ്ങൾ നേടാനായി തീവ്രമായ ഹിംസാത്മക പ്രവൃത്തികളിലുമുള്ള വിശ്വാസം പാർട്ടി വീണ്ടും ഉറപ്പിച്ച് പറയുന്നതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഭീകരവാദ പ്രവർത്തനങ്ങൾ ഭരണകൂടസംവിധാനത്തെ ദുർബലമാക്കുമെന്നും അത് വിപ്ലവപ്രക്രിയയെ സഹായിക്കുമെന്നുമുള്ള വാദത്തെ സിപിഐ (മാവോയിസ്റ്റ്) നേതൃത്വം അംഗീകരിക്കുന്നു. അതിനാൽ മാസ്‌ലൈൻ പിന്തുടരുന്നതിന്റെയും സ്ക്വാഡ് പ്രവർത്തനങ്ങളിൽ ഊന്നുന്നതിന്റെയും പേരിലുള്ള ഫീൽഡ് പ്രവർത്തനങ്ങളിൽ വ്യക്തികളുടെ ഉന്മൂലനവും ഭീകരപ്രവർത്തനങ്ങളും ഉൾപ്പെടുന്നു. എല്ലാ വർഗ്ഗ ബഹുജന സംഘടനകളും 'തിരുത്തൽവാദത്തിന്റെ രാജപാതകളാ'ണെന്ന് 1960 കളിൽ നക്സലൈറ്റ് നേതൃത്വം പ്രഖ്യാപിച്ച അബദ്ധജഡിലമായ പ്രത്യയശാസ്ത്ര രാഷ്ട്രീയ ലൈൻ ഓർക്കുന്നത് ഈ അവസരത്തിൽ സാംഗതമാണ്. ആ ലൈൻ സിപിഐ (മാവോയിസ്റ്റ്) അംഗീകരിക്കുന്നുവെന്നാണ് കാണുന്നത്. അതുകൊണ്ട്, അടിച്ചമർത്തൽ ഒരു ഭരണകൂടനയമായിരിക്കുന്നിടത്ത് സായുധസമരം മാത്രമേ അർത്ഥ ശങ്കക്കിടയില്ലാത്തവിധം സാധ്യമായ ഒരേയൊരു പ്രതികരണമായുള്ളൂ എന്നാണ് അവരുടെ അഭിപ്രായം. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ അത്തരം സായുധ സമരമെന്നത് ചില അവസരങ്ങളിലുള്ള പതിയിരുന്നാക്രമണവും വ്യക്തികളെ ഉന്മൂലനം ചെയ്യലും തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ അഴിച്ചുവിടുന്ന ഭീകരപ്രവർത്തനങ്ങളുമാണ്. ഈ തന്ത്രം ഒരു രാഷ്ട്രീയ പ്രക്ഷോഭണത്തിന്, എന്തിന് രാഷ്ട്രീയ വിപ്ലവത്തിന് പോലും സ്വയമേവ പ്രേരണ നൽകുമെന്ന് അവർ വിശ്വസിക്കുന്നു. ഇത്തരം ധാരണകളുടെ സൈദ്ധാന്തിക അബദ്ധങ്ങൾ എന്താണെന്ന് മനസ്സിലാക്കേണ്ടതുണ്ട്. ഭരണമുതലാളിവർഗ്ഗത്തെയാകെ ശത്രുവായി കാണുന്നതിന് പകരം മുൻകാല നക്സലൈറ്റുകളെപ്പോലെ തന്നെ 'മാവോയിസ്റ്റ്' നേതാക്കളും ചില വ്യക്തികളെ വർഗ്ഗ ശത്രുക്കളായി കാണുകയും അവരെ ഉന്മൂലനം ചെയ്യാൻ പദ്ധതിയിടുകയും ചെയ്യുന്നു. ഇത്തരത്തിൽ പോലീസുകാർ, ബൂർഷ്വാ രാഷ്ട്രീയനേതാക്കൾ, ഭൂവുടമകൾ, ബ്യൂറോക്രാറ്റുകൾ തുടങ്ങിയവരിൽ ചിലരെ പിടിച്ചുകൊല്ലുന്ന ഈ നയത്തിന് വ്യവസ്ഥിതിയെ മാറ്റാനാവില്ലെന്ന് മാത്രമല്ല, മറിച്ച് മുതലാളിത്തത്തെ സംരക്ഷിക്കുകയാവും അതിലൂടെ ചെയ്യുക. തൊഴിലാളി വർഗ്ഗ വിപ്ലവപ്രസ്ഥാനത്തിന് രാഷ്ട്രീയ നേട്ടമുണ്ടാക്കാനും ജനങ്ങളെ വിപ്ലവസമരത്തിന്റെ പാതയിലെത്തിക്കാനും അവരെ ഭയപ്പെടുത്തേണ്ട യാതൊരു ആവശ്യകതയുമില്ല. തൊഴിലാളിവർഗ്ഗബോധത്താൽ പ്രചോദിതരായവർക്ക് ബൂർഷ്വാസിക്കെതിരായ പോരാട്ടം അവൈയക്തികമാണ്. അതൊരു വർഗ്ഗസമരമാണ്. വെറുപ്പ് വർഗ്ഗത്തോടാണ്; വ്യക്തിപരമായി ആർക്കെങ്കിലും എതിരെയല്ല. നീണ്ടുനിൽക്കുന്ന, യാതനാഭരിതമായ സൈദ്ധാന്തിക പ്രത്യയശാസ്ത്ര സമരത്തിലൂടെയും വർഗ്ഗ ബഹുജനസമരങ്ങൾ രൂക്ഷമാക്കുന്നതിലൂടെയും അവർ ക്രമേണ ജനങ്ങളെ വിപ്ലവത്തിന് പ്രാപ്തരാക്കുന്നു. നേരെമറിച്ച്, സിപിഐ (മാവോയിസ്റ്റ്) നേതൃത്വം വിപ്ലവം പൊടുന്നനെ പൊട്ടിപ്പുറപ്പെടുമെന്ന് വിശ്വസിക്കുന്നു. ബൂർഷ്വാവ്യവസ്ഥിതിയുടെ സംരക്ഷകരുടെ പിടിയിൽ നിന്ന് ജനങ്ങളെ സ്വതന്ത്രരാക്കാനായി അനിവാര്യമായും നടത്തേണ്ട നിരന്തരമായ ആശയസമരങ്ങളുടെയും വർഗ്ഗബഹുജന സമരങ്ങളുടെയും ആവശ്യകതയെയും അവർ നിരാകരിക്കുകയും ചെയ്യുന്നു.

ഇക്കാര്യത്തിൽ മഹാന്മാരായ മാർക്സിസ്റ്റ് പ്രാമാണികരുടെ പാഠങ്ങൾ ഓർക്കുന്നത് പ്രസക്തമായിരിക്കും. 1880 ൽ മാർക്സ് എംഗൽസിനെഴുതിയ കത്തിൽ ഇങ്ങനെ പറയുന്നു. "ഭീകരതയുടെ വാഴ്ച. അത്

*(ശേഷം പേജ് 12-ൽ)*

# ഇടതു – ജനാധിപത്യ മുന്നേറ്റത്തിന്റെ അഭാവം വർഗ്ഗീയതയുടെ വളർച്ചയ്ക്ക് വഴിയൊരുക്കി

*(2-ാംപേജിൽ നിന്ന്)*

ത്വത്തിന് തെളിവായി തന്നെ "തീർത്തും കുറ്റവിമുക്തനാക്കിയ" പ്രത്യേക അന്വേഷണ സംഘത്തിന്റെ റിപ്പോർട്ട് ഉയർത്തിക്കാട്ടി അഹങ്കരിക്കുകയും ചെയ്യുന്നു! ഈ റിപ്പോർട്ടിൽ ആദ്യം പറഞ്ഞ കാര്യങ്ങൾക്ക് ഘടകവിരുദ്ധമായിട്ടുള്ള കാര്യങ്ങൾ അധികാരശക്തികളുടെ സമ്മർദ്ദംകൊണ്ട് എഴുതിപ്പിടിപ്പിച്ചത് മനസ്സിലാകാതിരിക്കാൻ മാത്രം മണ്ടൻമാരാണ് രാജ്യത്തെ ജനങ്ങളെല്ലാം എന്നാണോ മോഡി കരുതുന്നത്? നിരപരാധികളെ ചുട്ടുകൊല്ലുന്നതും മറ്റും ടെലിവിഷനിൽ കണ്ടജനങ്ങൾ അതെല്ലാം മറന്നുവെന്നാണോ കരുതുന്നത്? ആ അഭിമുഖത്തിൽത്തന്നെ പറഞ്ഞ മറ്റൊരു കാര്യം, "നമ്മളൊരു വാഹനത്തിൽപോകുമ്പോൾ ഒരു പട്ടിക്കുഞ്ഞിന്റെ പുറത്ത് വണ്ടി കയറി അത് ചത്താൽ നമുക്ക് ദു:ഖം തോന്നില്ലേ, അതുപോലെ ഗുജറാത്ത് കൂട്ടക്കൊലയിൽ മരിച്ചവരുടെ കാര്യത്തിലും വിഷമമുണ്ട്" എന്നാണ്. അധികാരകസേരയിലേയ്ക്കുള്ള രഥയാത്രയുടെ ഹരത്തിൽ എന്തുധിക്കാരവും പറയാമെന്നായിരിക്കുന്നു എന്നതിന്റെ തെളിവാണിത്. ഇവിടെ പട്ടിക്കുഞ്ഞിനെ മുസ്ലീം സമുദായത്തോട് ഉപമിച്ചിരിക്കുകയാണ്. പട്ടിയുടെ കുഞ്ഞ് എന്നത് നമ്മുടെ രാജ്യത്ത് എത്രമോശമായ പദപ്രയോഗമാണെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്? ഓരോരുത്തരും അവരുടെ സംസ്കാരത്തിന് അനുസരിച്ചുള്ള പദപ്രയോഗങ്ങളാണ് നടത്തുക. മോഡിയുടെ ഈ പദപ്രയോഗം യാദൃശ്ചികമല്ല. ആർഎസ്എസിന്റെ മുസ്ലീം വിരുദ്ധ വർഗ്ഗീയ നിലപാടിൽനിന്നും ആർജ്ജിച്ചെടുത്ത സ്വന്തം സാംസ്കാരമാണ് അത് പ്രതിഫലിപ്പിക്കുന്നത്.

ഇതുകൊണ്ടും തീരുന്നില്ല. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ രണ്ട് നെടുംതൂണുകളായിരുന്നു ജനാധിപത്യവും മതേതരത്വവും എന്ന് അറിയാമല്ലോ. എന്തെല്ലാം പരിമിതികളുണ്ടെങ്കിലും, സാംസ്കാരിക മേഖലയിൽ ഈ കടമകൾ സന്ധിരഹിതമായി നടപ്പിലാക്കാൻ കഴിഞ്ഞില്ലെങ്കിലും, ജാതി, മതം, തുടങ്ങിയ വിഭാഗീയതകൾക്കതീതമായി കോടിക്കണക്കിന് ആളുകളെ സ്വാതന്ത്ര്യ സമരത്തിലേയ്ക്ക് ആകർഷിക്കാൻ കഴിഞ്ഞു എന്നത് വസ്തുതയാണ്. സാംസ്കാരിക മേഖലയിലെ ഈ പരിമിതി ഒരു ഏകാത്മക സമൂഹം വാർത്തെടുക്കുന്നതിന് പ്രതിബന്ധമായെങ്കിലും ഇന്ത്യൻ ദേശീയതാബോധത്താൽ പ്രചോദിതരായി സ്വതന്ത്രമായ ഒരു ആധുനിക രാഷ്ട്രം സ്വപ്നംകണ്ട് സമരത്തിൽ മുഴുകാൻ ജനങ്ങൾക്കായി. ഈ ആധുനിക രാഷ്ട്രം ജനാധിപത്യ-മതേതര രാഷ്ട്രമായിരുന്നു. നേതാജി, ഭഗത് സിംഗ്, ലാലാജി, ഗാന്ധിജി തുടങ്ങി അതികായരായ നേതാക്കളുടെ ആഹ്വാനം ചെവിക്കൊണ്ട് സ്വന്തം ഭാവി പരിഗണിക്കാതെ ജീവൻകൊടുക്കാൻപോലും അവർ തയ്യാറായി. ആ സമരവും ത്യാഗങ്ങളുമാണ് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നേടിത്തന്നത്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഉജ്ജ്വലമായ ആ പൈതൃകത്തിൽ സ്വതന്ത്ര ഇന്ത്യയിലെ ഓരോ പൗരനും അഭിമാനിക്കാൻ വകയുണ്ട്.

മോഡിയോ, മോഡിക്ക് ആശീർവാദം ചൊരിയുന്ന സംഘടനകളോ ഈ ഗണത്തിൽ പെടുന്നതല്ല. സ്വാതന്ത്ര്യത്തിനുമുമ്പുണ്ടായിരുന്ന ഹിന്ദു മഹാസഭയും അതിന്റെ പിന്തുടർച്ചക്കാരായ ആർഎസ്എസ്- ബിജെപി സംഘടനകളും ഇതിൽപെടും. അതേ അഭിമുഖത്തിൽ, യഥാർത്ഥ മോഡി ഒരു ഹിന്ദു ദേശീയ വാദി നേതാവാണോ അതോ ബിസിനസ്സ് ഗ്രൂപ്പുകളോട് ആഭിമുഖ്യം പുലർത്തുന്ന മുഖ്യമന്ത്രിയാണോ എന്ന ചോദ്യത്തിന് പറഞ്ഞ ഉത്തരം, ജന്മനാ ഹിന്ദുവായതുകൊണ്ട് ഞാൻ ഹിന്ദു ദേശീയ വാദിയാണ്, എന്നായിരുന്നു. ഹിന്ദുത്വത്തെയും ദേശീയബോധത്തെയും സമർത്ഥമായി കൂട്ടിയിണക്കുകയായിരുന്നു ഇവിടെ. പിന്നീട് ഒരിക്കൽ മതേതരത്വത്തിന്റെ ബുർഖ എന്ന പ്രയോഗം നടത്തി. മൂടുപടമെന്നോ മറയെന്നോ പറയുന്നതിനു പകരം ബുർഖ എന്നു പറഞ്ഞത് മനപ്പൂർവമായിരുന്നു. അതായത് മതേതരത്വത്തിന് ഒരു മുസ്ലീം ചായ്‌വ് ഉണ്ട് എന്ന് ആരോപിക്കുകയായിരുന്നു. വിവിധ ജനാധിപത്യ മതേതര സങ്കൽപ്പങ്ങളെ ചവിട്ടി തേയ്ക്കുന്ന, സൂത്രശാലിയായ ഒരു നേതാവിന്റെ കൈയ്യിൽ രാജ്യത്തിന്റെ ഭരണസാരഥ്യം എന്നെങ്കിലും എത്തിപ്പെട്ടാൽ എന്തായിരിക്കും നാടിന്റെ ഗതി എന്ന് ആരും ചിന്തിച്ചുപോകും. എന്നാൽ, മോഡി പറഞ്ഞതിന് ഉദ്ദേശിച്ച ഫലം കിട്ടുകതന്നെ ചെയ്തു. നേതാവിന്റെ ചങ്കൂറ്റത്തിൽ ആവേശഭരിതരായി ആർഎസ്എസ്-ബിജെപി പ്രവർത്തകർ തെരുവിൽ ഉറഞ്ഞുതുള്ളി. എന്നാൽ ഈ വർഗ്ഗീയ ഭ്രാന്തൻമാർ നാടിനെ എങ്ങോട്ടാണ് നയിക്കുന്നത് എന്നതിന്റെ വ്യക്തമായ അപായ സൂചന രാജ്യത്തിന് കിട്ടുകയും ചെയ്തു.

### ശക്തമായ ഇടതു-ജനാധിപത്യ മുന്നേറ്റത്തിന്റെ അഭാവം വർഗ്ഗീയതയുടെ വളർച്ചയ്ക്ക് വഴിയൊരുക്കി

ഇന്നത്തെ അവസ്ഥയിൽ എങ്ങനെ എത്തിച്ചേർന്നു, ആ ചരിത്രഗതി എന്തായിരുന്നു എന്നതാണ് പ്രധാന കാര്യം. ദേശീയ സ്വാതന്ത്ര്യ സമരത്തിന് എന്തെല്ലാം പരിമിതികളുണ്ടായിരുന്നുവെങ്കിലും ഹിന്ദു മഹാസഭയും അതിന്റെ മറുപക്ഷമായ മുസ്ലീംലീഗുംപോലുള്ള വിഭാഗീയ-വർഗ്ഗീയ ശക്തികൾക്ക് ഇന്ത്യയിലെ ജനങ്ങൾക്കിടയിൽ വലിയ സ്വാധീനമുണ്ടാക്കാൻ കഴിഞ്ഞിരുന്നില്ല എന്ന് ഏവർക്കുമറിയാം. സ്വാതന്ത്ര്യാനന്തരം ജനങ്ങളുടെ നീറുന്ന ജീവിതപ്രശ്നങ്ങളുടെ പരിഹാരം ആവശ്യപ്പെട്ടുകൊണ്ട്, സ്വാതന്ത്ര്യസമരത്തിന്റെ സമ്പന്നമായ പാരമ്പര്യം മുറുകെപ്പിടിച്ച്, ശക്തമായ ഇടതു ജനാധിപത്യമുന്നേറ്റം ഉണ്ടാകുമെന്നായിരുന്നു യഥാർത്ഥ ജനാധിപത്യ-മതേതര വിശ്വാസികൾ പ്രതീക്ഷിച്ചിരുന്നത്. സ്വാതന്ത്ര്യംനേടി മുതലാളിത്ത ഭരണകൂടം സ്ഥാപിതമായ അന്നുമുതൽ ജനങ്ങളുടെ ജീവിത പ്രശ്നങ്ങൾ രൂക്ഷമാകാൻ തുടങ്ങി. നിർദ്ദയമായ ഈ മുതലാളിത്ത ചൂഷണത്തിനെതിരെ യോജിച്ച സമരങ്ങൾ വളർന്നുവരുന്നത് മുതലാളി വർഗ്ഗത്തിനും അവരുടെ ഏജന്റായ കോൺഗ്രസ്സിനും ഒരുപോലെ വിനാശകരമായിരുന്നു. അതുകൊണ്ടാണ്, മുസ്ലീംവിരോധംകൊണ്ട് ജനങ്ങൾക്കിടയിൽ അനൈക്യം വിതയ്ക്കുന്ന, പുതുതായി പിറവിയെടുത്ത ആർഎസ്എസിന് മുതലാളിവർഗ്ഗം അകമഴിഞ്ഞ പിന്തുണ നൽകുകയും കോൺഗ്രസ് നേതൃതം നൽകുന്ന ഗവൺമെന്റ് സംരക്ഷണകവചം തീർത്തുകൊടുക്കുകയും ചെയ്തത്. ശക്തമായ ഒരു ഇടതു ജനാധിപത്യ മുന്നേറ്റം രാജ്യത്ത് വളർത്തിയെടുത്തിരുന്നുവെങ്കിൽ, കോൺഗ്രസ്സിന്റെ ഒത്താശയോടെ വർഗ്ഗീയ പിരിമുറുക്കവും പലയിടങ്ങളിലും വർഗ്ഗീയ കലാപങ്ങളും സംഘടിപ്പിച്ചുകൊണ്ടുള്ള ആർഎസ്എസിന്റെ വർഗ്ഗീയ രാഷ്ട്രീയത്തിനെതിരായി ജനങ്ങൾക്ക് അത് ആശ്വാസവും പ്രതീക്ഷയും ആശ്രയവും നൽകുമായിരുന്നു. എന്നാൽ സിപിഐ, സിപിഐ(എം) പോലുള്ള കപട മാർക്സിസ്റ്റുകൾ ചൂഷണ മുതലാളിത്ത വ്യവസ്ഥയ്ക്കെതിരെ നിലകൊള്ളുകയോ വർഗ്ഗീയതയ്ക്കെതിരെ പൊരുതുകയോ ചെയ്യാതെ, ജനതാൽപര്യം പേറുന്നു എന്നവകാശപ്പെട്ടുകൊണ്ട് ജനപിന്തുണയെയും ജനങ്ങളുടെ രോഷത്തെയും പാർലമെന്ററി പാതയിലൂടെ തിരിച്ചുവിട്ട് അസംബ്ലികളിലും പാർലമെന്റിലും ഏതാനും സീറ്റുകൾ തരപ്പെടുത്താനാണ് ശ്രമിച്ചത്. അന്ധമായ ഈ പാതയിലൂടെയുള്ള പോക്ക് അവരെ ക്രമേണ സമരവിരുദ്ധരാക്കുകയും അധികാരസ്ഥാനങ്ങൾക്കുവേണ്ടി മുതലാളി വർഗ്ഗത്തിന് വിടുപണി ചെയ്യുന്ന സ്ഥിതിയിലേയ്ക്ക് അധ:പതിപ്പിക്കുകയും ചെയ്തു. മറുവശത്ത് ആർഎസ്എസിന് വിശാലമായ പ്രവർത്തനമേഖല തുറന്നുകിട്ടി. ക്രമേണ വേരുകൾ പടർത്തി അവർ സ്വാധീനം വർദ്ധിപ്പിക്കുകയും 1995ൽ ബിജെപിയെ കേന്ദ്രസർക്കാരിൽ പ്രതിഷ്ഠിച്ചുകൊണ്ട് അധികാരം കയ്യാളുകയും ചെയ്തു. ഒരിക്കലും അവർ ഹിന്ദുത്വ മുദ്രാവാക്യവും അജണ്ടയും കൈവിട്ടില്ല. കുത്തകാനുകൂല നിലപാടിനൊപ്പം അതും തുടർന്നുപോന്നു. ഇക്കുറി മോഡി വർദ്ധിതവീര്യത്തോടെ ഹിന്ദുത്വ നിലപാടുമായി രംഗത്തുവന്നതോടൊപ്പം ബിജെപി നേതാവ് രാജ്നാഥ് സിംഗ് അമേരിക്കയിൽപോയി തങ്ങൾ കോൺഗ്രസിന്റെ കുത്തകാനുകൂല നയങ്ങളും അമേരിക്കൻ ആഭിമുഖ്യവും തുടരുകതന്നെ ചെയ്യുമെന്ന് ഉറപ്പുനൽകി എന്നുമാത്രമല്ല, മോഡിക്ക് അമേരിക്കയിലേയ്ക്ക് വിസ അനുവദിക്കണമെന്ന് കെഞ്ചുകയും ചെയ്തു. അത്രത്തോളമുണ്ട് അവരുടെ ദേശസ്നേഹവും ദേശീയ വികാരവും.

അപ്പോൾ ചുരുക്കത്തിൽ എന്താണ് സ്ഥിതി? 2002ലെ വംശഹത്യയുടെ ആസൂത്രകൻ, കടുത്ത വർഗ്ഗീയ ശക്തിയായ ആർഎസ്എസിന്റെ പിന്തുണയോടെ അധികാരത്തിലേയ്ക്കുള്ള പടവുകൾ ചവിട്ടി കയറുന്നു. കുത്തകകൾ അയാളുടെ മേൽ പ്രശംസ ചൊരിഞ്ഞുകൊണ്ടിരിക്കുന്നു. സാമ്രാജ്യത്വശക്തികൾക്കും അയാൾ പ്രിയപ്പെട്ടവനായി മാറിക്കൊണ്ടിരിക്കുന്നു. പത്ര, ടിവി മാദ്ധ്യമങ്ങളിലൊക്കെ മോഡി മാത്രം. പഴയ ചെയ്തികളെക്കുറിച്ചുള്ള വിമർശനങ്ങൾ വല്ലപ്പോഴുമൊരിക്കൽ പ്രത്യക്ഷപ്പെട്ടാലായി. പക്ഷേ തന്ത്രപൂർവ്വം, ആസൂത്രിതമായി മോഡിക്കുവേണ്ടിയുള്ള പ്രചാരണം കൊഴുപ്പിച്ചെടുക്കുന്നു. ഇതിൽനിന്നെല്ലാം ആവേശം ഉൾക്കൊണ്ട് ഊറ്റംകൊള്ളുന്ന മോഡി നാടിന്റെ പാരമ്പര്യം വിസ്മരിച്ചുകൊണ്ട് മുസ്ലീങ്ങൾക്കെതിരെ വിഷം ചീറ്റുന്നു. എന്നാൽ, എത്രയൊക്കെ ധിക്കാരം കാട്ടിയാലും രാജ്യത്തെ ജനാധിപത്യബോധമുള്ള ജനങ്ങൾ ഗുജറാത്ത് വംശഹത്യയുടെ നായകന് മാപ്പുകൊടുക്കാൻ ഇനിയും തയ്യാറായിട്ടില്ല. ഇന്നും അവർ മോഡിയെ അവജ്ഞയോടെ തന്നെ കാണുന്നു.

എന്നാൽ പാർലമെന്റിലെ പ്രതിയോഗികളൊന്നും ഇതിലൊന്നും ഒരു ആശങ്കയും പ്രകടിപ്പിക്കുന്നില്ല എന്നതാണ് ഏറെ ഖേദകരം.

*(ശേഷം പേജ് 9-ൽ)*

## മുസഫർനഗർ വർഗീയ സംഘർഷം

മുസഫർനഗറിൽ പൊട്ടിപ്പുറപ്പെട്ട വർഗ്ഗീയ സംഘർഷത്തിൽ എസ്‌യുസിഐ(സി) അതിയായ ഉത്കണ്ഠ രേഖപ്പെടുത്തി. ഭ്രാതൃഹത്യാപരമായ ഈ ചോരപ്പുഴയൊഴുക്കലിന് തടയിടുവാൻ അടിയന്തര നടപടി കൈക്കൊള്ളുവാൻ സർക്കാരിനോടാവശ്യപ്പെട്ടു. വർഗ്ഗീയ സംഘർഷങ്ങളും പ്രകോപനങ്ങളും സൃഷ്ടിക്കുന്ന എല്ലാ വിഘടന ശക്തികൾക്കുമെതിരെ ഒറ്റക്കെട്ടായി നിലകൊള്ളുവാൻ ജനങ്ങളോട് അഭ്യർത്ഥിക്കുകയും ചെയ്തു.

എസ്‌യുസിഐ(സി) ജനറൽ സെക്രട്ടി സഖാവ് പ്രൊവാഷ് ഘോഷ് 2013 സെപ്റ്റംബർ 9-ന് താഴെപ്പറയുന്ന പ്രസ്താവന പുറപ്പെടുവിച്ചു. ഇതിനോടകം 26 വിലപ്പെട്ട ജീവനുകൾ അപഹരിക്കുകയും നിരവധി പേർക്ക് ഗുരുതരമായ പരുക്കുകൾ ഏൽപ്പിക്കുകയും ചെയ്ത, കഴിഞ്ഞ ഏതാനും ദിവസങ്ങളായി യു.പിയിലെ മുസഫർനഗറിൽ അരങ്ങേറിക്കൊണ്ടിരിക്കുന്ന വർഗ്ഗീയ സംഘർഷത്തിൽ ഞങ്ങൾ കടുത്ത ആശങ്ക രേഖപ്പെടുത്തുന്നു. വരാൻപോകുന്ന പാർലമെന്റ് ഇലക്ഷൻ മുന്നിൽകണ്ടുകൊണ്ട് സംഘപരിവാറും ബി.ജെ.പിയും തങ്ങളുടെ ഹിന്ദുത്വ അജണ്ടയും രാമക്ഷേത്ര അജണ്ടയും പുനരുജ്ജീവിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ ഇത്തരം വർഗ്ഗീയ സംഘർഷങ്ങൾ തീർത്തും അപ്രതീക്ഷിതമല്ല. ജനങ്ങളിൽ വർഗ്ഗീയമായ ധ്രുവീകരണം സൃഷ്ടിച്ചെടുത്തുകൊണ്ട് പാർലമെന്റിൽ ഏറ്റവും കൂടുതൽ എം.പിമാരുള്ള യു.പിയിൽ നിന്നും പരമാവധി വോട്ടുകൾ സമ്പാദിക്കുകയെന്നതാണ് അവരുടെ ലക്ഷ്യം. മുസഫർനഗറിൽനിന്നും തൊട്ടടുത്ത പ്രദേശങ്ങളായ മീററ്റ്, ഗാസിയാബാദ്, ഷരൺപൂർ എന്നിവിടങ്ങളിലേക്കുകൂടി സംഘർഷം പടർന്നിരിക്കുകയാണ്. ഈ സംഘർഷത്തിന് തടയിടുന്നതിൽ സർക്കാരിനും ഭരണ സംവിധാനത്തിനും സംഭവിച്ച സമ്പൂർണ്ണമായ പരാജയത്തിൽ ഞങ്ങൾ കടുത്ത അമർഷം രേഖപ്പെടുത്തുകയാണ്. അത്യാധുനികങ്ങളായ ആയുധങ്ങളും മറ്റ് സജ്ജീകരണങ്ങളും കൊണ്ട് സായുധമായ സൈനിക- അർദ്ധ സൈനിക വിഭാഗങ്ങൾക്ക് 24 മണിക്കൂറിനുള്ളിൽ ഇന്ത്യയുടെ ഏത് ഉൾപ്രദേശത്തും കടന്നുചെല്ലാമെന്നിരിക്കെ, കലാപബാധിതമായ പല ഗ്രാമങ്ങളിലും എത്തിപ്പെടാൻ സാധിച്ചില്ലായെന്നതിന് യാതൊരു നീതീകരണവും ഇല്ല. എസ്.പി നേതൃത്വം കൊടുക്കുന്ന യു.പി. സർക്കാരിനോ കോൺഗ്രസ്സ് നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാരിനോ ഈ വർഗ്ഗീയാഗ്നിയെ അണക്കുവാനുള്ള യാതൊരു ഉദ്ദേശ്യവുമില്ലായിരുന്നുവെന്നാണ് ഇത് വെളിവാക്കുന്നത്. പാർലമെന്ററി വോട്ടുരാഷ്ട്രീയത്തിൽ നോട്ടമിട്ടിരിക്കുന്ന എല്ലാ ബൂർഷ്വാ പാർട്ടികളും ജനങ്ങൾക്കിടയിൽ മതത്തിന്റെയും ജാതിയുടെയും പ്രദേശത്തിന്റെയും അടിസ്ഥാനത്തിൽ വിള്ളലുകൾ സൃഷ്ടിക്കുന്ന ഇത്തരം സംഘർഷങ്ങളും കലാപങ്ങളും കൂടുതലായി അരങ്ങേറണമെന്നാണ് ആഗ്രഹിക്കുന്നത്. ചൂഷണാധിഷ്ഠിതമായ ഇന്നത്തെ മുതലാളിത്ത വ്യവസ്ഥ സൃഷ്ടിക്കുന്ന നീറുന്ന ജീവിതപ്രശ്നങ്ങൾക്കെതിരെ വളർന്നുവരേണ്ട യോജിച്ച ജനാധിപത്യ ബഹുജന പ്രക്ഷോഭണങ്ങളെ തകർക്കുന്നതിനും വർഗ്ഗീയവും ജാതീയവും പ്രദേശികവുമായ ചേരിതിരിവുകളുടെ അടിസ്ഥാനത്തിൽ സൃഷ്ടിക്കപ്പെടുന്ന വോട്ട് ബാങ്കിലൂടെ അധികാരത്തിൽവരുവാനും ഭരിക്കുന്ന മുതലാളിവർഗ്ഗത്തിന് പാദസേവ ചെയ്യാനുമാണ് ഇക്കൂട്ടർ ലക്ഷ്യമിടുന്നത്.

ഈ സംഘർഷത്തിനും രക്തംചിന്തലിനും തടയിടുവാനും സാധാരണനില പുനഃസ്ഥാപിച്ചുകൊണ്ട് ജനങ്ങളുടെ ആത്മവിശ്വാസം വീണ്ടെടുക്കുവാനും വിവിധ ജനവിഭാഗങ്ങൾക്കിടയിൽ സൗഹാർദ്ദം സ്ഥാപിക്കുവാനും സർക്കാരുകൾ തയ്യാറാകണം. വർഗ്ഗീയ സംഘർഷം ഇളക്കിവിടുകയും അതിന് നേതൃത്വംകൊടുക്കുകയും ചെയ്ത കുറ്റവാളികളെ അറസ്റ്റ് ചെയ്ത് കടുത്ത ശിക്ഷ നൽകുവാനും കലാപത്തിന് ഇരകളായവർക്കും അവരുടെ കുടുംബങ്ങൾക്കും മതിയായ നഷ്ടപരിഹാരം നൽകുവാനും സത്വരവും ഫലപ്രദവുമായ നടപടി കൈക്കൊള്ളുവാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

ഭരണമുതലാളിവർഗ്ഗത്തിന്റെ ഒത്താശയോടെ ഈ വോട്ടുവ്യാപാരികൾ നടത്തുന്ന വിഭജന തന്ത്രത്തിന്റെ ഇരകളാകരുതെന്ന് എല്ലാ ജാതി-മത വിഭാഗത്തിലുംപെട്ട അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ജനങ്ങളുടെ ഐക്യത്തിൽ വിള്ളലുണ്ടാക്കുവാനും ഒരു വിഭാഗത്തെ മറ്റൊരു വിഭാഗത്തിനെതിരെ തിരിച്ചുവിടുവാനുമുള്ള ബൂർഷ്വാസിയുടെ ഗൂഢതന്ത്രത്തെ തിരിച്ചറിയണമെന്നും ജീവിതത്തിന്റെ നീറുന്ന പ്രശ്നങ്ങളെ അടിസ്ഥാനമാക്കി ശക്തവും നീണ്ടുനിൽക്കുന്നതുമായ യോജിച്ച ജനാധിപത്യ-ബഹുജന പ്രക്ഷോഭണം വളർത്തിയെടുത്തുകൊണ്ട് ജനങ്ങൾക്കിടയിലെ ഐക്യം ദൃഢീകരിക്കണമെന്നും ഭരണാധികാരികളുടെ ഹീനപദ്ധതികളെ പരാജയപ്പെടുത്തണമെന്നും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ●

# മഹാനായ അയ്യങ്കാളി നയിച്ച കേരളത്തിലെ ആദ്യകാർഷിക പണിമുടക്കിന്റെ നൂറാം വാർഷികമാചരിച്ചു

പൊക്കാളി സംരക്ഷണ സമരസമിതിയുടെ ആഭിമുഖ്യത്തിൽ കേരളത്തിൽ നടന്ന ആദ്യപണിമുടക്കമായ കാർഷികപണിമുടക്കിന്റെ 100-ാം വാർഷികം സമുചിതമായി ആചരിച്ചു. ഇതിനോടനുബന്ധിച്ച് എഴുപുന്ന പേനാടിമുട്ടിനു സമീപം നടന്ന സമ്മേളനത്തിൽ, സംസ്ഥാന ആചരണസമിതി കൺവീനർ ജി.എസ്.പത്മകുമാർ മുഖ്യപ്രഭാഷണം നടത്തി. ഡോ.എൻ.എ.കരീം അദ്ധ്യക്ഷനായിട്ടുള്ള സമിതിയാണ് സംസ്ഥാനതല ആചരണ സമിതി. കേരളം ഇന്ന് അഭിമുഖീകരിക്കുന്ന സാംസ്കാരിക തകർച്ചയിൽ നിന്ന് കരകയറുവാൻ അയ്യങ്കാളി അടക്കമുള്ള നവോത്ഥാന നായകരുടെ ജീവിതസമരം ഇന്നത്തെ തലമുറയുടെ ഇടയിൽ ആഴത്തിൽ പ്രചരിപ്പിക്കപ്പെടേണ്ടതാണെന്ന് അദ്ദേഹം പറഞ്ഞു. പരിസ്ഥിതി സൗഹാർദ്ദപരമായ 'ഒരു നെല്ലും ഒരു മീനും' സമ്പ്രദായം തിരികെ കൊണ്ടുവരുവാനും, കർഷക തൊഴിലാളികളുടെയും മത്സ്യത്തൊഴിലാളികളുടെയും തൊഴിൽ സംരക്ഷിക്കുവാനും പൊക്കാളി സംരക്ഷണ സമര സമിതി വിവിധ ജനവിഭാഗങ്ങളെ സങ്കുചിത കക്ഷി രാഷ്ട്രീയത്തിനും ജാതി-മതചിന്താഗതികൾക്കും അതീതമായി അണിനിരത്തിയതിനു പിന്നിലുള്ള പ്രചോദനം അയ്യങ്കാളിയുടെ ധീരമായ സമരചരിത്രമാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. നിരന്തരമായ ചെമ്മീൻ വാറ്റിലൂടെ തകർക്കപ്പെടുമായിരുന്ന പൊക്കാളി പാടങ്ങളെ സംരക്ഷിക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചത് മഹാനായ അയ്യങ്കാളി കേരളത്തിൽ തുടക്കം കുറിച്ച ജനകീയ സമരത്തിന്റെ പാത പിൻതുടർന്നതുകൊണ്ടാണെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച പൊക്കാളി സംരക്ഷണ സമരസമിതി ജനറൽ കൺവീനർ ഫ്രാൻസിസ് കളത്തുങ്കൽ പറഞ്ഞു. എം.ജി.ശ്രീകുമാർ കമ്മത്ത്, കെ.എൽ.ബെന്നി, പി.എസ്.മൈക്കിൾ, എൻ.കെ ശശികുമാർ, എം.കെ.വിജയൻ, കെ.കെ.വിക്രമൻ, കെ.ആർ.തോമസ് എന്നിവർ പ്രസംഗിച്ചു. ●




ആചരണ കമ്മിറ്റി സംസ്ഥാന കൺവീനർ ജി.എസ്.പത്മകുമാർ മുഖ്യപ്രഭാഷണം നടത്തുന്നു.

# കപടവികസനവും വർഗ്ഗീയതയും ആയുധമാക്കി നരേന്ദ്രമോഡി

(8 -ാംപേജിൽ നിന്ന്)

കോൺഗ്രസ്, വരാനിരിക്കുന്ന പാർലമെന്റ് തെരഞ്ഞെടുപ്പ് മുന്നിൽകണ്ട് മോഡിക്കെതിരെ വല്ലപ്പോഴുമൊരിക്കൽ ചില ശകാരവാക്കുകൾ പറയുന്നു, പെട്ടെന്നുതന്നെ പിൻവാങ്ങുകയും ചെയ്യുന്നു. 2002 ലെ ഗുജറാത്ത് കൂട്ടക്കൊലയെക്കുറിച്ചോ മോഡി പാപവിമുക്തനായത് എങ്ങനെയെന്നോ അവർ ഉരിയാടുന്നില്ല. മോഡിക്ക് നല്ല സർട്ടിഫിക്കറ്റ് കിട്ടിയതിന് പരോക്ഷമായി അവരും ഉത്തരവാദികളാണല്ലോ. എന്നുമാത്രമല്ല, ഭൂരിപക്ഷ സമുദായ വോട്ടുബാങ്ക് നഷ്ടപ്പെടാതിരിക്കാൻവേണ്ടി, മാധ്യമങ്ങൾ വിശേഷിപ്പിക്കുംപോലെ കോൺഗ്രസ്സും ഒരു മൃദുഹിന്ദുത്വ നിലപാട് പിന്തുടർന്നു വരികയാണല്ലോ. മോഡിയുടെ ഈ ശക്തമായ കടന്നുവരവിൽ കപട കമ്യൂണിസ്റ്റുകൾക്ക് എന്തെങ്കിലും ആശങ്കയുണ്ടോ? ഇടതുപക്ഷീയതയുടെയും വിപ്ലവത്തിന്റെയുമൊക്കെ പതാക ഒരിക്കൽ ഇവർ വഹിച്ചിരുന്നതായി ഭാവിച്ചിരുന്നതല്ലേ? തങ്ങളുടെ ജനപിന്തുണയെക്കുറിച്ച് എപ്പോഴുമിവർ ഊറ്റംകൊള്ളാറില്ലേ ? അതല്ലാതെ മോഡിയുടെ നിലപാടുകൾക്കെതിരെ ഗൗരവസ്വഭാവമുള്ള എന്തെങ്കിലും സമരപരിപാടികൾ സ്വീകരിക്കുന്നത് ജനങ്ങൾ കാണുന്നുണ്ടോ? മോഡി സൃഷ്ടിക്കുന്ന അപകടം എന്തെന്നതിനെക്കുറിച്ച് അല്പം ആഴമുള്ള വിശകലനം സ്വന്തം മുഖപത്രത്തിൽ ഇവർ എഴുതുകയെങ്കിലും ചെയ്യുന്നുണ്ടോ? ഇപ്പോൾ കോൺഗ്രസ്സുമായി ചങ്ങാത്തംകൂടിയാൽ നാളെ ബിജെപിയുമായി ചേർന്ന് ഒരു ഭാരത് ബന്ദ് നടത്തും. പാർലമെന്ററി താൽപര്യം മുൻനിർത്തിയുള്ള ഈ രാഷ്ട്രീയക്കസർത്തു കൊണ്ട് അവർ ജനങ്ങളോടുള്ള ബാദ്ധ്യത തീർക്കുന്നു. വാക്കിലും പ്രവൃത്തിയിലും മോഡിക്കും അയാളുടെ വർഗ്ഗീയതയ്ക്കുമെതിരെ ശക്തമായ നിലപാടെടുക്കാൻ ഇവർ മടിക്കുന്നതെന്ത്? എല്ലാവരും ഒരു ചരടിൽ കെട്ടപ്പെട്ടിരിക്കുന്നു എന്നതല്ലേ കാരണം? നിലനിൽപ്പിനായി ഭരണമുതലാളിവർഗ്ഗം തന്നെയാണ് അവർക്ക് പറ്റിയ ആളെ മോഡിയിലും ആർഎസ്എസിലും കണ്ടെത്തുന്നത്.

**ആർഎസ്എസ്-കുത്തകസഖ്യം മോഡിക്കുവേണ്ടി കുഴലൂത്തുനടത്തുന്നു. രാജ്യത്തിനുമേൽ വിനാശത്തിന്റെ കരിനിഴൽ പരക്കുന്നു**

ആർഎസ്എസ് പിന്തുണയോടെ മോഡി രാജ്യത്തിന്റെ ഭരണസാരഥ്യം ഏറ്റെടുക്കുമ്പോൾ ക്രൂരമായ ഒരു വംശഹത്യയുടെ സൂത്രധാരൻ അധികാരക്കസേരയിലെത്തുന്നു എന്നുമാത്രമല്ല വിനാശകരമായ ആർഎസ്എസ്-കുത്തക അവിശുദ്ധ സഖ്യം രാജ്യത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുന്നു എന്ന അപകടം കൂടിയുണ്ട്. മുതലാളിവർഗ്ഗ സേവയിൽ ഏർപ്പെട്ടിരിക്കുന്ന ഒരു പാർട്ടിയും ഇതിനെതിരെ രംഗത്തുവരില്ല എന്നുമാത്രമല്ല ഇതിനെതിരെ ഒന്നു ശബ്ദമുയർത്താൻ പോലും തയ്യാറാകില്ല. ജനങ്ങൾ സ്വയം സജ്ജരാകുകയല്ലാതെ എന്തു മാർഗ്ഗം? വേറെ ഒരു പോംവഴിയും അവരുടെ മുന്നിലില്ല. മുതലാളിത്ത ചൂഷണത്തിന്റെ കാഠിന്യമറിയാൻ അവർ സ്വന്തം ദൈനംദിന ചെലവ് ഒന്നു പരിശോധിച്ചുനോക്കിയാൽ മാത്രം മതി. രൂക്ഷമായ വിലക്കയറ്റം, തൊഴിൽരാഹിത്യം, സായുധസേന പ്രത്യേകാധികാര നിയമംപോലുള്ള കരിനിയമങ്ങൾ, നിസ്സീമമായ ആത്മവഞ്ചന, ഇരട്ടത്താപ്പ്, അധികാരകേന്ദ്രങ്ങളുടെ ധാർഷ്ട്യം, വ്യാപകമായ അഴിമതി, അഴിമതിക്കാരും കുറ്റവാളികളുമായ പ്രമുഖരെ കുറ്റവിമുക്തരാക്കൽ, സ്ത്രീകൾക്കും കുട്ടികൾക്കുംനേരെയുള്ള മനുഷ്യത്വഹീനമായ അതിക്രമങ്ങൾ, ഗുരുതരമായ സാംസ്കാരിക -നൈതിക തകർച്ച, ഇതിനെല്ലാറ്റിനോടുമുള്ള ഗവൺമെന്റുകളുടെ കുറ്റകരമായ അനാസ്ഥ- ഇതൊക്കെ പോരേ എത്ര ദ്രോഹകരവും ജനവിരുദ്ധവും നിർദ്ദയവുമാണ്, എല്ലാ സമുദായങ്ങളിലുംപെട്ട ജനങ്ങളെ സംബന്ധിച്ചിടത്തോളം, ഈ മുതലാളിത്ത വാഴ്ച എന്നു തിരിച്ചറിയാൻ. ഈ ദുരിതങ്ങളൊന്നും പോരാഞ്ഞ് ആർഎസ്എസ് പോലൊരു സംഘടനയുടെ ചങ്ങാത്തംകൂടിയാകുമ്പോൾ ഭരണാധികാരികൾ കൂടുതൽ നിർദ്ദയരും അപകടകാരികളുമാകുന്നു. അതുകൊണ്ടുതന്നെ, മുതലാളിത്ത ചൂഷണവ്യവസ്ഥയ്ക്കെതിരെ ഉയർന്ന പ്രത്യയശാസ്ത്ര-സാംസ്കാരിക-നൈതിക നിലവാരത്തിലുള്ളതും ജാതി-മത-ഭാഷാ-വംശ ചിന്താഗതികൾക്കൊക്കെ അതീതമായി ജനങ്ങളെയാകെ ഒരുമിപ്പിക്കുന്നതുമായ ശക്തമായ ബഹുജനമുന്നേറ്റം രാജ്യവ്യാപകമായി സംഘടിപ്പിക്കേണ്ടത് അനിവാര്യതയായിരിക്കുന്നു. രാജ്യമെമ്പാടും വിഷം ചീറ്റാൻ തയ്യാറെടുക്കുന്ന ഫാസിസ്റ്റ് വർഗ്ഗീയതയ്ക്കെതിരെ ഒരു നെടുംകോട്ട പോലുള്ള പ്രതിരോധം ഉയർന്നുവരുന്നത്, ഇത്തരമൊരു സമരത്തിലൂടെയായിരിക്കും, അതിന്റെ ഉന്നതമായ സാംസ്കാരിക നൈതിക ഉൾക്കരുത്തിൽ നിന്നായിരിക്കും. ജനങ്ങളുടെ ഭീകരശത്രുവായ വർഗ്ഗീയതയ്ക്ക് കെടുത്താൻ കഴിയാത്ത, അതിനെ ചുട്ടുചാമ്പലാക്കാൻ പോന്ന അഗ്നിനാളങ്ങൾക്ക് ജന്മം നൽകാൻ ഇത്തരമൊരു ജനകീയ മുന്നേറ്റത്തിന് മാത്രമേ സാധിക്കൂ.

ഈ കടമ നിറവേറ്റാൻ കഴിയണമെങ്കിൽ ജനങ്ങൾ ഉണർന്നു പൊരുതാനുള്ള ഉത്തരവാദിത്തം ചുമലിലേറ്റണം. രാജ്യത്തെ വിപ്ലവപാർട്ടി എന്ന നിലയിൽ എസ്‌യുസിഐ (കമ്യൂണിസ്റ്റ്) പാർട്ടി ഇത്തരമൊരു പ്രസ്ഥാനം പടുത്തുയർത്താനുള്ള തീവ്രപരിശ്രമത്തിലാണ്. ആസന്നമായ വിപത്തിൽനിന്ന് രാജ്യത്തെ രക്ഷിക്കാനുള്ള ഈ പരിശ്രമത്തിന് കരുത്തേകാനായി മുന്നോട്ടുവരാൻ നമ്മുടെ പാർട്ടി ജനങ്ങളോട് ആഹ്വാനം ചെയ്യുന്നു. ●




നടുവൊടിക്കുന്ന വിലക്കയറ്റത്തിനെതിരെ പുനലൂർ ലോക്കൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സെപ്തംബർ 27 ന് പുനലൂർ കെഎസ്ആർടിസി ജംഗ്ഷനിൽ നടന്ന പ്രതിഷേധ ധർണ്ണ പാർട്ടി കൊല്ലം ജില്ലാ കമ്മിറ്റിയംഗവും എഐയുടിയുസി ജില്ലാ പ്രസിഡന്റുമായ സഖാവ് എസ്.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു. യോഗത്തിൽ സഖാവ് ജി. ധ്രുവകുമാർ അദ്ധ്യക്ഷത വഹിച്ചു. സഖാക്കൾ കെ. ശശാങ്കൻ, എസ്.ഷൈലജ, കെ. മഹേഷ്, എസ്.സതീശൻ തുടങ്ങിയവർ പ്രസംഗിച്ചു.

# ഭക്ഷ്യ സുരക്ഷാ ബിൽ

( 1-ാം പേജിൽ നിന്ന്)

കിലോ ഭക്ഷ്യധാന്യമെങ്കിലും ഒരു വ്യക്തിക്ക് വേണ്ടിവരും. ദാരിദ്ര്യരേഖക്ക് താഴെവരുന്ന ലക്ഷക്കണക്കിന് ഇന്ത്യാക്കാരുടെ പോഷകാഹാരക്കുറവും തന്മൂലം സംഭവിക്കുന്ന അകാലമരണവും ഈ ബിൽ പരിഗണിക്കുന്നതേയില്ല. നിശ്ചയിച്ചിട്ടുള്ള ഭക്ഷ്യധാന്യത്തിന്റെ അളവ് കുറവാണെന്നുമാത്രമല്ല, അതുപോലും ലഭ്യമാക്കാൻ ആവശ്യത്തിന് ഫണ്ട് ബജറ്റിൽ വകകൊള്ളിക്കുന്ന കാര്യത്തെക്കുറിച്ച് ബിൽ മൗനം പാലിക്കുകയാണ്.

ഭക്ഷ്യധാന്യങ്ങൾ ശേഖരിക്കുന്നതിലും വിതരണം ചെയ്യുന്നതിലും വർദ്ധിച്ചതോതിലുള്ള സ്വകാര്യപങ്കാളിത്തത്തെ അനുകൂലിക്കുന്ന സമീപനമാണ് ബില്ലിലുള്ളത്. അഴിമതിയിൽ ആണ്ടുമുങ്ങിയ ഉദ്യോഗസ്ഥ വൃന്ദം, പോലീസ്, കരിഞ്ചന്തക്കാർ തുടങ്ങിയവരുടെ പിടിയിലായ പൊതുവിതരണ സംവിധാനം ഇന്ന് ഫലത്തിൽ പ്രവർത്തിക്കുന്നില്ല.

സർക്കാർ അവകാശപ്പെടുന്നതുപോലെ അന്തസ്സുള്ള ജീവിതം നയിക്കുവാൻ ജനങ്ങളെ പ്രാപ്തരാക്കുകയില്ല ഈ ബിൽ. മറ്റുള്ളവരുടെ ദയാവായ്പിനെയും അനുകമ്പയെയും കടപ്പാടിനെയുമെല്ലാം ആശ്രയിക്കേണ്ടിവരുന്ന തീർത്തും അന്തസ്സുകെട്ട ഒരു ജീവിതമാണ് അത് പ്രദാനം ചെയ്യാൻ പോകുന്നത്. മാത്രമല്ല മുൻ സൂചിപ്പിച്ച അഴിമതി ഗ്രസ്തമായ കൂട്ടുകെട്ടുകളുടെ സമ്മർദ്ദത്തിന് വഴങ്ങേണ്ടിവരുന്ന നിസ്സഹായ ജന്മങ്ങളായി ജനജീവിതം തരംതാഴും. മാന്യമായ തൊഴിലിലൂടെ പര്യാപ്തമായ ക്രയശേഷി കൈവരിക്കുകയും അതിലൂടെ ജീവിതത്തിന്റെ അടിസ്ഥാനാവശ്യങ്ങൾ നേടിയെടുക്കുകയും ചെയ്യുകയെന്ന അവകാശവും ഇതിലൂടെ തമസ്കരിക്കപ്പെടുകയാണ് ചെയ്യുന്നത്. വോട്ടു നേടുകയെന്ന കേവലമായ ലക്ഷ്യം മുൻനിർത്തിയുള്ള ശുദ്ധമായ തട്ടിപ്പുമാത്രമാണ് ഈ പ്രകടനങ്ങളെല്ലാം. മറ്റുള്ളവരുടെ ദയാദാക്ഷിണ്യത്തെ ആശ്രയിക്കാതെ ഒരുവനെ ജീവിക്കാൻ പ്രാപ്തനാക്കുന്ന അന്തസ്സുള്ള, മതിയായ പ്രതിഫലം ലഭിക്കുന്ന തൊഴിൽ നൽകുവാനുള്ള നിശ്ചയദാർഢ്യത്തോടെയുള്ള പ്രവർത്തനമാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത്. ഭക്ഷ്യോൽപ്പന്നങ്ങൾ സാധാരണക്കാരന് താങ്ങാവുന്ന വിലയ്ക്ക് സർക്കാർ സംവിധാനത്തിലൂടെ വിതരണം ചെയ്യണം. അവശ്യനിത്യോപയോഗസാധനങ്ങൾക്കുമേൽ സമ്പൂർണ്ണമായ സ്റ്റേറ്റ് ട്രേഡിംഗ് ഏർപ്പെടുത്തണം. ഇടത്തട്ടുകാരെയും അഴിമതിക്കാരെയും ഒഴിവാക്കണം. രാജ്യത്തെ ജനങ്ങളെ തീറ്റിപ്പോറ്റുകയെന്ന ഉത്തരവാദിത്തം സർക്കാർ ഏറ്റെടുക്കണം.

ഈ ബിൽ അടിയന്തിരമായി പിൻവലിക്കണം. ഇതിലെ പോരായ്മകളും പരിമിതികളും പരിഹരിച്ചുകൊണ്ടും ജനങ്ങളുടെ ന്യായയുക്തമായ ഡിമാന്റുകൾ ഉൾക്കൊള്ളിച്ചുകൊണ്ടും കുറ്റമറ്റ ഒരു ബിൽ അവതരിപ്പിക്കപ്പെടണം. അതിലെ വ്യവസ്ഥകൾ പ്രാവർത്തികമാക്കാൻ ഫലപ്രദമായ ഒരു വിതരണ സംവിധാനം ഉറപ്പാക്കണം. ●

## തിരുവനന്തപുരത്ത് കരുത്തുറ്റ തൊഴിലാളിറാലി

# ദേശീയ തൊഴിലാളിപ്രക്ഷോഭണം ഉയർത്തുന്ന ഡിമാന്റുകൾ പ്രാഥമിക മനുഷ്യാവകാശങ്ങളുടെ ഗണത്തിൽപ്പെട്ടവയാണ്

**-സഖാവ് സി.കെ.ലൂക്കോസ്**

കേന്ദ്ര ട്രേഡ് യൂണിയനുകളുടെ സംയുക്തനേതൃത്വത്തിൽ നടന്നുവരുന്ന ദേശീയ പ്രക്ഷോഭണം ലോകം അംഗീകരിച്ച പ്രാഥമിക മനുഷ്യാവകാശങ്ങളുടെ ഗണത്തിൽപ്പെട്ടവയാണെന്നും അതുകൊണ്ട് തന്നെ അവ അംഗീകരിക്കുവാൻ സർക്കാർ നിർബന്ധിതരായി തീരുമെന്നും ആൾ ഇന്ത്യാ യു.റ്റി.യു.സി. അഖിലേന്ത്യാ വൈസ് പ്രസിഡന്റുമാരിലൊരാളും സംസ്ഥാന പ്രസിഡന്റുമായ സഖാവ് സി.കെ. ലൂക്കോസ് പറഞ്ഞു. കേന്ദ്ര ട്രേഡ് യൂണിയനുകളുടെ സംയുക്ത സമിതി ആഹ്വാനം ചെയ്ത ദേശീയ പ്രക്ഷോഭണത്തിന്റെ ഭാഗമായി സെപ്റ്റംബർ 25ന് തിരുവനന്തപുരത്ത് നടന്ന വൻ തൊഴിലാളി റാലിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ ഫെബ്രവരി 20-21 ന്റെ ദ്വിദിന പൊതുപണിമുടക്കിൽ 12 കോടിയിലേറെ തൊഴിലാളികൾ പങ്കെടുത്തു. സാർവ്വദേശീയമായ ശ്രദ്ധ അത് പിടിച്ചുപറ്റി - അദ്ദേഹം ചൂണ്ടിക്കാട്ടി. ഈ ഡിമാന്റുകൾ സ്ഥാപിച്ചെടുക്കാനായി രാജ്യത്തെ തൊഴിലാളി സംഘടനകൾ ഒന്നടങ്കം, ഇന്ത്യൻ തൊഴിലാളിവർഗ്ഗം ഒറ്റക്കെട്ടായി, തുടർച്ചയായി പ്രക്ഷോഭണം നടത്തിവരികയാണ്. സാർവ്വദേശീയ തൊഴിലാളി സംഘടന(ഐഎൽഒ)യും ഇതരജനാധിപത്യവേദികളും മനുഷ്യോചിതമായ ജീവിതത്തിന്റെ മാനദണ്ഡങ്ങൾ എന്ന നിലയിൽ തൊഴിലാളികൾക്ക് അവശ്യം അനുവദിച്ചുകിട്ടേണ്ട അവകാശങ്ങളായി നിർദ്ദേശിക്കുന്നവയാണ് തൊഴിൽഭദ്രതയും സാമൂഹ്യസുരക്ഷിതത്വവും. തികച്ചും ന്യായയുക്തമാണ് ദേശീയ തൊഴിലാളി പ്രക്ഷോഭം ഉയർത്തുന്ന ആവശ്യങ്ങൾ എന്ന് ഏവർക്കും സമ്മതിക്കേണ്ടിവരുന്നത് അതുകൊണ്ടാണ്. എന്നാൽ, ഐതിഹാസികമായ ദ്വിദിന പണിമുടക്കിനുശേഷം ഭരണാധികാരികളും ഉടമവർഗ്ഗവും ധിക്കാരപൂർവ്വം അവയെല്ലാം നിഷേധിക്കുകയാണെന്ന് മാത്രമല്ല, കഠിനസമരങ്ങളിലൂടെ തൊഴിലാളിവർഗ്ഗം സ്ഥാപിച്ചെടുത്ത അവകാശങ്ങൾപോലും ഇന്ന് ധ്വംസിച്ചുകൊണ്ടിരിക്കുന്നു. പെൻഷൻ പോലും ഇല്ലായ്മ ചെയ്യുന്നു. കരാർതൊഴിൽ വ്യാപകമാക്കുന്നു. സംഘടിത മേഖലയിൽപോലും 60 ശതമാനത്തിലധികവും ദിവസക്കൂലിക്ക് പണിയെടുക്കുന്നവരാണ്. ഭക്ഷ്യസുരക്ഷ എന്ന തട്ടിപ്പിന്റെ പേരിൽ സ്റ്റാറ്റ്യൂട്ടറി റേഷൻ നിഷേധിക്കുന്നു. അവശേഷിക്കുന്ന ജീവിതഭദ്രത പോലും തകർത്തുകൊണ്ട് ഭീമമായ വിലക്കയറ്റം സൃഷ്ടിക്കുന്ന നടപടികളാണ് ദിനംപ്രതി കൈക്കൊള്ളുന്നത്. ട്രേഡ് യൂണിയൻ അവകാശങ്ങൾപോലും നീചമായി ഇന്ന് നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ എന്നത്തേക്കാളും ഉശിരോടെ തൊഴിലാളികൾ ഒറ്റക്കെട്ടായി അണിനിരന്നുകൊണ്ട് നടത്തുന്ന, ഡിസംബർ 12ന് പാർലമെന്റ് മാർച്ചിൽ ചെന്നെത്തുന്ന, രണ്ടാംഘട്ട സമരം വിട്ടുവീഴ്ചയില്ലാതെ വിജയംവരെ സമരരംഗത്ത് അടിയുറച്ച് നിൽക്കുമെന്നതിന്റെ പ്രഖ്യാപനമായിരിക്കുമെന്ന് സഖാവ് സി.കെ. ലൂക്കോസ് പറഞ്ഞു.

സമ്മേളനത്തിൽ ബിഎംഎസ് ദേശീയ സെക്രട്ടറി ദ്വരൈരാജ് അദ്ധ്യക്ഷത വഹിച്ചു. എഐടിയുസി സംസ്ഥാന ജനറൽസെക്രട്ടറി കാനം രാജേന്ദ്രൻ സ്വാഗതം പറഞ്ഞു. സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരിം ഉദ്ഘാടനം ചെയ്തു. ടി.പി.ഹസ്സൻ (ഐഎൻടിയുസി), എ.എ.അസീസ് (യുടിയുസി), ജി.സുഗണൻ (എച്ച്എംഎസ്), എം.കെ. തങ്കപ്പൻ (ടിയുസിഐ), അഹമ്മദ്കുട്ടി ഉണ്ണിക്കുളം (എസ്ടിയു), കെ.കെ.ചന്ദ്രൻ (എഐസിസിടിയു), ഉഴവൂർ വിജയൻ (എൻഎൽസി), സീറ്റദാസ് (സേവ) തുടങ്ങിയവരും പ്രസംഗിച്ചു.

വിലക്കയറ്റം തടയുക, തൊഴിൽനിയമങ്ങൾ കർശനമായി നടപ്പാക്കുക, മിനിമം കൂലി 10000 രൂപയാക്കുക, തൊഴിലെടുക്കുന്നവർക്കെല്ലാം പെൻഷൻ ഉറപ്പാക്കുക, കേന്ദ്ര-സംസ്ഥാന പൊതുമേഖലകളുടെ ഓഹരി വിൽപ്പന അവസാനിപ്പിക്കുക, സാർവ്വത്രികമായ സാമൂഹ്യ സുരക്ഷാ പദ്ധതി നടപ്പാക്കുക, കരാർതൊഴിലാളികൾക്ക് സ്ഥിരം ജീവനക്കാർക്ക് ലഭിക്കുന്ന വേതനവും ആനുകൂല്യങ്ങളും നൽകുക, തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക, വരുമാനപരിധി ബാധകമാക്കാതെ ബോണസ്, പി.എഫ്, ഗ്രാറ്റുവിറ്റി എന്നിവ വർദ്ധിപ്പിക്കുക, 45 ദിവസത്തിനുള്ളിൽ തൊഴിലാളി സംഘടനകൾക്ക് രജിസ്ട്രേഷൻ നൽകുക തുടങ്ങിയ ഡിമാന്റുകളുയർത്തിക്കൊണ്ട് ഡിസംബർ 12 ന് നടക്കുന്ന പാർലമെന്റ് മാർച്ചിന്റെ മുന്നോടിയായിട്ടാണ് സംസ്ഥാന തലസ്ഥാനങ്ങളിൽ തൊഴിലാളി റാലി നടന്നത്.

വിവിധ യൂണിയനുകളുടെ ബാനറിനു കീഴിൽ പ്രകടനമായി എത്തിയ തൊഴിലാളികൾ പാളയം രക്തസാക്ഷി മണ്ഡപത്തിൽ ഒന്നിച്ചുചേർന്നാണ് കിഴക്കേക്കോട്ടവരെ റാലി നടത്തിയത്. റാലിക്ക് നേതൃത്വം നൽകാൻ എഐയുറ്റിയുസിയെ പ്രതിനിധീകരിച്ച് സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ. സദാനന്ദൻ, വൈസ് പ്രസിഡണ്ടുമാരായ സഖാക്കൾ ഡി.സുന്ദരേശൻ, പി.എം. ദിനേശൻ, എസ്.രാധാകൃഷ്ണൻ, സെക്രട്ടേറിയറ്റ് അംഗങ്ങളായ സഖാക്കൾ എസ്. സീതിലാൽ, എൻ.ആർ.മോഹൻകുമാർ, ട്രഷറർ സഖാവ് ഡി.ഹരികൃഷ്ണൻ, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ സഖാക്കൾ വി.പി. കൊച്ചുമോൻ, പി.ആർ. സതീശൻ, ബി. വിനോദ്, കെ.ജി. അനിൽകുമാർ, എം.എൻ. അനിൽ, കെ. പ്രദീപ്, എ.ജി. അജയകുമാർ തുടങ്ങിയവർ പങ്കെടുത്തു. ●

## പ്രൈവറ്റ് രജിസ്ട്രേഷൻ നിലനിർത്തി പാരലൽ വിദ്യാഭ്യാസത്തെ സംരക്ഷിക്കുക

**-എഐഡിഎസ്ഒ**

ഡിഗ്രി പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കാനുള്ള കേരള യൂണിവേഴ്സിറ്റിയുടെ തീരുമാനം പിൻവലിച്ചുകൊണ്ട് പാരലൽ വിദ്യാഭ്യാസ രംഗം സംരക്ഷിക്കണമെന്ന് എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ഇ.എൻ ശാന്തിരാജ് ആവശ്യപ്പെട്ടു. ചോയ്സ് ബേയ്സ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ(സിബിസിഎസ്) സിസ്റ്റത്തിന്റെ ഭാഗമായാണ് പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. ഡിപിഇപിയുടെ തുടർച്ചയായ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം ഇല്ലാതാക്കിയെന്ന് ഇതിനോടകം തെളിഞ്ഞുകഴിഞ്ഞു. സമ്പൂർണ്ണ പരാജയമായ ക്രെഡിറ്റ് ആന്റ് സെമസ്റ്ററിന്റെ പേരിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കുന്നത് സർവ്വകലാശാലകൾ ഇല്ലാതാക്കാനും സ്വയംഭരണകോളേജുകൾ ആരംഭിക്കാനുമുള്ള റൂസ(ആർയുഎസ്എ)പദ്ധതിയുടെ ഭാഗമാണ്. ഇത് നടപ്പിലാകുന്നതോടുകൂടി ഉന്നത വിദ്യാഭ്യാസരംഗം സമ്പൂർണ്ണമായി കച്ചവടവൽകരിക്കപ്പെടും. പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കാനുള്ള തീരുമാനത്തിനെതിരെ ശക്തമായ പ്രക്ഷോഭവുമായി എഐഡിഎസ്ഒ രംഗത്തുവരുമെന്നും ഇ.എൻ ശാന്തിരാജ് പറഞ്ഞു.

# സാമൂഹ്യ സുരക്ഷ ഇല്ലായ്മ ചെയ്യുന്ന പെൻഷൻ ഫണ്ട് ബില്ല് പിൻവലിക്കുക

**- സഖാവ് പ്രൊവാഷ് ഘോഷ്**

സെപ്റ്റംബർ 4-ന് പാർലമെന്റ് പാസ്സാക്കിയ പെൻഷൻ ഫണ്ട് ഡവലപ്മെന്റ് ആന്റ് റഗുലേറ്ററി അതോറിറ്റി ബിൽ 2011 നെ ഞങ്ങൾ ശക്തിയുക്തം എതിർക്കുന്നു. പുതിയ പെൻഷൻ സ്കീമിലൂടെ സമാഹരിക്കപ്പെടുന്ന ഫണ്ട് വിദേശ പ്രത്യക്ഷ നിക്ഷേപകർക്കായി തുറന്നുകൊടുക്കുകയും സാമൂഹ്യ സുരക്ഷ ഉറപ്പ് നൽകിയിരുന്ന നിലവിലുള്ള പെൻഷൻ സംവിധാനത്തെ വിദേശ കുത്തകകൾക്കും ഊഹക്കച്ചവടക്കാർക്കും ചൂതാട്ടത്തിനായി വിട്ടുകൊടുക്കുകയും ചെയ്യുന്നതുവഴി പെൻഷൻ പറ്റിയ ആളുകൾ ഓഹരിക്കമ്പോളത്തിന്റെ ചാഞ്ചാട്ടങ്ങൾക്ക് വിധേയരാകുവാൻ വിധിക്കപ്പെട്ടിരിക്കുകയാണ്. സ്ഥിരതയുള്ളതും മാന്യവുമായ ഒരു വരുമാനം ഉറപ്പുനൽകാനാവില്ലെന്ന കാര്യം പോകട്ടെ, ഓഹരി കമ്പോളത്തിൽ തകർച്ചയുണ്ടായാൽ പെൻഷൻ പറ്റിയ ആളുകൾക്ക് തങ്ങളുടെ പെൻഷൻ ഫണ്ടിലെ സമ്പാദ്യമായ മുതലുതന്നെ നഷ്ടമായേക്കാം.

അമേരിക്കയിലെ സബ്പ്രൈം പ്രതിസന്ധിയെത്തുടർന്ന് ഒറ്റരാത്രി കൊണ്ട് ലോകത്തെ എല്ലാ ഓഹരിക്കമ്പോളങ്ങളിലും വലിയ തകർച്ച നേരിട്ടു. പല വലിയ പെൻഷൻ ഫണ്ടുകളും ഒറ്റരാത്രികൊണ്ട് പാപ്പരായിപ്പോയിയെന്നത് പ്രത്യക്ഷമായ തെളിവാണ്. ഇത്തരത്തിലുള്ള ഒരു നിയമത്തിന്റെ ആവിഷ്ക്കരണത്തിലൂടെ പെൻഷൻ പറ്റിയവർക്ക് മാന്യമായ ഒരു സ്ഥിരവരുമാനം ലഭ്യമാക്കുകയെന്ന ഉത്തരവാദിത്തത്തിൽനിന്ന് സർക്കാർ ഒഴിഞ്ഞുമാറിയെന്ന് മാത്രമല്ല, തങ്ങളുടെ അധ്വാനത്തിലൂടെ സമാഹരിക്കപ്പെട്ട പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കപ്പെട്ട തുകയുടെ സംരക്ഷണത്തിൽനിന്നു പോലും സർക്കാർ ഒഴിഞ്ഞുമാറുകയാണ്. തങ്ങളുടെ ജീവനും ജീവിതത്തിനുംനേർക്ക് ഉയർന്നുവന്നിട്ടുള്ള ഭീഷണമായ ഈ ആക്രമണത്തെ അംഗീകരിച്ചുകൊടുക്കരുതെന്ന് രാജ്യത്തെ തൊഴിലാളികളോടും എല്ലാവിഭാഗത്തിലുംപെട്ട പണിയെടുക്കുന്ന ആളുകളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. കഷ്ടപ്പെട്ട് സമാഹരിച്ച സമ്പാദ്യം മുഴുവൻ തട്ടിയെടുക്കുന്ന ഈ ബിൽ ഉടനടി പിൻവലിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ശക്തമായ പ്രക്ഷോഭം രാജ്യവ്യാപകമായി കെട്ടിപ്പടുക്കുവാൻ രാജ്യത്തെ തൊഴിലാളികളോടും പണിയെടുക്കുന്ന മുഴുവൻ ജനവിഭാഗങ്ങളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ●

## പൊക്കാളികൃഷി നശിപ്പിച്ചവർക്കെതിരെ നടപടിയെടുക്കുക

കതിരുവന്ന ആറര ഏക്കറോളം വരുന്ന പൊക്കാളിപാടത്തേയ്ക്ക് ഓരുവെള്ളം കയറ്റിവിട്ട ചെമ്മീൻ കെട്ട് ലോബിക്കെതിരെ ചെല്ലാനം മറുവാക്കാട് പൊക്കാളി സംരക്ഷണ സമര സമിതി പ്രതിഷേധിച്ചു. സ്കൂൾപടിയിൽ ചേർന്ന പ്രതിഷേധ യോഗം തേവര സേക്രട്ട് ഹാർട്ട് കോളേജിലെ പ്രൻസിപ്പാൾ ഡോ. ഫാദർ പ്രശാന്ത് പാലക്കാപ്പിള്ളി ഉദ്ഘാടനം ചെയ്തു. 'ഒരു നെല്ലും ഒരു മീനും' എന്നുള്ളത്, പ്രകൃതിയുടെ സ്വാഭാവികരീതിയാണ്.ഒരു ചെറുന്യൂന പക്ഷത്തിന്റെ സ്വാർത്ഥമോഹങ്ങൾക്ക് വേണ്ടി നാടിന്റെ പൈതൃക സമ്പത്ത് നശിപ്പിക്കുവാൻ അനുവദിച്ചുകൂടാ. നെൽകൃഷി യഥാർത്ഥത്തിൽ നഷ്ടമാണെങ്കിൽ സർക്കാരിൽ നിന്ന് അവശ്യമായ പിന്തുണ നേടിയെടുക്കുവാൻ യോജിച്ച് .പ്രവർത്തിക്കണം. ഓരുവെള്ളം കടത്തിവിട്ട് മത്സ്യത്തൊഴിലാളികൾക്കും കർഷകത്തൊഴിലാളികൾക്കും തൊഴിൽ ചെയ്യുവാനുള്ള സാഹചര്യം നിഷേധിച്ച നടപടി അപലപനീയമാണെന്ന് സമിതി നേതാക്കൾ കുറ്റപ്പെടുത്തി. പൊതുഖജനാവിലെ കോടിക്കണക്കിന് രൂപയാണ് പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി വർഷംതോറും ചെലവിടുന്നത്. എന്നാൽ നെല്ലുൽപാദനത്തെ അത് തരിമ്പും സഹായിക്കുന്നില്ല എന്ന് മാത്രമല്ല പ്രകൃതിക്കും മനുഷ്യനും ദോഷം വരുന്ന രീതിയിൽ നിരന്തര ചെമ്മീൻവാറ്റ് തഴച്ചു വളർന്നുകൊണ്ടിരിക്കുകയാണ്. രാജ്യത്തിന് വിദേശ നാണ്യം നേടിത്തരുന്നതിന്റെ മറവിൽ ജനങ്ങൾക്ക് തീരാദുരിതമാണ് നെൽകൃഷി അട്ടിമറിക്കപ്പെടുന്നതുവഴി സംജാതമാകുന്നത്. സർക്കാരിന്റെ നയം കർശനമായി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ ശക്തമായ ജനകീയ സമരം നേരിടേണ്ടിവരുമെന്ന് സമരസമിതി അധികാരികൾക്ക് മുന്നറിയിപ്പ് നൽകി. എം.ജി.ശ്രീകുമാർ കമ്മത്ത്, ബാബു പള്ളിപ്പറമ്പിൽ, കെ.എൽ.ബെന്നി, പി.എസ്. മൈക്കിൾ, കെ. പ്രതാപൻ, വർഗ്ഗീസുകുട്ടി മുണ്ടുപറമ്പിൽ, റോജി ആറാട്ടുകുളങ്ങര, സേവ്യർ തറയിൽ തുടങ്ങിയവർ സംസാരിച്ചു. ●

## ആശാ ജീവനക്കാരുടെ വിവിധ ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ടുള്ള നിവേദനം കേന്ദ്ര ആരോഗ്യമന്ത്രിക്ക് സമർപ്പിച്ചു.

എഐയുറ്റിയുസി അഖിലേന്ത്യാ വൈസ് പ്രസിഡന്റ് സഖാവ് കെ.രാധാകൃഷ്ണയുടെ നേതൃത്വത്തിൽ ഡി.നാഗലക്ഷ്മി(സെക്രട്ടറി, കർണ്ണാടക), പൂർണ്ണചന്ദ്ര ബേര, കൃഷ്ണ പ്രധാൻ (പശ്ചിമബംഗാൾ), പാലേന്ദ്ര കത്തിയാർ, അർച്ചന ഭോസിൽ (യു.പി) രാജ ബാല, മമത റാവു (ഡൽഹി), രാജ്ബാൽ യാദവ് (ഹരിയാന) എന്നീ സഖാക്കൾ അടങ്ങുന്ന ആശാജീവനക്കാരുടെ പ്രതിനിധി സംഘം 2013 ആഗസ്റ്റ് 29-ന് വിവിധ ഡിമാന്റുകൾ അടങ്ങുന്ന നിവേദനം കേന്ദ്ര ആരോഗ്യമന്ത്രിക്ക് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി വഴി സമർപ്പിച്ചു. ആശാവർക്കേഴ്സിനെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുക, മിനിമം കൂലിയും മറ്റ് സേവന-വേതന വ്യവസ്ഥകളും നടപ്പാക്കുക, കഴിഞ്ഞ എഴുവർഷമായി ഒരേനിലയിൽ തുടരുന്ന ഇൻസെന്റീവ് തുക വർദ്ധിപ്പിക്കുക, ഇൻസെന്റീവും സാമൂഹ്യ സുരക്ഷാ കവറേജും ആശാ ജീവനക്കാർക്ക് ലഭ്യമാക്കുവാൻ നടപടിക്രമങ്ങൾ ലളിതവും സുതാര്യവുമാക്കുക തുടങ്ങിയ ഡിമാന്റുകൾ മെമ്മോറാണ്ടത്തിലും ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയുടെ മുമ്പാകെയും അവതരിപ്പിച്ചു. ആശാ ജീവനക്കാരുടെ ഡിമാന്റുകൾ ഗൗരവപൂർവ്വം പരിഗണിക്കാമെന്ന് അദ്ദേഹം ഉറപ്പുനൽകി. ●

# ഇന്ത്യൻ നേഴ്സസ് പേരന്റ്സ് അസോസ്സിയേഷൻ സമരത്തിൽ

**ഉപാധികളില്ലാതെ വിദ്യാഭ്യാസവായ്പയുടെ പലിശ പൂർണ്ണമായും എഴുതിത്തള്ളുക, ജപ്തി നടപടികൾ നിർത്തിവയ്ക്കുക, തിരിച്ചടവ് കാലാവധി ദീർഘിപ്പിക്കുക തുടങ്ങിയ ഡിമാന്റുകളുന്നയിച്ചുകൊണ്ട് ഐഎൻപിഎ സംസ്ഥാന വ്യാപകമായി കലക്ട്രേറ്റ് മാർച്ചും പ്രതിഷേധ പരിപാടികളും നടത്തി.**




ഐഎൻപിഎ കോട്ടയം കളക്ട്രേറ്റിലേക്ക് നടത്തിയ മാർച്ച്

**ഒ**രു ജനാധിപത്യ സമൂഹത്തിൽ പൗരന് വിദ്യാഭ്യാസം നൽകേണ്ട ഉത്തരവാദിത്തം ഗവൺമെന്റിനാണ്. നമ്മുടെ നാട്ടിൽ ആ ഉത്തരവാദിത്തം സർക്കാർ കൈയ്യൊഴിഞ്ഞ് രക്ഷിതാക്കളുടെ തലയിൽ കെട്ടിവച്ചപ്പോഴാണ് ബാങ്കുകൾ രംഗത്ത് വന്നത്. ഇന്നിപ്പോൾ വായ്പയെടുത്ത് പഠനം പൂർത്തിയായവർക്ക് മാന്യമായൊരു തൊഴിൽ നൽകുവാനോ അവരെ കടക്കെണിയിൽ നിന്ന് രക്ഷിക്കുവാനോ സർക്കാർ തയ്യാറാകുന്നില്ല. ഇത്തരമൊരു സാഹചര്യത്തിലാണ് ഐഎൻപിഎയുടെ നേതൃത്വത്തിൽ സമരങ്ങൾ ആരംഭിച്ചത്. ശക്തമായ സമരങ്ങളെ തുടർന്ന് 2004–2009 കാലയളവിൽ വായ്പയെടുത്തു പഠിച്ച, തൊഴിൽ രഹിതരായ, വാർഷിക വരുമാനം 3 ലക്ഷത്തിൽ താഴെയുള്ളവരുടെ പഠനകാലയളവിലെ പലിശ സർക്കാർ ഏറ്റെടുക്കുമെന്ന് പ്രഖ്യാപിച്ചു. ഈ കാലയളവിനുമുമ്പ് വായ്പയെടുത്ത്, കൊള്ളപ്പലിശ കാരണം ചെയ്തു. തിരഞ്ഞെടുപ്പിനെ മുന്നിൽ കണ്ട് കർഷകരുടെ കടങ്ങൾ എഴുതി തള്ളി എന്ന് സർക്കാർ പ്രചാരണം നടത്തുകയും, എന്നാൽ ഉപാധികൾ മൂലം കർഷകർ ആനുകൂല്യത്തിനു വെളിയിലാവുകയും ചെയ്ത അനുഭവം നമ്മുക്കുണ്ട്. ഇതേ സാഹചര്യം ആണ് വിദ്യാഭ്യാസവായ്പയുടെ പഠന കാലയളവിലെ പലിശ എഴുതി തള്ളുന്ന പദ്ധതിയിലും വന്ന് പെട്ടിരിക്കുന്നതെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. സർക്കാർ ഉപാധികൾ പിൻവലിക്കണം എന്നും അദ്ദേഹം ആവശ്യപ്പെട്ടു.

സംസ്ഥാന സെക്രട്ടറി എസ്. മിനി മുഖ്യപ്രഭാഷണം നടത്തി. സ്വാശ്രയ-വായ്പാധിഷ്ഠിത വിദ്യാഭ്യാസം സംസ്ഥാനത്തെ യുവജനങ്ങളെയും രക്ഷിതാക്കളെയും ഇന്ന് ആത്മഹത്യയുടെ വക്കിൽ എത്തിച്ചിരിക്കുന്നു. വിദ്യാഭ്യാസ വായ്പയ്ക്ക് പലിശയും പിഴപ്പലിശയും അടക്കം ഭീമമായ തുകയാണ് തിരിച്ചടയ്ക്കേണ്ടത്. പലിശ എഴുതി തള്ളുന്ന പദ്ധതിയിൽ കടുത്ത ഉപാധികൾ ആണ് ഗവൺമെന്റ് വച്ചിരിക്കുന്നത്. 2004 മുതൽ 2009 വരെ എന്നുള്ള ചെറിയ കാലയളവ് ആണ് ആനുകൂല്യങ്ങൾക്കായി പറഞ്ഞിരിക്കുന്നത്. ഇതു മാറ്റി വിദ്യാഭ്യാസ വായ്പ എടുത്ത ഏതൊരാൾക്കും എന്നതാക്കി മാറ്റണം. പഠിച്ച പല സ്ഥാപനങ്ങളും പ്രവർത്തനം മതിയാക്കിയിട്ടുണ്ട്. ആയതിനാൽ പഠിച്ച സ്ഥാപന മേലധികാരിയുടെ സാക്ഷ്യപത്രം എന്നത് മാറ്റണമെന്നും അവർ പറഞ്ഞു.



ആലപ്പുഴ കളക്ട്രേറ്റ് മാർച്ച്

ജപ്തിയുടെ വക്കത്ത് നിൽക്കുന്ന ആളുകളെ ഒഴിവാക്കികൊണ്ടാണ് ഉത്തരവ് ഇറക്കിയത്. എന്നാൽ ഇത്തരം കടുത്ത നിബന്ധനകളുള്ള ഈ തീരുമാനം പിൻവലിക്കണമെന്നും വിദ്യാഭ്യാസ വായ്പയുടെ പലിശ പൂർണ്ണമായും ഉപാധികളില്ലാതെയും മുഴുവൻ ആളുകളുടെയും എഴുതിത്തള്ളണമെന്നും ഐഎൻപിഎ സർക്കാരിനോട് ആവശ്യപ്പെട്ടു.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശൂർ, എന്നീ ജില്ലകളിൽ പ്രതിഷേധ പരിപാടികളും കലക്ടറേറ്റ് മാർച്ചുകളും നടന്നു.എല്ലാ ജില്ലകളിലും കലക്ടർമാരെ കണ്ട് ഡിമാന്റുകളുടങ്ങിയ നിവേദനം സമർപ്പിച്ചു.

**കോട്ടയം കളക്ട്രേറ്റ് മാർച്ചിൽ പ്രതിക്ഷേധം ഇരമ്പി.**

ഉപാധികൾ ഇല്ലാതെ വിദ്യാഭ്യാസ വായ്പയുടെ പലിശ സമ്പൂർണ്ണമായും എഴുതി തള്ളുക എന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷൻ കോട്ടയം കളക്ട്രേറ്റിലേക്ക് മാർച്ച് നടത്തി. മാർച്ച് ജനകീയ പ്രതിരോധ സമിതി സംസ്ഥാന എക്സിക്യൂട്ടീവ് അംഗം പ്രൊഫസർ ജോയി മൈക്കിൾ ഉദ്ഘാടനം

മോറട്ടോറിയത്തിന്റെ കാലയളവിൽ തന്നെ സംസ്ഥാനത്ത് പതിനായിരക്കണക്കിന് രക്ഷിതാക്കൾക്കാണ് ജപ്തി നോട്ടീസ് നൽകിയിരിക്കുന്നത്. നിലവിലെ മോറട്ടോറിയം കാലാവധി ഒക്ടോബർ 10 ന് അവസാനിക്കും. ഇത് വീണ്ടും ദീർഘിപ്പിക്കണമെന്നും അവർ ആവശ്യപ്പെട്ടു. ഗവൺമെന്റ് ഈ നിലപാട് മാറ്റിയില്ലെങ്കിൽ ഐഎൻപിഎ ജപ്തി നടപടികളെ പരസ്യമായി തടയുമെന്നും അവർ പ്രഖ്യാപിച്ചു. സംസ്ഥാന കമ്മറ്റി അംഗം ശശിധരൻ ബ്രഹ്മമംഗലം അദ്ധ്യക്ഷനായിരുന്നു. ജില്ലാസെക്രട്ടറി പ്രശാന്ത് വിജയൻ സ്വാഗതവും സംസ്ഥാന കമ്മറ്റി അംഗം എം.പി. ചെറിയാൻ കൃതജ്ഞതയും രേഖപ്പെടുത്തി. മാർച്ചിൽ സംസ്ഥാന കമ്മറ്റി അംഗങ്ങളായ ജോയി കുടവച്ചൂർ, റ്റോമിജോർജ്ജ്, ജോർജ്ജ്റ്റി. ജോസഫ്, തോമസ് മുണ്ടുവേലി, സംസ്ഥാന ട്രഷറർ കെ.കെ. ഗിരിജ, ഇ.വി.പ്രകാശ് എന്നിവർ സംസാരിച്ചു

രാവിലെ 10 മണിക്ക് കോട്ടയം പഴയ പോലീസ് സ്റ്റേഷൻ മൈതാനിയിൽ നിന്നും ആരംഭിച്ച പ്രകടനത്തിൽ നൂറുകണക്കിന് രക്ഷിതാക്കളും വിദ്യാഭ്യാസ വായ്പ എടുത്തവരും പങ്കെടുത്തു. പ്രകടനത്തിന് എം. കെ. ഹംസ, മൈമൂൺ ബീബി, ബാബു വെച്ചൂർ, കൊങ്ങാണ്ടൂർ രാമൻനായർ, എം.കെ കണ്ണൻ, പി.വി.വർഗ്ഗീസ്, മാത്യു തോമസ്, ബെന്നി ദേവസ്യാ, കെ.ജെ. ജോസഫ്, കമലാസനൻ മുക്കൂട്ടുതറ എന്നിവർ നേതൃത്വം കൊടുത്തു.

**തൃശൂരിൽ രക്ഷകർത്താക്കളുടെ ഒത്തുചേരലും ഹെൽപ്പ് ഡെസ്ക്കും**




തൃശൂരിൽ സംഘടിപ്പിച്ച ഹെൽപ്പ് ഡെസ്ക്

2004– 2009 കാലയളവിൽ വിദ്യാഭ്യാസ വായ്പ എടുത്തവരുടെ പലിശയിളവിന് വേണ്ടി അപേക്ഷ സമർപ്പിക്കുവാനുള്ള ഹെൽപ്പ് ഡെസ്ക് സംഘടിപ്പിച്ചു. തൃശ്ശൂർ റോയൽ റെസിഡൻസി, സിഎംഎസ് സ്കൂൾ എന്നിവിടങ്ങളിലും കളക്ട്രേറ്റിനുമുൻവശത്തുമാണ് ഹെൽപ്പ് ഡെസ്ക് സംഘടിപ്പിച്ചത്. സിഎംഎസ് സ്കൂളിൽ സംഘടിപ്പിച്ച പരിപാടി ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷൻ സംസ്ഥാന സെക്രട്ടറി എസ്. മിനിയും, തൃശ്ശൂർ റോയൽ റെസിഡൻസിയിൽ നടന്ന പരിപാടി സംസ്ഥാനക്കമ്മിറ്റിയംഗം എൻ.ആർ മോഹൻകുമാറും ഉദ്ഘാടനം ചെയ്തു. കളക്ട്രേറ്റിനു മുൻവശം നടന്ന രക്ഷകർത്താക്കളുടെ ഒത്തുചേരൽ അസോസിയേഷൻ ജില്ലാപ്രസിഡന്റ് ഡോ. പി.എസ് ബാബു ഉദ്ഘാടനം ചെയ്തു.

സ്വകാര്യ ആശുപത്രികളിലും ഇതര സ്ഥാപനങ്ങളിലും പണിയെടുക്കുന്നവർക്ക് മാന്യമായ ശമ്പളം ലഭ്യമാക്കാനുള്ള നിയമനിർമ്മാണം നടത്തുവാൻ ഗവൺമെന്റ് ഇതുവരെ തയ്യാറായിട്ടില്ല. നിലവിൽ പ്രഖ്യാപിക്കപ്പെട്ട ശമ്പളവും ആനുകൂല്യങ്ങളും നൽകുമെന്ന് ഉറപ്പാക്കാനും ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ജനങ്ങൾക്ക് വിദ്യഭ്യാസവും തൊഴിലും കൊടുക്കുവാനുള്ള മൗലികമായ ഉത്തരവാദിത്തം സർക്കാർ കൈയൊഴിഞ്ഞതിലൂടെയാണ് സാമൂഹ്യ രംഗത്ത് ഇത്തരം ഒരു വിപത്ത് സംജാതമായത്. തൃശൂർ ജില്ലയിൽ മാത്രം 4000 ത്തോളം കുടുംബങ്ങൾ ജപ്തി ഭീഷണിയിലാണ്. ബാങ്കുകൾ നിരന്തരം ഇവരെ വേട്ടയാടിക്കൊണ്ടിരിക്കുകയാണ്. വായ്പയെടുത്ത് വിദ്യാഭ്യാസം പൂർത്തിയാക്കിയ ലക്ഷക്കണക്കിന് വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും ഇന്ന് വലിയൊരു കടക്കെണിയിലകപ്പെട്ടിരിക്കുകയാണ്. മെച്ചപ്പെട്ട തൊഴിൽ ലഭിക്കുമെന്ന വ്യാപകമായ പ്രചാരണത്തിൽ കുടുങ്ങിയാണ് ഇത്തരം കോഴ്സുകൾ പലരും തെരഞ്ഞെടുത്തത്. എന്നാൽ പലർക്കും തൊഴിലില്ല, ഉള്ളവർക്കാകട്ടെ മാന്യമായൊരു വേതനവുമില്ല. ഡോ. എസ്. ബലരാമൻ ചെയർമാനായിരുന്ന മനുഷ്യാവകാശ കമ്മീഷൻ കേരളത്തിലെ എഴുന്നൂറോളം സ്വകാര്യ ആശുപത്രികളിൽ സർക്കാർ നിയോഗിച്ചതനുസരിച്ച് നടത്തിയ തെളിവെടുപ്പിൽ കണ്ട കാഴ്ചകൾ ഞെട്ടിപ്പിക്കുന്നതായിരുന്നു. അത്രയേറെ കഷ്ടപ്പാടുകൾ നിറഞ്ഞതായിരുന്നു നമ്മുടെ കുട്ടികളുടെ തൊഴിൽ രംഗം. ഇപ്പോൾ ഗവൺമെന്റ് മുന്നോട്ടുവച്ചിരിക്കുന്ന എല്ലാ ഉപാധികളും എടുത്തുകളഞ്ഞുകൊണ്ട് കാല-വരുമാന പരിധിയില്ലാതെ, ഇതിനോടകം വിദ്യാഭ്യാസവായ്പയെടുത്ത ഏവരേയും പരിഗണിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും കടക്കെണിയിൽനിന്നും രക്ഷിക്കണമെന്ന് എസ്. മിനി ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. ഐ.എൻ.പി.എ ജില്ലാ വൈസ് പ്രസിഡന്റ് സി.കെ. ശിവദാസൻ, ജില്ലാ സെക്രട്ടറി സിസിലി ഏലിയാസ്, അഡ്വ. ഇ.എൻ ശാന്തിരാജ്, പി.സി.ജോയി, വർക്കി കട്ടിലപൂവ്വം, എം. പ്രദീപൻ, എ.എം.സുരേഷ്, സുജാ ആന്റണി, യു.യു.സുബ്രഹ്മണ്യൻ, കെ.വി.ഏലിയാസ്, മോഹനൻ കൊളത്താശ്ശേരി എന്നിവർ നേതൃത്വം കൊടുത്തു.

വിഷയങ്ങൾ ചർച്ച ചെയ്യുവാനും തുടർപ്രവർത്തനങ്ങൾ ആലോചിക്കുന്നതിനുമായി ഒക്ടോബർ 27 ന് വിവേകോദയം സ്കൂൾ ഓഡിറ്റോറിയത്തിൽ ജില്ലാകൺവഷൻ ചേരുമെന്നും പേര് രജിസ്റ്റർ ചെയ്ത മുഴുവൻ അംഗങ്ങൾക്കുംഅംഗത്വകാർഡുകൾ വിതരണം ചെയ്യുമെന്നും ജില്ലാ ഭാരവാഹികൾ അറിയിച്ചു.

**ആലപ്പുഴയിൽ കളക്ട്രേറ്റ് മാർച്ച്**

ഉപാധികളില്ലാതെ വിദ്യാഭ്യാസ വായ്പയുടെ പലിശ സർക്കാർ ഏറ്റെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഐഎൻപിഎ കളക്ട്രേറ്റ് മാർച്ച് നടത്തി. സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. ഹരിപ്രസാദ് മാർച്ച് ഉദ്ഘാടനം ചെയ്തു. ഇപ്പോൾ ഗവൺമെന്റ് മുന്നോ

*(ശേഷം പേജ് 14-ൽ)*




എറണാകുളം കളക്ട്രേറ്റിലേക്ക് നടത്തിയമാർച്ച്

# മാവോയിസ്റ്റുകൾ മാവോ ചിന്തയെ നിരാകരിക്കുന്നു

*(7-ാംപേജിൽ നിന്ന്)*

ഭീകരരുടെ വാഴ്ചയാണെന്ന് നമ്മൾ വിചാരിക്കുന്നു. പക്ഷേ, നേരെമറിച്ച്, ഭീകരതക്കടിപ്പെട്ട് ഭയവിവശരായ ആളുകളുടെ വാഴ്ചയാണത്. സ്വയം ധൈര്യം സംഭരിക്കാനായി ഭയവിവശരായവർ അഴിച്ചുവിടുന്ന പ്രയോജനരഹിതമായ ക്രൂരതകളാണ് ഈ ഭീകരതയിൽ ഉള്ളടങ്ങിയിരിക്കുന്നത്''. ''ബഹുജനപ്രസ്ഥാനത്തെ മനസ്സിലാക്കുന്നതിൽ അമ്പേ പരാജയപ്പെടുകയും അതിൽ വിശ്വാസമില്ലാതാകുകയും'' ചെയ്യുന്ന അവസ്ഥയാണ് ഭീകരത വിളംബരം ചെയ്യുന്നതെന്ന് ലെനിൻ ചൂണ്ടിക്കാട്ടുന്നു. 1880ൽ സാറിസ്റ്റ് റഷ്യയിൽ നരോദ്നിക്കുകൾ എന്ന ഒരു ഗ്രൂപ്പ് കർഷകരുടെയും തൊഴിലാളികളുടെയുമിടയിലുള്ള ബഹുജന വിപ്ലവപ്രവർത്തനങ്ങൾ ഉപേക്ഷിക്കുകയും സാറിന്റെ വാഴ്ചക്കെതിരെ വ്യക്തികളുടെ ഉന്മൂലനം ഒരു നയമായി സ്വീകരിക്കുകയും ചെയ്തു. ലെനിൻ രൂക്ഷമായ ആശയസമരത്തിലൂടെ അവർക്ക് നല്ല മറുപടികൊടുക്കുകയും നരോദ്നിക്കുകൾ എങ്ങനെയാണ് ഭരണവർഗ്ഗത്തിനാകെ എതിരായ പോരാട്ടത്തിൽ നിന്ന് ജനങ്ങളുടെ ശ്രദ്ധ തിരിച്ചതെന്നും തൊഴിലാളിവർഗ്ഗത്തിന്റെയും കർഷകരുടെയും വിപ്ലവപ്രർത്തനത്തിലുള്ള മുൻകൈയ്യും പങ്കാളിത്തവും തടസ്സപ്പെടുത്തിയതെന്നും തൊഴിലാളിവർഗ്ഗത്തിന്റെ വിപ്ലവ പാർട്ടിയുടെ ശക്തിപ്പെടലിനെ മുരടിപ്പിച്ചതെന്നും കാട്ടിക്കൊടുക്കുകയും ചെയ്തു. ഒരു ബഹുജനമുന്നേറ്റത്തിനിടയിലുണ്ടാവുന്ന സംഘർഷങ്ങളും ചോരചൊരിച്ചിലും, ബഹുജനപിന്തുണയില്ലാത്ത സാഹസികമായ വ്യക്തിപരമായ ഭീകരതയും തമ്മിലുള്ള വ്യത്യാസം അദ്ദേഹം വ്യക്തമായി വേർതിരിച്ചുകാട്ടി. ഒരു പാർട്ടിക്ക് ബഹുജനങ്ങളുടെ പിന്തുണ ലഭിക്കാത്തപ്പോഴാണ് വ്യക്തിപരമായ ഭീകരതയിലേക്ക് തിരിയുന്നതെന്ന് റഷ്യൻ വിപ്ലവത്തിന്റെ ചരിത്രം നമുക്ക് കാട്ടിത്തരുന്നു. കൂടുതൽ വിശദീകരിച്ചുകൊണ്ട് അദ്ദേഹം നിരീക്ഷിക്കുന്നു: ''അരാജകവാദികളുടെ തത്ത്വചിന്തയെന്നത് ബൂർഷ്വാസിയുടെ തത്ത്വചിന്ത പുറം തിരിച്ചുവച്ചതാണ്. അവരുടെ വ്യക്തിനിഷ്ഠമായ സിദ്ധാന്തവും വ്യക്തിനിഷ്ഠമായ ആദർശങ്ങളും സോഷ്യലിസത്തിന് കടകവിരുദ്ധമാണ്. അദ്ധ്വാനത്തിന്റെ സാമൂഹികവൽക്കരണത്തിലേക്ക് അപ്രതിരോധ്യമായ വേഗതയിൽ ചരിക്കുന്ന ബൂർഷ്വാ സമൂഹത്തിന്റെ ഭാവിയെയല്ല അവരുടെ കാഴ്ചപ്പാടുകൾ പ്രകടിപ്പിക്കുന്നത്. മറിച്ച്, ആ സമൂഹത്തിന്റെ വർത്തമാനകാലത്തെയും എന്തിന് അതിന്റെ ഭൂതകാലത്തെയുമാണ്; ചിതറിയും ഒറ്റപ്പെട്ടും കിടക്കുന്ന ചെറുകിട ഉല്പാദകരുടെമേൽ ആധിപത്യം നേടാനുള്ള അന്ധമായ സാധ്യതയെയാണ്. അവരുടെ, 'അനാർക്കിസ്റ്റുകളുടെ' തന്ത്രങ്ങൾ ഫലത്തിൽ രാഷ്ട്രീയ സമരങ്ങളെ നിരസിക്കുകയും തൊഴിലാളികളിൽ അനൈക്യം സൃഷ്ടിക്കുകയും അവരെ ബൂർഷ്വാ നയങ്ങളുടെ നിസംഗരായ പങ്കാളികളായി മാറ്റുകയും ചെയ്യും''. *(സോഷ്യലിസവും അനാർക്കിസവും-സമാകൃതകൃതികൾ, വോള്യം 10 പേജ് 73)* ഭീകരതയോടുള്ള പ്രതിപത്തി ''അവിഭാജ്യമായി ബന്ധപ്പെട്ടിരിക്കുന്ന വസ്തുതയെന്തെന്നാൽ അത് തൊഴിലാളിവർഗ്ഗപ്രസ്ഥാനവുമായി എല്ലാഴ്പ്പോഴും അകന്നുകഴിയാനാണ് ആഗ്രഹിക്കുന്നതെന്നാണ്. വർഗ്ഗസമരത്തിലേർപ്പെട്ടിരിക്കുന്ന വിപ്ലവവർഗ്ഗത്തിൽ കക്ഷി ചേരാൻ പോലും അവർ തയ്യാറല്ല''*(റവല്യൂഷണറി അഡ്വഞ്ചറിസം സമാകൃത കൃതികൾ, വോള്യം 6 പേജ് 189)* ''അതിനാൽ ഭീകരതക്കുവേണ്ടിയുള്ള ആസക്തി സർവ്വപ്രധാനമായ ബഹുമുഖ രാഷ്ട്രീയ പ്രക്ഷോഭണം സംഘടിപ്പിക്കുന്നതിൽ നിന്ന് ഒളിച്ചോടാനുള്ള പല വഴികളിലൊന്നുമാത്രമാണ്. (എന്തുചെയ്യണം? തെരഞ്ഞെടുത്ത കൃതികൾ, വോള്യം 2 പേജ് 96 -97) ''ചാരന്മാരെയും കുത്തിത്തിരിപ്പുകാരെയും'' പ്രസ്ഥാന ദ്രോഹികളെയും വകവരുത്തേണ്ടത് തീർത്തും ഒഴിച്ചുകൂടാനാവാതെ വരുന്ന ചില സന്ദർഭങ്ങൾ ഉണ്ടായേക്കാമെങ്കിലും *അത് ഒരു നടപ്പുവ്യവസ്ഥയാക്കുന്നത്* തീർത്തും അനഭിലഷണീയവും അബദ്ധവുമാണ് എന്ന് നാം തൊഴിലാളികളെ പഠിപ്പിക്കണം''. അദ്ദേഹം വ്യക്തമാക്കി. (*നമ്മുടെ സംഘടനാ ദൗത്യങ്ങളെപ്പറ്റി ഒരു സുഹൃത്തിനെഴുതിയ കത്ത് എന്ന കൃതിയുടെ അടിക്കുറിപ്പ് സമാകൃത കൃതികൾ, വോള്യം6 പേജ് 245)* ''ഇടതടവില്ലാത്ത തൊഴിലാളിവർഗ്ഗസമരത്തിന്റെ അവശ്യഉപാധികളൊന്നും തൊട്ടുതീണ്ടിയിട്ടില്ലാത്ത അനാർക്കിസ്റ്റുകളിൽ നിന്ന് ചിലത് കടം കൊണ്ട് പെറ്റിബൂർഷ്വാ വിപ്ലവകാരികൾക്കെതിരെ ഒരുപാട് വർഷങ്ങൾ നീണ്ട സമരത്തിലൂടെയാണ് ബോൾഷെവിസം മുളപൊട്ടിയതും രൂപം കൊണ്ടതും അടിയുറച്ചതും''.(*ഇടതുപക്ഷ കമ്യൂണിസം, ഒരു ബാലാരിഷ്ടത തെരഞ്ഞെടുത്ത കൃതികൾ,* വോള്യം 10 പേജ് 70)

ഇക്കാര്യം കൂടുതൽ വിശദീകരിച്ചുകൊണ്ട് സ്റ്റാലിൻ ചൂണ്ടിക്കാണിച്ചു; ''മാർക്സിസവും അനാർക്കിസവും തീർത്തും വ്യത്യസ്തമായ തത്ത്വങ്ങളിന്മേലാണ് കെട്ടിപ്പടുത്തതെന്നതാണ് കാര്യം. അനാർക്കിസത്തിന്റെ പ്രമാണങ്ങളനുസരിച്ച്, വ്യക്തി വിമോചിതമാവുന്നതിന് മുമ്പായി ബഹുജനങ്ങളുടെ വിമോചനം അസാദ്ധ്യമാണ്. അതനുസരിച്ച്, 'എല്ലാം വ്യക്തിക്കുവേണ്ടി' എന്നതാണ് അവരുടെ മുദ്രാവാക്യം. പക്ഷേ വ്യക്തിയുടെ വിമോചനത്തിന്റെ മുഖ്യഉപാധി ബഹുജനങ്ങളുടെ വിമോചനമാണെന്ന തത്ത്വമാണ് മാർക്സിസത്തിന്റെ ആധാരശില. എന്നുപറഞ്ഞാൽ ബഹുജനങ്ങളെ വിമോചിപ്പിക്കാതെ വ്യക്തിയുടെ വിമോചനം അസാദ്ധ്യമാണെന്ന് മാർക്സിസം വിശ്വസിക്കുന്നു. അതിനാൽ 'എല്ലാം ബഹുജനങ്ങൾക്ക് വേണ്ടി' എന്നതാണ് മുദ്രാവാക്യം''. *(അനാർക്കിസമോ സോഷ്യലിസമോ? സമാകൃത കൃതികൾ പേജ് 299)* വ്യക്ത്യധിഷ്ഠിത ഭീകരതവാദത്തെയും വ്യക്ത്യധിഷ്ഠിത അരാജകവാദത്തെയും ലെനിനും സ്റ്റാലിനും തള്ളിപ്പറഞ്ഞതും അവ മാർക്സിസത്തിന്റെ ഏറ്റവും അടിസ്ഥാനതത്ത്വങ്ങൾക്ക് കടകവിരുദ്ധമായാണ് നീങ്ങുന്നതെന്ന് അവർ കാട്ടിത്തന്നതും ഇവ്വിധമാണ്.

വർഗ്ഗസമരത്തിന്റെ പേരിൽ ഭീകരവാദത്തിലേക്ക് വഴുതിവീഴുന്നതിനെതിരെ ലെനിനെയും സ്റ്റാലിനെയും പോലെത്തന്നെ മാവോയും മുന്നറിയിപ്പ് മുഴക്കിയിട്ടുണ്ട്. ജപ്പാൻ അധിനിവേശത്തിനെതിരായ യുദ്ധത്തെ 'സർവ്വസംഹാരിയായ യുദ്ധം' എന്ന് അദ്ദേഹം വിളിച്ചതിനെപ്പറ്റി ആരെങ്കിലും തെറ്റായി ധരിച്ചിട്ടുണ്ടെങ്കിൽ അവർക്കുവേണ്ടി അദ്ദേഹം പറഞ്ഞു: ''സർവ്വസംഹാരിയായ ആക്രമണങ്ങൾ ശത്രുവിനെ ക്ഷീണിപ്പിക്കാനായി ഇടതടവില്ലാതെ നടത്തുന്ന യുദ്ധത്തിന്റെ അടവുപരമായ വിജയത്തിന് വേണ്ടിയാണ്. ഈ അർത്ഥത്തിൽ സർവ്വസംഹാരിയായ യുദ്ധം ശത്രുവിനെ ക്ഷീണിപ്പിക്കാനുള്ള യുദ്ധമാണ്. സർവ്വസംഹാരാത്മകമായി ശത്രുവിനെ ക്ഷീണിപ്പിക്കാനായി നടത്തുന്ന യുദ്ധരീതി മുഖ്യമായും പ്രയോഗിച്ചുകൊണ്ട് ചൈനക്ക് സുദീർഘമായ യുദ്ധം നയിക്കാൻ കഴിയും. *(സുദീർഘമായ യുദ്ധത്തെപ്പറ്റി-തെരഞ്ഞെടുത്ത കൃതികൾ, രണ്ടാം വോള്യം 174-175 പേജുകൾ)* ഇവിടെ സംഹാരം ഏറ്റുവാങ്ങുന്നത് ശത്രുവിന്റെ കൂലിപ്പട്ടാളമാണ്; ഒറ്റപ്പെട്ട വ്യക്തികളല്ല. വിപ്ലവപോരാട്ടം നടത്തുന്നുവെന്ന പേരിൽ വ്യക്തികളെ കൊലപ്പെടുത്തുമ്പോഴും ചിലപ്പോൾ ഹിംസാത്മക പ്രവൃത്തികളിൽ ഏർപ്പെടുമ്പോഴും തങ്ങളുടെ മുൻഗാമികളെപ്പോലെ തന്നെ ഈ സ്വയം പ്രഖ്യാപിത മാവോയിസ്റ്റുകളും മാവോസെതുങ്ങിന്റെ ''രാഷ്ട്രീയാധികാരം തോക്കിൻകുഴലിലൂടെയാണ് വളരുന്നത്'' എന്ന പ്രയോഗം എടുത്തുദ്ധരിക്കുകയും അവർ നടത്തുന്ന കൊലപാതകങ്ങളെയും ഹിംസാത്മകപ്രവൃത്തികളെയും ന്യായീകരിക്കാൻ ഒരു മറയായി അതിനെ ഉപയോഗിക്കുകയും ചെയ്യുന്നു. ഇങ്ങനെ ചെയ്യുന്നതുവഴി അവരുടെ ഇത്തരം വ്യാഖ്യാനങ്ങൾ വിപ്ലവരാഷ്ട്രീയത്തെപ്പറ്റിയുള്ള തെറ്റായ ധാരണകൾ അവതരിപ്പിക്കുന്നു എന്നുമാത്രമല്ല, മാർക്സിസം-ലെനിനിസത്തെ പൊതുവെയും ഉന്നതശീർഷനായ മാർക്സിസ്റ്റ് ആചാര്യനും തൊഴിലാളിവർഗ്ഗത്തിന്റെ മഹാനായ നേതാവുമായ മാവോസെതുങ്ങിനെ പ്രത്യേകിച്ചും വ്യക്ത്യാധിഷ്ഠിത ഭീകരതയുടെയും കൊലപാതകങ്ങളുടെയും പ്രതീകമായി ഇകഴ്ത്തുകയാണെന്ന് ഇക്കൂട്ടർ ഒരിക്കലും ചിന്തിക്കുന്നില്ല. വിപ്ലവപൂർവ്വ ചൈനയിലെ പ്രത്യേക സാഹചര്യത്തെ നിരീക്ഷിച്ചുകൊണ്ട് മാവോ പറഞ്ഞു: ''രാജ്യത്തിന്റെ ജന്മിത്തപരമായ വിഭജനം കാരണം കൂടുതൽ തോക്കുകൾ ആർക്കാണോ അവർ കൂടുതൽ അധികാരം കൈയ്യാളുന്നു. ഇത്തരത്തിലൊരു പരിതഃസ്ഥിതിയിൽ പെട്ടുപോയ തൊഴിലാളിവർഗ്ഗത്തിന്റെ പാർട്ടി സംഗതികളുടെ മർമ്മം വ്യക്തമായി കാണണം''. അതുകൊണ്ട്,...... സായുധസമരമില്ലാതെ തൊഴിലാളിവർഗ്ഗത്തിനും കമ്മ്യൂണിസ്റ്റ് പാർട്ടിക്കും ചൈനയിൽ യാതൊരു നിലനില്പുമുണ്ടാവില്ല; യാതൊരു വിപ്ലവദൗത്യവും പൂർത്തീകരിക്കാനുമാവില്ല. *(തെരഞ്ഞെടുത്ത കൃതികൾ, വോള്യം രണ്ട്* പേജുകൾ 222-224) പക്ഷെ, ശരിയായ പ്രത്യയശാസ്ത്രത്താൽ പ്രചോദിതരായ ജനങ്ങൾ വിപ്ലവപോരാട്ടത്തിൽ ഏറ്റവും ശക്തമായ തോക്കായി പ്രവർത്തിക്കുമെന്നതിന്റെ നിഷേധം ഈ നിരീക്ഷണത്തിൽ അന്തർഭവിച്ചിട്ടുണ്ടോ? ഇതിനുള്ള വിശദീകരണം മാവോതന്നെ നൽകിയിട്ടുണ്ട്. ''......ആയുധം എല്ലാം നിർണ്ണയിക്കും എന്ന് പറയപ്പെടുന്ന സിദ്ധാന്തം യാന്ത്രികമായ സമീപനത്തെയാണ് കുറിക്കുന്നത്. യുദ്ധത്തിൽ ആയുധങ്ങൾ പ്രധാനപ്പെട്ട ഒരു ഘടകം തന്നെയാണ്; പക്ഷെ നിർണ്ണായക ഘടകമല്ല. വസ്തുക്കളല്ല, ജനങ്ങളാണ് നിർണായകം. ബലം പരീക്ഷിക്കപ്പെടുന്നത് സൈനിക സാമ്പത്തിക ശക്തികളാൽ മാത്രമല്ല, മനുഷ്യശക്തിയുടെയും അവന്റെ ധാർമ്മിക ബലത്തിന്റെയും കൂടി പരീക്ഷണമാണ്. (*സുദീർഘയുദ്ധത്തെപ്പറ്റി-തെരഞ്ഞെടുത്ത കൃതികൾ, വോള്യം രണ്ട് പേജ് 143)*

### പാകമാകാതെ വിപ്ലവപോരാട്ടത്തിനായുള്ള ആഹ്വാനം

വിപ്ലവത്തിനായുള്ള പോരാട്ടത്തിന് ആഹ്വാനം കൊടുക്കാനുള്ള സമരഘട്ടത്തിന്റെ കാര്യം പരിശോധിക്കപ്പെടേണ്ട ഒന്നാണ്. ഇതിനുമുമ്പ് ചൂണ്ടിക്കാട്ടിയതുപോലെ ആത്മനിഷ്ഠസാഹചര്യവും വസ്തുനിഷ്ഠസാഹചര്യവും ഒരേപോലെ പരിപക്വമായാലേ വിപ്ലവം വന്നുചേരൂ. അതിന് മുമ്പ് വിപ്ലവത്തിനായി ആഹ്വാനം ചെയ്യുന്നത് ദുഃസാഹസികതയുടെ വിളംബരം മാത്രമായിരിക്കും. തയ്യാറെടുപ്പുകളില്ലാത്ത ബഹുജനങ്ങളെ പ്രതിലോമകാരികളായ ചെന്നായ്ക്കളുടെ മുമ്പിലേക്ക് എറിഞ്ഞുകൊടുക്കുന്നതിന് തുല്യമായിരിക്കുമത്. അതിനാലാണ് ലെനിൻ പറഞ്ഞത്, ''മുന്നണിപ്പോരാളികളെക്കൊണ്ട് മാത്രം വിജയം വരിക്കാനാവില്ല. വർഗ്ഗബഹുജനങ്ങളും വർഗ്ഗമൊന്നാകെയും മുന്നണിപ്പോരാളികളെ നേരിട്ട് പിന്തുണക്കുകയോ അതിനോട് സഹായകരമായ നിഷ്പക്ഷതയെങ്കിലും സ്വീകരിക്കുകയോ വേണം. ചുരുങ്ങിയ പക്ഷം ശത്രുവിനെ സഹായിക്കാൻ സാധ്യതയില്ലാത്ത സാഹചര്യം സൃഷ്ടിക്കപ്പെട്ടിരിക്കുകയെങ്കിലും വേണം. അതിനുമുമ്പ് വിധിനിർണ്ണായകമായ യുദ്ധത്തിലേക്ക് മുന്നണിപ്പോരാളികളെ മാത്രം തള്ളിവിടുന്നത് മണ്ടത്തരമെന്ന് മാത്രമല്ല കുറ്റകൃത്യം കൂടിയാണ്. വിപ്ലവം നടത്താൻ ജനങ്ങൾക്ക് അവരുടേതായ രാഷ്ട്രീയ പരിശീലനം തീർച്ചയായും ലഭിച്ചിരിക്കണം''. *(ഇടതുപക്ഷ കമ്മ്യൂണിസം ഒരു ബാലാരിഷ്ടത)* ഒരു പാർട്ടി തീരുമാനിക്കുന്നതുകൊണ്ടുമാത്രം വിപ്ലവം സാധ്യമാവില്ലെന്ന് മാവോ സെതുങ്ങും നിരീക്ഷിച്ചിട്ടുണ്ട്. അതിനാൽ അദ്ദേഹം മുന്നറിയിപ്പ് നൽകി, ''ചില സഖാക്കൾ, ആത്മനിഷ്ഠ- വസ്തുനിഷ്ഠ സാഹചര്യങ്ങളെ അവഗണിച്ചുകൊണ്ട് വിപ്ലവ എടുത്തുചാട്ടം എന്ന രോഗാവസ്ഥ പ്രകടിപ്പിക്കുന്നവരാണ്. ബഹുജനങ്ങളുടെയിടയിലെ സൂക്ഷ്മവും വിപുലവുമായ പ്രവർത്തനത്തിന്റെ വേദനകൾ ഏറ്റെടുക്കാൻ തയ്യാറാവാതെ അവർ വ്യാമോഹങ്ങളുടെ ഊരാക്കുടുക്കിൽപ്പെടുകയും വമ്പൻ കാര്യങ്ങൾ മാത്രം ചെയ്യാൻ താല്പര്യം കാണിക്കുകയും ചെയ്യുന്നു. പുറ്റ്ചിസത്തിന്റെ അവശിഷ്ടങ്ങളാണിതൊക്കെ.(അതായത്, ബഹുജനങ്ങളിൽ ചെറിയ ഒരു വിഭാഗത്തെ മാത്രം ആശ്രയിക്കുകയും തുടർച്ചയായ ചെറിയ പ്രാദേശിക കലാപങ്ങളുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുക) *(തെരഞ്ഞെടുത്ത കൃതികൾ, വോള്യം രണ്ട് പേജ് 107)* കൂടുതൽ വ്യക്തമാക്കിക്കൊണ്ട് അദ്ദേഹം പറഞ്ഞു. ''ബഹുജനങ്ങൾ ഇനിയും ഉണർന്നെണീക്കാത്ത അവസ്ഥയിൽത്തന്നെ നമ്മൾ ആക്രമണത്തിലേക്ക് കടക്കുവാൻ ശ്രമിക്കുകയാണെങ്കിൽ അത് സാഹസികതയാവും. ബഹുജനങ്ങൾക്ക് ഇഷ്ടമില്ലാത്ത എന്തെങ്കിലും ചെയ്യാൻ അവരെ നിർബന്ധിച്ചാൽ നമ്മൾ ഉറപ്പായും പരാജയപ്പെടും. ബഹുജനങ്ങൾ മുന്നേറാൻ ആവശ്യപ്പെടുമ്പോൾ നമ്മൾ മുന്നേറുന്നില്ലെങ്കിൽ അത് വലതുപക്ഷ അവസരവാദമാകും. *('സാൻസി സ്യൂയുവാൻ' ദിനപത്രത്തിന്റെ എഡിറ്റോറിയൽ സ്റ്റാഫിനോടുള്ള പ്രഭാഷണം തെരഞ്ഞെടുത്ത കൃതികൾ, വോള്യം രണ്ട്. പേജ് 243)*

അദ്ദേഹം ഇങ്ങനെയും പഠിപ്പിച്ചു. ''ഒരുവന് അയാളുടെ പ്രവൃത്തിയിൽ വിജയം വരിക്കണമെങ്കിൽ പ്രതീക്ഷിച്ച ഫലം കിട്ടണമെങ്കിൽ തന്റെ ആശയങ്ങളെ ബാഹ്യമായ വസ്തുനിഷ്ഠലോകത്തെ നിയമങ്ങളുമായി പൊരുത്തപ്പെടുത്തേണ്ടതുണ്ട്. അവ പൊരുത്തപ്പെടുന്നില്ലെങ്കിൽ അയാൾ പ്രയോഗത്തിൽ പരാജയപ്പെടും. അയാൾ പരാജയപ്പെട്ടതിന് ശേഷമെങ്കിലും അതിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളുകയും ബാഹ്യലോകത്തിന്റെ നിയമങ്ങൾക്കനുസൃതമായി തന്റെ ആശയങ്ങളെ തിരുത്തുകയും ചെയ്താൽ അയാൾക്ക് പരാജയത്തെ വിജയമാക്കി മാറ്റാനാവും''. *('പ്രയോഗത്തെപ്പറ്റി' തെരഞ്ഞെടുത്ത കൃതികൾ, വോള്യം ഒന്ന് പേജ് 296-297)* നക്സലൈറ്റുകളുടെ സൈദ്ധാന്തിക അബദ്ധങ്ങളെക്കുറിച്ച് പ്രതിപാദിക്കവെ, എസ്.യു.സി.ഐ (കമ്മ്യൂണിസ്റ്റ്) ന്റെ സ്ഥാപക ജനറൽ സെക്രട്ടറിയും ഉന്നതനായ മാർക്സിസ്റ്റ് ചിന്തകനും മാർക്സ്, ഏംഗൽസ്, ലെനിൻ, സ്റ്റാലിൻ, മാവോസെതുങ് എന്നീ ആചാര്യന്മാരുടെ അർഹനായ പിൻഗാമിയുമായ സഖാവ് ശിബ്ദാസ്ഘോഷ് ഇങ്ങനെ നിരീക്ഷിച്ചു ''നക്സലൈറ്റുകൾ വിപ്ലവത്തിന്റെ പേരിൽ ഇക്കാലത്ത് യഥാർത്ഥത്തിൽ പ്രയോഗിക്കുന്ന കാര്യങ്ങളുടെയും മാവോസെതുങ് ചിന്തകളെന്ന മട്ടിൽ കടത്തിക്കൊണ്ടുവരാൻ ശ്രമിക്കുന്നതിന്റെയും സാരാംശം പരിശോധിക്കുകയാണെങ്കിൽ മനസ്സിലാകുന്നത് ദുഷ്കരമായ രാഷ്ട്രീയ പ്രത്യയശാസ്ത്രസമരം ഏറ്റെടുക്കുന്നതിനെ അവർ തീർത്തും നിരാകരിക്കുകയാണെന്നാണ്. കൂടാതെ, ഒറ്റ തിരിഞ്ഞുള്ള വ്യക്തിഹത്യകൾ ബഹുജനങ്ങളെ വിപ്ലവത്തിലേക്ക് അടുപ്പിക്കുമെന്നും വിപ്ലവ സംഘടനകൾ സ്വയമേവ വളർന്നുവരുമെന്നും അവർ കരുതുന്നു. പക്ഷേ ഇവയ്ക്കൊന്നും മാവോസെതുങ്ങിനോടോ അദ്ദേഹത്തിന്റെ ചിന്തകളോടോ യാതൊരു ബന്ധവുമില്ല. മറിച്ച്, പ്രത്യയശാസ്ത്രമെന്ന് വിളിക്കപ്പെടുന്ന ഇവ മാർക്സിസം ലെനിനിസത്തിനും മാവോസേതുങ് ചിന്തകൾക്കും തീർത്തും അന്യമാണ്. മാവോയുടെ പാഠങ്ങളുമായി ഒത്തുപോകാത്ത ഇത്തരം നടപടികളുമായി മാവോയുടെ പേരിൽ മുന്നോട്ടുപോകുന്നതുവഴി ഇത്തരക്കാർ മാവോസേതുങ്ങിനെപ്പോലുള്ള മഹാനായ ഒരു നേതാവിനുള്ള ആദരണീയമായ സ്ഥാനത്തെ രാഷ്ട്രീയമായി പ്രബുദ്ധമല്ലാത്ത, കാര്യബോധമില്ലാത്ത സാധാരണ ജനങ്ങൾക്ക് മുന്നിൽ ഇടിച്ചുതാഴ്ത്തുകയാണ് ചെയ്യുന്നത്''.*(സമാകൃത കൃതികൾ, വോള്യം രണ്ട് പേജ് 246-247)* ദൗർഭാഗ്യവശാൽ, മുൻകാല നക്സലൈറ്റ് നേതാക്കളെപ്പോലെ തന്നെ സിപിഐ(മാവോയിസ്റ്റ്) കളുടെ ഇപ്പോഴത്തെ നേതൃത്വവും ഈ അമൂല്യമായ പാഠ

*(ശേഷം പേജ് 14-ൽ)*

## കാഞ്ഞങ്ങാട് വിദ്യാഭ്യാസ സംവാദം

# പാഠ്യപദ്ധതിയിലൂടെ ബഹുരാഷ്ട്ര മുതലാളിത്തം അതിന്റെ താൽപ്പര്യങ്ങൾ അടിച്ചേൽപ്പിക്കുന്നു




സംവാദം ഉദ്ഘാടനം ചെയ്തുകൊണ്ട് എൻ.പ്രഭാകരൻ പ്രസംഗിക്കുന്നു.

**പാ**ഠ്യപദ്ധതിയിലൂടെ ബഹുരാഷ്ട്ര മുതലാളിത്തം അതിന്റെ താൽപ്പര്യങ്ങളടിച്ചേൽപ്പിക്കുന്നതിന്റെ ഉത്തമ ഉദാഹരണമാണ് ഇന്നത്തെ നമ്മുടെ സ്കൂൾ പാഠ്യപദ്ധതിയും പഠനരീതികളുമെന്ന് പ്രശസ്ത എഴുത്തുകാരൻ എൻ.പ്രഭാകരൻ അഭിപ്രായപ്പെട്ടു. അധ്യാപകരുടെ പഠിപ്പിക്കാനുള്ള അവകാശ പ്രചാരണവേദി കാഞ്ഞങ്ങാട് സംഘടിപ്പിച്ച 'പൊതുവിദ്യാഭ്യാസം നേരിടുന്ന വെല്ലുവിളികൾ' എന്ന സംവാദം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. പഠനത്തെ കേവലം പഠനാനുബന്ധപ്രവർത്തനങ്ങളാക്കി ചുരുക്കുകയും ആഴത്തിലുള്ള വിഷയപഠനങ്ങൾക്ക് അവശ്യംവേണ്ട അടിസ്ഥാന ശേഷികൾ ഇല്ലാതാക്കുകയുമാണ്. അടിസ്ഥാനവിദ്യാഭ്യാസം തകർന്നതിന്റെ പൂർണ്ണ ഉത്തരവാദിത്തം നമ്മുടെ പാഠ്യപദ്ധതിക്കും അതിന്റെ നടത്തിപ്പുകാർക്കുമാണ്. ബോധനരീതികൾ ഫലപ്രദമല്ലെന്ന് ഏതാണ്ട് മുഴുവൻ അധ്യാപകരും തിരിച്ചറിഞ്ഞിട്ടുണ്ട്. എന്നിട്ടും ശാസ്ത്രസാഹിത്യ പരിഷത്തും മറ്റും പറഞ്ഞുനടക്കുന്നത് മറിച്ചാണ്. അവരുടെ കൂറ് ആരോടാണെന്ന് പൊതുസമൂഹം തിരിച്ചറിയണം. ജ്ഞാനം ആവശ്യമില്ല. ചില കഴിവുകളും കൗശലങ്ങളും മതി എന്ന മട്ടിലാണ് കാര്യങ്ങൾ പോകുന്നത്. കുട്ടികളിൽ അത് അങ്ങേയറ്റം വ്യക്തികേന്ദ്രീകൃത മനോഭാവം വളർത്തുന്നു. പ്രഹസനമായി മാറിയ പഠനാനുബന്ധപ്രവർത്തനങ്ങൾ അവരിൽ ആത്മനിന്ദയാണ് വളർത്തിക്കൊണ്ടിരിക്കുന്നത്. ഒന്നിനെയും ഗൗരവത്തോടെ സമീപിക്കാൻ കുട്ടികൾക്ക് കഴിയാതെ പോകുന്നത് അതുകൊണ്ടാണ്. ഒരാശയത്തിനും അഭിരുചിക്കും സാപേക്ഷികമായ സ്ഥിരതയുണ്ടാകരുതെന്ന ലക്ഷ്യത്തോടുകൂടിയാണ് പാഠ്യപദ്ധതിയുടെ ദർശനം രൂപപ്പെടുത്തിയിട്ടുള്ളത്. ഇതനുസരിച്ച് ഒരാദർശവും ഒരു മൂല്യവും ആളുകൾ പിന്തുടരേണ്ടതില്ലെന്ന ബോധമാണുണ്ടാവുക. ശരിയും തെറ്റും തിരിച്ചറിയാത്ത സമീപനം ഒന്നിനെ സംബന്ധിച്ചും വ്യക്തമായ അഭിപ്രായം രൂപീകരിക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കും. അഭിരുചികളെ നിരന്തരം മാറ്റിമറിച്ചുകൊണ്ടാണ് മാർക്കറ്റിൽ നിരന്തരമായി പുതിയ പുതിയ ഉൽപ്പന്നങ്ങൾ വന്നുകൊണ്ടിരിക്കുന്നത്. മാർക്കറ്റിന്റെ താൽപ്പര്യങ്ങളുമായി ബന്ധപ്പെട്ട വിദ്യാഭ്യാസമാണിത്. ഭരണകൂടത്തിന്റെ താൽപ്പര്യങ്ങൾ നടപ്പാക്കാനുള്ള പ്രത്യയശാസ്ത്ര ഉപകരണമായിരുന്നു എല്ലാ കാലത്തും വിദ്യാഭ്യാസമെങ്കിലും ഇപ്പോഴത് ഭീഷണവും മനുഷ്യത്വവിരുദ്ധവുമായി മാറിക്കഴിഞ്ഞിട്ടുണ്ട്. ഇത് നീണ്ടുപോയാൽ മരവിച്ച ഒരു കാലമായിരിക്കും വരാൻപോകുന്നത്. കക്ഷി രാഷ്ട്രീയ-സംഘടനാ വ്യത്യാസങ്ങൾ മറികടന്നുകൊണ്ട് അധ്യാപക സമൂഹം ഒറ്റക്കെട്ടായി ഈ സമ്പ്രദായത്തെ ചോദ്യം ചെയ്യണം. മറ്റെല്ലാ താൽപ്പര്യങ്ങളും മാറ്റിവച്ചുകൊണ്ട് ഈ കടമ ഏറ്റെടുക്കാൻ അധ്യാപക സമൂഹത്തോടദ്ദേഹം അഭ്യർത്ഥിച്ചു. നിരന്തരം കളവുകൾ പ്രചരിപ്പിച്ചുകൊണ്ടാണ് പാഠ്യപദ്ധതിയുടെ വക്താക്കൾ 1997-ന് മുമ്പുണ്ടായിരുന്ന പഠന സമ്പ്രദായത്തെ ആക്ഷേപിക്കുന്നത്. മുമ്പുണ്ടായിരുന്ന പാഠ്യപദ്ധതി പൂർണ്ണമായും വ്യവഹാരവാദത്തെ അടിസ്ഥാനമാക്കിയതോടെ വ്യവഹാരവാദം തന്നെ കാലഹരണപ്പെട്ടതോ അല്ല. വ്യവഹാരവാദത്തിന്റെയും കോഗ്നിറ്റിവിസത്തിന്റെയും മാനവികവാദത്തിന്റെയും ഏറ്റവും പുതിയ നിഗമനങ്ങളെ ഉൾച്ചേർത്തുകൊണ്ട് വികസിപ്പിച്ച ഒരു പാഠ്യപദ്ധതിയായിരുന്നു നമുക്കുണ്ടായിരുന്നത്. ലോകത്തിനുതന്നെ മാതൃകയായിരുന്നു ഇത്. സംഘകാലഘട്ടം മുതൽതന്നെ വിദ്യാഭ്യാസത്തിന്റെ ഒരു മഹത്തായ പാരമ്പര്യവും നമുക്കുണ്ടായിരുന്നു. അതിന്റെ തുടർച്ചയും വളർച്ചയുമായിരുന്നു നമ്മുടെ പാഠ്യപദ്ധതി. ലോകത്തിന്റെ നാനാഭാഗത്തും കടന്നുചെന്ന മലയാളിസമൂഹവും എണ്ണപ്പെട്ട സാഹിത്യവും എഴുത്തുകാരും കേരളത്തിന്റെ സാമൂഹ്യവികസനവുമെല്ലാം അതിന്റെ ദൃഷ്ടാന്തങ്ങളാണ്. ഇതെല്ലാം മറന്നുകൊണ്ട് ഇന്ന് പ്രചാരണമഴിച്ചുവിടുന്നവർ ലക്ഷ്യംവെക്കുന്നത് മറ്റെന്തൊക്കെയോ ആണെന്ന് കോഴിക്കോട് ഗവൺമെന്റ് ആർട്സ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ ഇ.ശ്രീജിത്ത് അഭിപ്രായപ്പെട്ടു. വിദ്യാഭ്യാസ മനഃശാസ്ത്രവും ബോധനവും എന്ന വിഷയമവതരിപ്പിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. സംവാദത്തിൽ കെ.അനിൽകുമാർ(ജിഎസ്ടിയു), എം.ഷാജർഖാൻ(അഖിലേന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റി), വത്സൻ പീലിക്കോട്(എകെഎസ്ടിയു), രാജൻ കരിവെള്ളൂർ(കെജിപിഎസ്എച്ച്എ), പി.മുരളീധരൻ(എകെടിയുഎഫ്), കെ.പി.സതീശൻ(എച്ച്എസ്ടിഎ), റ്റി.മാധവൻമാസ്റ്റർ, ഷെർളി ജോസഫ് എന്നിവർ പങ്കെടുത്തു. കെ.രാജൻ മോഡറേറ്ററായിരുന്നു. കെ.രവി സ്വാഗതവും എം.വി.തങ്കച്ചൻ നന്ദിയും പറഞ്ഞു.

●

# എൻ.എച്ച്.17 ആക്ഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ എം.പി.യുടെ വസതിയിലേക്ക് മാർച്ച്




എൻഎച്ച്.17 ആക്ഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കുടിയൊഴിപ്പിക്കൽ ഭീഷണി നേരിടുന്ന ജനങ്ങൾ പി.സി.ചാക്കോ എം.പി.യുടെ വസതിയിലേക്ക് നടത്തിയ മാർച്ച്

**30** മീറ്ററിൽ ബിഒടിയില്ലാതെ റോഡ് നിർമ്മിക്കുവാനാവശ്യപ്പെട്ടുകൊണ്ട് എൻഎച്ച്.17 ആക്ഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കുടിയൊഴിപ്പിക്കൽ ഭീഷണി നേരിടുന്ന ജനങ്ങൾ ശ്രീ. പി.സി.ചാക്കോ എം.പി.യുടെ വസതിയിലേക്ക് നടത്തിയ മാർച്ച് ദേശീയപാത സംരക്ഷണ സമിതി സംസ്ഥാന പ്രസിഡന്റ് സി.ആർ. നീലകണ്ഠൻ ഉൽഘാടനം ചെയ്തു.

ആക്ഷൻ കൗൺസിൽ സംസ്ഥാന പ്രസിഡന്റ് ഇ.വി. മുഹമ്മദാലി അദ്ധ്യക്ഷത വഹിച്ചു. ബിഒടി ഈ പദ്ധതിയിൽ നിന്നും സർക്കാർ പിൻവാങ്ങണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം സംസ്ഥാന ജനറൽ കൺവീനർ ടി.കെ.സുധീർകുമാർ അവതരിപ്പിച്ചു. ആക്ഷൻ കൗൺസിൽ ജില്ലാപ്രസിഡന്റ് എ.ജി. ധർമ്മരത്നം കൺവീനർ സി.കെ.ശിവദാസൻ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘം എം.പി.യുടെ ഔദ്യോഗിക വസതിയിൽ എത്തി നിവേദനം സമർപ്പിച്ചു. എൻഎച്ച്.17,47 സംയുക്ത സമര സമിതി സംസ്ഥാന കൺവീനർ ഹാഷിം ചേന്ദാമ്പിള്ളി മുഖ്യപ്രഭാഷണം നടത്തി.

'ബിഒടി ടോൾ പാത വേണ്ട' എന്ന ഒന്നാം സർവ്വ കക്ഷി യോഗ തീരുമാനം നടപ്പിലാകാതെ പോയത് അന്നത്തെ കേന്ദ്ര മന്ത്രിയുടെ ജനവിരുദ്ധ നിലപാടുമൂലമായിരുന്നു. എന്നാൽ കേന്ദ്ര തലത്തിലെ തടസങ്ങളെല്ലാം ഇപ്പോൾ മാറിയിരിക്കുകയാണ്. 30 മീറ്ററിൽ പാതനിർമ്മിക്കാമെന്നും വീതിയെ സംബന്ധിച്ച് തീരുമാനം സംസ്ഥാനത്തിന് കൈക്കൊള്ളാമെന്നും കുടുതൽ പ്രശ്നങ്ങളുള്ളയിടങ്ങളിൽ എലിവേറ്റഡ് റോഡ് നിർമ്മിച്ചാൽ മതി എന്നുമുള്ള കേന്ദ്രമന്ത്രി ഓസ്ക്കാർ ഫെർണാണ്ടസിന്റെ നിർദ്ദേശം സ്വാഗതാർഹമാണ്, ഈ നിർദ്ദേശമാണ് സർക്കാർ ഉടൻ നടപ്പിലാക്കേണ്ടത്. എന്നാൽ ഈ തീരുമാനത്തേയും അട്ടിമറിക്കുവാൻ ദേശീയപാത അതോറിറ്റിയും ബിഒടി ലോബികളും കിണഞ്ഞു പരിശ്രമിക്കുകയാണ്. ബിഒടി ടോൾ വ്യവസ്ഥകൾ സമ്മതിച്ചാൽ മാത്രമേ അറ്റകുറ്റ പണികളും റോഡു വികസനവും നടപ്പാക്കൂ എന്ന ഹൈവേ അതോറിറ്റിയുടെ ദുർവാശി അവസാനിപ്പിക്കേണ്ടതാണെന്ന് നേതാക്കൾ പറഞ്ഞു

ടി.കെ.വാസു (ദേശീയ പാത സംരക്ഷണ സമിതി) പി.ജെ. മോൻസി (പാലിയേക്കര ടോൾ വിരുദ്ധ സമിതി), കെ.കെ.ഷാജഹാൻ (വെൽഫെയർ പാർട്ടി), ടി.ആർ. രമേഷ് (കുടിയൊഴിപ്പിക്കൽ വിരുദ്ധ സമിതി), രാജേഷ് അപ്പാട്ട് (ബിഒടി. വിരുദ്ധ സമര സമിതി), മിർസാദ് റഹ്മാൻ (സോളിഡാരിറ്റി), സി.ആർ. ഉണ്ണികഷ്ണൻ (ജനകീയ പ്രതിരോധ സമിതി), എൻ.ഡി. വേണു (സിപിഐ(എംഎൽ), എ. പ്രദീപൻ (എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്), പി.കെ. മൊയ്തുണ്ണി (ഐഎൻഎൽ), കെ.ഇ.നസീർ എന്നിവർ പ്രസംഗിച്ചു.

വി. സിദ്ധിഖ്, കെ.ഡി.മേനോൻ, നൂറുദ്ദീൻ ഒരുമനയൂർ, റഫീഖ് കെ.എച്ച്, ബാലൻ കൈപ്പമംഗലം, മുഹമ്മദ് എടമുട്ടം, ബേബി നാട്ടിക, അനിൽ കുമാർ , പ്രഭാകരൻ തൃത്തല്ലൂർ, വേണു ഏങ്ങണ്ടിയൂർ, മുഹമ്മദലി ഹാജി, ഷറഫുദ്ദീൻ സി.എ, കമറുദ്ദീൻ, ഉസ്മാൻ പുന്നയൂർക്കുളം എന്നിവർ മാർച്ചിന് നേതൃത്വം കൊടുത്തു. കൊടുങ്ങല്ലൂർ, എസ്.എൻ.പുരം, മതിലകം, പെരിഞ്ഞനം- മൂന്നുപീടിക, കൈപ്പമംഗലം, ചെന്ത്രാപ്പിന്നി, എടമുട്ടം, നാട്ടിക-തൃപ്രയാർ, തളിക്കുളം, വാടാനപ്പള്ളി, തൃത്തല്ലൂർ, ഏങ്ങണ്ടിയൂർ, ചേറ്റുവ, ഒരുമനയൂർ, മണത്തല, തിരുവത്ര, ഏടക്കഴിയൂർ, പുന്നയൂർ, അകലാട് (പുന്നയൂർക്കുളം)എന്നീ വില്ലേജുകളിൽനിന്നുമായി സ്ത്രീകളടക്കം നൂറുകണക്കിന് പേർ പ്രകടനത്തിൽ പങ്കെടുത്തു.

●

## മുസ്ലിം പെൺകുട്ടികളുടെ വിവാഹപ്രായം താഴ്ത്താനുള്ള നീക്കം അപലപനീയം

**-എഐഎംഎസ്എസ്**

**മു**സ്ലിം വ്യക്തിനിയമസംരക്ഷണത്തിന്റെ പേരിൽ ചില സംഘടനകൾ ചേർന്ന് ശൈശവ വിവാഹ നിരോധന നിയമത്തിന് ഇളവ് ആവശ്യപ്പെട്ട് സുപ്രീം കോടതിയെ സമീപിക്കാൻ കൈക്കൊണ്ട തീരുമാനം അങ്ങേയറ്റം അപലപനീയമാണെന്ന് അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന കമ്മിറ്റി അഭിപ്രായപ്പെട്ടു. നമ്മുടെ രാജ്യത്ത് നടന്ന സുദീർഘമായ പോരാട്ടങ്ങളുടെയും മുന്നേറ്റത്തിന്റെയും ഫലമായി സ്ഥാപിച്ചെടുത്ത ഈ നിയമം പെൺകുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്കും സമഗ്രമായ വളർച്ചയ്ക്കും അടിത്തറയായി മാറിയതാണ്. ഈ ആധുനിക കാലഘട്ടത്തിൽ അത് അട്ടിമറിക്കപ്പെടുന്നതിനെതിരെ സ്ത്രീ സമൂഹം മുന്നോട്ടുവരേണ്ടിയിരിക്കുന്നു.

ദേശീയതലത്തിൽ വിദ്യാഭ്യാസ സാമ്പത്തിക രംഗത്ത് പിന്നോക്കം നിൽക്കുന്ന ഒരു സമുദായത്തിന്റെ പുരോഗതിക്ക് വീണ്ടും വിലങ്ങുതടിയാകുകയാണ് ഇത്തരം നേതാക്കളെന്ന് സമുദായാംഗങ്ങൾ തിരിച്ചറിയേണ്ടതുണ്ട്. സ്ത്രീകൾക്ക് വിദ്യാഭ്യാസത്തിനും തൊഴിലിനുമുള്ള അവസരം നിഷേധിച്ചുകൊണ്ട് ഒരു സമുദായത്തിനും പുരോഗതി കൈവരിക്കാനാവില്ല. അനാഥരായ പെൺകുട്ടികളെ പ്രായപൂർത്തിയാകും മുമ്പ് അറബിക്കല്ല്യാണത്തിലേക്കും മറ്റും തള്ളിവിട്ട് അവരെ ചൂഷണം ചെയ്യുകയല്ല അവർക്ക് വിദ്യാഭ്യാസവും തൊഴിലും നൽകി സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തരാക്കുകയാണ് സമുദായ സ്നേഹികൾ ചെയ്യേണ്ടത്. സങ്കുചിതമായ ലക്ഷ്യങ്ങൾ വെച്ച് നടത്തുന്ന ഇത്തരം നീക്കങ്ങളെ മനുഷ്യനന്മ കാംക്ഷിക്കുന്ന ഏവരും ചെറുക്കണമെന്നും എഐഎംഎസ്എസ് അഭ്യർത്ഥിച്ചു.

●

# വിപ്ലവരാഷ്ട്രീയം ഉയർന്ന ധാർമ്മികതയിൽ അധിഷ്ഠിതം

(12 -ാംപേജിൽ നിന്ന്)

ങ്ങളെ ഉൾക്കൊള്ളുന്നതിനുള്ള യാതൊരു ലക്ഷണവും കാണിക്കുന്നില്ല. പകരം വ്യക്തികളെ കൊലചെയ്യുകയും ഭീകരത പടർത്തുകയും ചെയ്യുന്ന അജണ്ടകൾ നടപ്പിലാക്കി അവർ മുന്നോട്ടുപോകുകയാണ്.

### അശുഭകരമായ പരിണതഫലങ്ങൾ

പരിണതഫലങ്ങൾ അശുഭസൂചകങ്ങളാണ്. ബൂർഷ്വാശാക്തിക ചേരിയിൽപ്പെടുന്നവരും വളഞ്ഞും തെളിഞ്ഞും ബൂർഷ്വാവർഗ്ഗ താല്പര്യം സംരക്ഷിക്കുന്നവരുമായ സങ്കുചിത പ്രാദേശിക വർഗ്ഗീയ വിഭാഗീയ പ്രസ്ഥാനങ്ങൾ ഒരുവശത്ത് അദ്ധ്വാനിക്കുന്ന വിവിധ വിഭാഗം ജനങ്ങളെ ഭയപ്പെടുത്തുകയും പരസ്പരവൈരം വളർത്തുകയും ചെയ്യുകയാണ്. മറുവശത്ത്, ഒറ്റപ്പെട്ട ഹിംസാകൃത്യങ്ങളും ബോംബ് സ്ഫോടനങ്ങളും വ്യക്തികളുടെ കൊലപാതകങ്ങളും സംഘടിപ്പിച്ച് കൊണ്ട് സിപിഐ (മാവോയിസ്റ്റ്) നേതൃത്വം, ഒരു പക്ഷേ തങ്ങൾ തന്നെ ഉദ്ദേശിക്കാത്ത വിധത്തിൽ മാർക്സിസം-ലെനിനിസം-മാവോസെതുങ് ചിന്തകളിൽ നിന്ന് ജനങ്ങളെ അകറ്റിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ വർഗ്ഗശത്രുക്കളുടെ കുടിലവൃത്തികളും അതോടൊപ്പം മാവോസെതുങിന്റെ അനുയായികളെന്ന് സ്വയം വിളിച്ചുനടക്കുന്നവരുടെ വികലകൃത്യങ്ങളും വിപ്ലവത്തിന്റെ താല്പര്യങ്ങൾക്കും അടിച്ചമർത്തപ്പെടുന്ന ജനങ്ങളുടെ വിമോചനത്തിന്റെ ഗതിക്കും ഒരേതരത്തിൽ വിഘാതം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ പ്രവൃത്തികൾ കാരണം ജനങ്ങൾ രാഷ്ട്രീയത്തെ വെറുക്കുകയും അതുവഴി ജനാധിപത്യപ്രക്ഷോഭണങ്ങൾ അലയടിച്ചുയരാനുള്ള പ്രക്രിയക്ക് തുരങ്കം വെയ്ക്കുകയും ചെയ്യുന്നു. അവിടം കൊണ്ടും തീരുന്നില്ല. ഇത്തരം ഭീകരകൃത്യങ്ങളും ബുദ്ധിശൂന്യമായ ഹിംസകളും മാർക്സിസം-ലെനിനിസത്തെ താറടിച്ചുകാട്ടുമെന്നതിന് പുറമേ, അക്രമങ്ങളെ അടിച്ചമർത്തുന്നതിന്റെയും തീവ്രവാദികളെ പുറത്തുചാടിക്കുന്നതിന്റെയും ദേശവിരുദ്ധ ശക്തികളെയും വിഘടനവാദനീക്കങ്ങളെയും അന്തഃഛിദ്രപ്രവണതകളെയും ഭരണത്തെ അട്ടിമറിക്കാനുള്ള ശ്രമങ്ങളെയും നേരിടുന്നതിന്റെയും പേരുപറഞ്ഞ് കൂടുതൽ ആയുധമണിഞ്ഞും കൂടുതൽ പൈശാചികനിയമങ്ങൾ പുറപ്പെടുവിച്ചും എല്ലാം തങ്ങളുടെ അടിച്ചമർത്തൽ ഭരണകൂടസംവിധാനം ശക്തിപ്പെടുത്താനും ഏറ്റവും വഷളായ ഭരണകൂട ഭീകരതയോടെ ജനങ്ങളുടെ മേൽ ചാടിവീഴാനുമുള്ള ന്യായീകരണം മർദ്ദകരായ മുതലാളിത്ത ഭരണാധികാരികൾക്ക് നൽകുകയാണ് ചെയ്യുന്നത്. ഇതിന്റെയെല്ലാം ഫലമായി ഭയചകിതരും ആശങ്കാകുലരുമായ ജനങ്ങൾ അവരുടെ ജീവിതക്രമം സാധാരണനിലയിലെത്തിക്കുമെന്നും ഭീകരതയും അരാജകത്വവും അവസാനിപ്പിക്കുമെന്നും കരുതി പലപ്പോഴും സർക്കാരിന്റെയും ഭരണകൂടത്തിന്റെയും ഇത്തരത്തിലുള്ള എല്ലാ ജനാധിപത്യവിരുദ്ധ അതിക്രമങ്ങളുടെയും മൗനാനുവാദികളായി മാറുകയാണ്. ഈ കപടന്യായങ്ങളെറിയാൻ അവസരം കൊടുക്കാതിരുന്നെങ്കിൽ ബൂർഷ്വാഭരണകൂടവും സർക്കാരുമെടുക്കുന്ന ഇത്തരത്തിലുള്ള അതിക്രമങ്ങൾക്കും ഭീകരവിരുദ്ധഭീകരതക്കുമെതിരെ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ വീറുറ്റ പ്രതിഷേധങ്ങളുണർന്നേനെ. ഈ അർത്ഥത്തിൽ സിപിഐ (മാവോയിസ്റ്റ്) നേതാക്കൾ, അവരുടെ ഉദ്ദേശ്യങ്ങൾ എന്തായാലും ശരിയായ വിപ്ലവപ്രത്യയശാസ്ത്രത്തെയും രീതിശാസ്ത്രത്തെയും പറ്റിയുള്ള അജ്ഞത കാരണം മുതലാളിത്തമാണ് ഭരണകൂടാധികാരം കൈയ്യാളുന്നതെന്ന വസ്തുത മറച്ചുവക്കുന്നിടത്താണ് ഒടുവിൽ ചെന്നെത്തുന്നത്. ഭരണമുതലാളിത്തമാണ് സകലദുഷ്ടതകളുടെയും തായ്‌വേര് എന്നിരിക്കെ, അവർ ബൂർഷ്വാവർഗ്ഗ താല്പര്യങ്ങളെ സേവിക്കുകയാണെന്ന് മാത്രമല്ല കമ്യൂണിസത്തിനെതിരെ മനംപിരട്ടുന്ന പ്രചാരവേലകൾ അഴിച്ചുവിടാനും ലെനിനെയും സ്റ്റാലിനെയും മാവോയെയും പോലുള്ള അതികായരായ മാർക്സിസ്റ്റ് ആചാര്യന്മാർക്കെതിരെ ഹീനമായ അധിക്ഷേപവർഷം ചൊരിയുന്നതിനുള്ള പഴുതുനൽകുകയുമാണ് ചെയ്യുന്നത്.

മതിയായ രാഷ്ട്രീയ അവബോധത്തിന്റെ അഭാവത്തിൽ പല യുവാക്കളും യുവതികളും വിഘടന-വർഗ്ഗീയ-സങ്കുചിത പ്രാദേശിക ശക്തികളെപ്പോലെയുള്ള സംഘങ്ങളുടെ പിന്നിൽ അണിനിരക്കുന്നു. അങ്ങനെ ഭ്രാന്തമായ സ്പർദ്ധയാൽ കാഴ്ച നശിക്കുകയും ഇതരവിഭാഗത്തിൽപ്പെട്ട സ്വന്തം സഹോദരങ്ങൾക്ക് നേരെ വെടിയുതിർത്തുകൊണ്ട് തങ്ങളുടെ പോരാട്ടവീര്യത്തെയും ധീരതയെയും പാഴാക്കിക്കളയുകയും ചെയ്യുന്നു. സർവ്വോപരി, വളരെ സുഘടിതവും സുസജ്ജവുമായ സൈന്യത്തോട് ദുഃസാഹസികമായി ഏറ്റുമുട്ടി അവർ ആയിരങ്ങളായി കൊല്ലപ്പെടുകയുമാണ്. പുറമേ കാണപ്പെടുന്ന വിപ്ലവതീവ്രപരിവേഷവും വീരശൂരതയും കാരണം ആയിരക്കണക്കിന് ഊർജ്ജസ്വലരായ യുവാക്കളും വിദ്യാർത്ഥികളും നക്സലൈറ്റ് പ്രസ്ഥാനത്തിനകത്തേക്ക് ആകർഷിക്കപ്പെട്ടിരുന്നു. വ്യവസ്ഥിതിയുടെ മാറ്റത്തെ അവർ സ്വപ്നം കണ്ടു. വ്യവസ്ഥാപിത ഭാവിജീവിതത്തെയും പരമ്പരാഗത കുടുംബബന്ധങ്ങളെയും ഉപേക്ഷിക്കാനവർ തയ്യാറായി. ഭരണകൂടയന്ത്രത്തിന്റെ അടിച്ചമർത്തലുകളെ ഏറ്റുവാങ്ങുകയും വിലപ്പെട്ട ജീവൻ പോലും അവർ ദാനം ചെയ്യുകയുമുണ്ടായി. ഇതേ കാര്യം തന്നെ സിപിഐ (മാവോയിസ്റ്റ്) ദുഃസാഹസികതയിലും ആവർത്തിച്ചു. ശരിയായ വിപ്ലവപാർട്ടിയുമായി ചേർന്ന് വീറുള്ള വിപ്ലവസേനാനികളായി സ്വയം മാറാനും ശരിയായ പാതയിലൂടെ വിപ്ലവത്തിന്റെ ഗതിയെ ത്വരിതപ്പെടുത്താനും കഴിയുമായിരുന്ന, ചുറുചുറുക്കുള്ള ത്യാഗസന്നദ്ധരായ യുവാക്കളുടെ ഒരു ദളത്തെയാണ് ഇവ്വിധം രാജ്യത്തിന് നഷ്ടപ്പെടുന്നത്. ശരിയായ വിപ്ലവപ്രസ്ഥാനത്തിന് എന്തൊരു വൻനഷ്ടമാണിത്! അതിനാൽ യഥാർത്ഥ മാർക്സിസ്റ്റ്-ലെനിനിസ്റ്റുകൾ വ്യക്ത്യധിഷ്ഠിതമായ ഭീകരവാദത്തെ അധാർമ്മികം -എന്നതുകൊണ്ടല്ല തള്ളിക്കളയുന്നത്, മറിച്ച് വ്യക്ത്യധിഷ്ഠിത ഭീകരവാദം വിപ്ലവത്തിന്റെ താല്പര്യങ്ങൾക്ക് കടുത്ത ഹാനിവരുത്തി വെയ്ക്കുമെന്നതിനാലാണ്.

### അപകടത്തിലാവുന്നത് ജനാധിപത്യപ്രക്ഷോഭ സാധ്യതകൾ

ശരിയായ വിപ്ലവനേതൃത്വത്തിൻ കീഴിൽ ശരിയായ ദിശയിൽ നടത്തപ്പെടുന്ന ജനങ്ങളുടെ ന്യായമായ ജനാധിപത്യ പ്രക്ഷോഭണങ്ങളുടെ വേലിയേറ്റം സൃഷ്ടിക്കാനാണ് കാലം ആവശ്യപ്പെടുന്നത്. അത് ക്രമേണ വർഗ്ഗസമരത്തിന്റെ ഘട്ടത്തിലേക്ക് ഉയർത്തപ്പെടുകയും മുൻപ് പറഞ്ഞതുപോലെ വിപ്ലവത്തിന്റെ വസ്തുനിഷ്ഠ സാഹചര്യവും ആത്മനിഷ്ഠ സാഹചര്യവും പരിപക്വമാവുന്ന ഘട്ടത്തിലേക്ക് ആനയിക്കപ്പെടുകയും ചെയ്യണം. അപ്പോൾ നാം അഭിലഷിക്കുന്നവിധത്തിൽ ജനങ്ങളുടെ വിമോചനം സാക്ഷാത്ക്കരിക്കുന്ന മുതലാളിത്ത വിരുദ്ധവിപ്ലവം വന്നെത്തും. കപടമാർക്സിസ്റ്റുകളടക്കമുള്ള വോട്ടധിഷ്ഠിത രാഷ്ട്രീയപാർട്ടികൾ പരത്തുന്ന പാർലമെന്ററി വ്യാമോഹവും പല നിറങ്ങളിലുള്ള വർഗ്ഗീയ സങ്കുചിത പ്രാദേശിക ശക്തികൾ പരത്തുന്ന മതഭ്രാന്തും അനൈക്യവും സിപിഐ(മാവോയിസ്റ്റ്) പിന്തുടരുന്ന വ്യക്തിഹത്യാനയവും ഹിംസാത്മകപ്രവൃത്തികളും വിപ്ലവത്തിന്റെ ഈ വസ്തുനിഷ്ഠപ്രക്രിയക്ക് മുന്നിൽ കടുത്തവിഘാതം സൃഷ്ടിക്കുകയാണ്. ന്യായമായ അവരുടെ ആവശ്യങ്ങൾക്കായി സമ്മർദ്ദം ചെലുത്താനുള്ള സബോധമായ ജനാധിപത്യപ്രക്ഷോഭണത്തിന്റെ മണ്ഡലം ഉപേക്ഷിക്കുന്നതിനാൽ ബഹുജനങ്ങളുടെ രാഷ്ട്രീയ പ്രബുദ്ധതയും ക്രമത്തിൽ ചുരുങ്ങി വരികയാണ്. ഇത് വിവിധങ്ങളായ ദുഷ്ടആശയങ്ങളും വികലമായ മനോഘടനയും ഫാസിസ്റ്റ് ഗൂഢപദ്ധതികളും ജനമനസ്സിലേക്ക് ആഴ്ന്നിറങ്ങുവാൻ വഴിയൊരുക്കുകയാണ്. നാം ഉത്ക്കടമായി അഭിലഷിക്കുന്ന വിധത്തിലുള്ള ന്യായയുക്തമായ ജനാധിപത്യസമരത്തിന്റെ പാതയിലേക്ക് ഭയചകിതരായ ജനങ്ങളെ തിരിച്ചുകൊണ്ടുവരുന്നത് വളരെ ശ്രമകരമായി മാറിയിരിക്കുന്നു. ഈ അവസരം മുതലെടുത്തുകൊണ്ട് മാർക്സിസം-ലെനിനിസം ജനങ്ങളുടെ താല്പര്യത്തിന് വിരുദ്ധമാണെന്നും തെരഞ്ഞെടുപ്പ് മാത്രമേ ആശ്രയിക്കാനുള്ളൂ എന്നും ഭരണവർഗ്ഗം ജനങ്ങളെ വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നു. ഭരണമുതലാളിവർഗ്ഗത്തിന്റെ അതിശക്തമായ പ്രചാരണയന്ത്രങ്ങളാകട്ടെ, രാഷ്ട്രീയത്തിന്റെ എല്ലാ രൂപാന്തരങ്ങളും ശല്യങ്ങളാണെന്നും ക്രമസമാധാനത്തിന് ഭംഗം വരുത്തുന്നതാണെന്നും ചില സ്വാർത്ഥമതികളുടെയും അക്രമികളുടെയും കുറ്റവാളികളുടെയും ജീവിതോപാധിയാണെന്നും അതുകൊണ്ട് അരാഷ്ട്രീയ നിലപാടിലൂടെ അതിൽ നിന്ന് അകലം പാലിക്കണമെന്നുമുള്ള ഒരു ധാരണ സൃഷ്ടിക്കാൻ പരിശ്രമിക്കുകയാണ്.

### ജനങ്ങൾ സത്യത്തോടൊപ്പം അടിയുറച്ചു നിൽക്കണം

പാർലമെന്ററി വ്യാമോഹങ്ങളോ അനൈക്യത്തിന്റെയും വിഭാഗീയതയുടെയും മനോഘടനയോ അർത്ഥശൂന്യമായ ഹിംസാത്മക പ്രവൃത്തികളിൽ ഏർപ്പെടുത്തുന്നതോ മാവോ മുന്നറിയിപ്പുതന്ന 'പുറ്റ്ചിസ'ത്തിൽ (ചെറിയ വിഭാഗം ജനങ്ങളെക്കൊണ്ട് നിരന്തരം കലാപങ്ങളുണ്ടാക്കുക) ഏർപ്പെടുത്തുന്നതോ ഒന്നുംതന്നെ യാതൊരു ആശ്വാസവും കൊണ്ടുവരില്ലെന്ന് കഷ്ടപ്പെടുന്ന ജനങ്ങൾ മനസ്സിലാക്കണം. അവരുടെ മുമ്പിലുള്ള ഒരേയൊരു മാർഗ്ഗം എല്ലാത്തരം വിഭാഗീയതകളിൽ നിന്നും മോചിതമായ, എല്ലാത്തരം തെറ്റായ ധാരണകളിൽ നിന്നും മുക്തമായ ഉന്നതമായ തൊഴിലാളിവർഗ്ഗ സംസ്ക്കാരത്തിലും ധാർമ്മികതയിലും അധിഷ്ഠിതമായ ശരിയായ വിപ്ലവനേതൃത്വത്തിൻ കീഴിലുള്ള ശക്തമായ, നീണ്ടുനിൽക്കുന്ന, വിട്ടെറിഞ്ഞു പോകാത്ത സുസംഘടിതമായ ജനാധിപത്യ പ്രക്ഷോഭണം കെട്ടിപ്പടുക്കുക എന്നതുമാത്രമാണ്. മാർക്സിസം-ലെനിനിസമല്ലാതെ മറ്റൊരു ആശയസംഹിതയും അവർക്ക് മാർഗ്ഗദർശകമാവില്ല. വെറും വോട്ട് തെണ്ടികളായ കപടമാർക്സിസ്റ്റ് വേഷധാരികളായ സോഷ്യൽ ഡെമോക്രാറ്റുകളോ ആശയക്കുഴപ്പത്തിലായ വഴിതെറ്റിയ 'മാവോയിസ്റ്റു'കളെന്ന് സ്വയം വിളിക്കുന്ന അതിസാഹസികരോ മാർക്സിസം ലെനിനിസത്തിന്റെ ശരിയായ വിപ്ലവലൈനിനെ പ്രതിനിധീകരിക്കുന്നില്ല. ഈ രണ്ട് വ്യതിയാനങ്ങളെയും അതുപോലുള്ള മറ്റ് അപഭ്രംശം സംഭവിച്ച ലൈനുകളെയും പറ്റി മാർക്സിൽ തുടങ്ങി ലെനിൻ, സ്റ്റാലിൻ, മാവോ, സഖാവ് ശിബ്ദാസ്ഘോഷ് എന്നിവർ വരെ ജാഗ്രതാ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അതുപോലെ, ഏറ്റവും വഷളായ, ഭ്രാതൃഹത്യാപരമായ സംഘർഷങ്ങളെയും വർഗ്ഗീയ കൊലപാതകങ്ങളെയും വർഗ്ഗീയ-വിഘടനവാദ-സങ്കുചിത-പ്രാദേശിക വാദപരമായ പ്രക്ഷോഭണങ്ങളെയും ജനാധിപത്യപ്രക്ഷോഭണങ്ങളായി തെറ്റിദ്ധരിക്കുകയും ചെയ്യരുത്. അതുപോലെ, ജനാധിപത്യപ്രക്ഷോഭണങ്ങൾ ഇത്തരം ശക്തികളുടെ കൈയ്യിലകപ്പെട്ട് വഴിതെറ്റുകയും ദുർബലമായി ഇല്ലാതാവുകയും ചെയ്യാതെ സൂക്ഷിക്കുകയെന്നത് അങ്ങേയറ്റം പ്രധാനപ്പെട്ട കാര്യമാണ്. ജീവിതത്തിന്റെ നീറുന്ന പ്രശ്നങ്ങളിന്മേൽ അലയടിച്ചുയരുന്ന ജനാധിപത്യപ്രക്ഷോഭണങ്ങൾ വളർത്തിയെടുക്കാനുള്ള സ്ഥിരോത്സാഹത്തോടെയുള്ള ആശയപ്രചാരണത്തിലൂടെ വിഷം ചീറ്റുന്ന വർഗ്ഗീയവാദികളെയും വിഘടന-വിഭജന-സങ്കുചിത-ദേശഭ്രാന്ത ശക്തികളെയും മുച്ചൂടും പരാജയപ്പെടുത്തണം. ഇതേ പ്രക്രിയയിലൂടെ വോട്ടധിഷ്ഠിത കപട മാർക്സിസ്റ്റുകളെയും ബഹുജനങ്ങളിൽ നിന്ന് ഒറ്റപ്പെടുത്തുകയും സിപിഐ(മാവോയിസ്റ്റ്)ന്റെ തെറ്റായ അടിസ്ഥാന രാഷ്ട്രീയ ലൈനിനെ തുറന്നുകാട്ടുകയും നിരാകരിക്കുകയും വേണം.

സഖാവ് ശിബ്ദാസ്ഘോഷിന്റെ ചില സുപ്രധാന നിരീക്ഷണങ്ങൾ ശ്രദ്ധിക്കുക: "രാഷ്ട്രീയത്തിൽ പല വിരുദ്ധശക്തികളുമുണ്ടെന്ന് പുറമേ കാണപ്പെടുമെങ്കിലും അന്തിമവിശകലനത്തിൽ പരസ്പരം മത്സരിക്കുന്ന രണ്ട് ശക്തികൾ മാത്രമേയുള്ളൂവെന്ന് ഞാൻ കരുതുന്നു. ഒന്ന് വിപ്ലവത്തിന് വേണ്ടിയുള്ളതും മറ്റേത് വിപ്ലവത്തിനെതിരായതും. ഏതൊക്കെ പേരിൽ അവയെ അവതരിപ്പിച്ചാലും, ഒന്ന് വിപ്ലവത്തെ എതിരിടുന്ന രാഷ്ട്രീയവും മറ്റൊന്ന് വിപ്ലവം സംഘടിപ്പിക്കുന്ന രാഷ്ട്രീയവും". *(തെരഞ്ഞെടുത്ത കൃതികൾ, വോള്യം മൂന്ന്, പേജ് 532-533)* വിപ്ലവത്തിന്റെയും കമ്യൂണിസ്റ്റ് ആദർശങ്ങളുടെയും മഹനീയതയുടെ പ്രതീകമായ ചെങ്കൊടിയുടെ മഹത്വം ഉയർത്തിപ്പിടിക്കാനും നമ്മുടെ രാജ്യത്ത് മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവം വിജയത്തിലെത്തിക്കാനുമുള്ള സുദീർഘവും കഠിനതരവുമായ സമരത്തിലൂടെ എസ്‌യുസിഐ (കമ്യൂണിസ്റ്റ്) ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സർവ്വഗുണങ്ങളോടെയും ഉയർന്നുവന്നു. *(തെരഞ്ഞെടുത്ത കൃതികൾ, വോള്യം രണ്ട് പേജ് 278)* "തൊഴിലാളികളുടെയും കർഷകരുടെയും മറ്റെല്ലാ ചൂഷിത ജനവിഭാഗങ്ങളുടെയും അതൃപ്തിയെ ചുറ്റിപ്പറ്റി വിപ്ലവവേലിയേറ്റം വീണ്ടും വീണ്ടും ഉണ്ടാകും. തിരയ്ക്കുപിമ്പേ തിര പോലെ വന്ന് അത് പൊട്ടിത്തെറിക്കാൻ ശ്രമിക്കും. സമൂഹത്തിന്റെ വൈരുദ്ധ്യങ്ങളും സംഘർഷങ്ങളും വീണ്ടും വീണ്ടും പ്രകടിതമാവും. വ്യവസ്ഥിതിയിൽ ഒരു അടിസ്ഥാന മാറ്റം ആവശ്യപ്പെടും. മനുഷ്യചേതനയെ ആവേശപൂർവ്വം തട്ടിവിളിക്കും, വ്യഗ്രമാക്കും, വിപ്ലവമാവശ്യപ്പെടും. പക്ഷെ, വിപ്ലവമുണ്ടാകില്ല. വീണ്ടും വീണ്ടും വിപ്ലവവേലിയേറ്റം പിൻവാങ്ങും, വഴിതെറ്റും, പലവട്ടം പ്രതിലോമത്വം വിജയിക്കും. വിപ്ലവം നയിക്കാൻ വേണ്ട കരുത്തോടെ ഒരു വിപ്ലവപാർട്ടി ആവിർഭവിക്കുന്നതുവരെ വിപ്ലവം കാത്തിരിക്കേണ്ടിവരും." *(തെരഞ്ഞെടുത്ത കൃതികൾ, വോള്യം മൂന്ന്, പേജ് 390 -391)*

ഈ ഉത്ക്കടമായ അഭ്യർത്ഥനയെ ചെവിക്കൊള്ളണമെന്നും എസ്‌യുസിഐ(സി)യുടെ ബാനർ ഉയർത്തിപ്പിടിക്കണമെന്നും വർഗ്ഗബഹുജനസമരങ്ങൾ തീക്ഷ്ണതരമാക്കണമെന്നും ഇന്ത്യൻ വിപ്ലവത്തിനു പാതയൊരുക്കണമെന്നും ഏവരോടും ഞങ്ങൾ ആഹ്വാനം ചെയ്യുന്നു. •

## വിദ്യാഭ്യാസ വായ്പ: ഐഎൻപിഎ പ്രക്ഷോഭത്തിൽ

(11 -ാംപേജിൽ നിന്ന്)

ട്ടുവച്ചിരിക്കുന്ന എല്ലാ ഉപാധികളും എടുത്തുകളഞ്ഞുകൊണ്ട് കാല-വരുമാന പരിധിയില്ലാതെ ഇതിനോടകം വിദ്യാഭ്യാസവായ്പയെടുത്ത ഏവരേയും പരിഗണിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ആത്മഹത്യയിൽ നിന്നും രക്ഷിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡന്റ് നന്ദനൻ വലിയപറമ്പിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കെ.ജെ ഷീല, കെ. ശിവൻകുട്ടി, ജോസഫ്, ആർ.പാർത്ഥസാരഥി വർമ്മ, അഡ്വ. എം.എ ബിന്ദു, കെ.ജി.രാജേന്ദ്രൻ, കെ.പി. മനോഹരൻ, റ്റി. കോശി, കെ.എസ്. ശശിധരൻ, ജയമ്മ, മധു ചെങ്ങന്നൂർ, പരമേശ്വരൻ, ജോയി, കാർത്തികേയൻ, ജോബി ജോൺ, റ്റി.ആർ. രാജിമോൾ തുടങ്ങിയവർ പ്രസംഗിച്ചു.

### എറണാകുളത്ത് കളക്ട്രേറ്റ് മാർച്ച്

വിദ്യാഭ്യാസ വായ്പയുടെ പലിശ ഉപാധികളില്ലാതെ എഴുതിത്തള്ളണമെന്ന് ആവശ്യപ്പെട്ട് ഐഎൻപിഎയുടെയും എജ്യൂക്കേഷൻ ലോണീസ് ആന്റ് പേരന്റ്സ് മൂവ്മെന്റിന്റെയും നേതൃത്വത്തിൽ സെപ്തംബർ 23 നു എറണാകുളം കളക്ട്രേറ്റിലേക്ക് മാർച്ചും പലിശയിളവിനുള്ള അപേക്ഷ സമർപ്പണവും നടന്നു. ഐഎൻപിഎ ജില്ലാ കോ-ഓർഡിനേറ്റർ എൻ.ആർ.മോഹൻകുമാർ, മേരി തോമസ്, ജോയ് പ്ലാന്തോട്ടം, എം.കെ.ഉഷ, കെ.കെ. ശോഭ, കെ.പി.സാൽവിൻ, പി.പി.എബ്രഹാം, ജോർജ്ജ് കുമ്പളങ്ങി തുടങ്ങിയവർ നേതൃത്വം നൽകി. •

# ജനവിരുദ്ധമായ ഭൂമിയേറ്റെടുക്കൽ ബില്ലിനെ ചെറുക്കുക

**ഭൂമിയേറ്റെടുക്കൽ ബില്ലിനെ ശക്തമായി എതിർത്തുകൊണ്ട് എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രവാഷ് ഘോഷ് 2013 ആഗസ്റ്റ് 29-ന് താഴെപ്പറയുന്ന പ്രസ്താവന പുറപ്പെടുവിച്ചു.**

പാർലമെന്റിൽ ഇന്ന് പാസ്സാക്കിയെടുത്ത അങ്ങേയറ്റം ജനവിരുദ്ധമായ ഭൂമിയേറ്റെടുക്കൽ-പുനരധിവാസ ബിൽ 2011-നെ ഞങ്ങൾ ശക്തമായി എതിർക്കുന്നു. നമ്മുടെ രാജ്യത്തെ ലക്ഷക്കണക്കിന് വരുന്ന കർഷകരുടെ ജീവിതത്തെ സാരമായി ബാധിക്കുന്ന ഈ ബില്ലിനെക്കുറിച്ച് ഗൗരവാവഹമായ ഒരു ചർച്ചയും നടത്താതെ നിമിഷ നേരംകൊണ്ടാണ് പാസ്സാക്കിയെടുത്തത്. കോൺഗ്രസ്സ് നേതൃത്വം കൊടുക്കുന്ന ഭരണമുന്നണിയും ബിജെപി നേതൃത്വത്തിലുള്ള പ്രതിപക്ഷവും സിപിഐ(എം), സിപിഐ പോലുള്ള കപട കമ്മ്യൂണിസ്റ്റുകളുമെല്ലാം തമ്മിൽ ഈ ബിൽ പാസ്സാക്കിയെടുക്കുന്നതിൽ പ്രകടമായ ധാരണയുണ്ടായിരുവെന്നാണ് കാര്യങ്ങൾ വെളിവാക്കുന്നത്. മനുഷ്യത്വപരമായും ജനങ്ങളുടെ പങ്കാളിത്തത്തോടെയും സുതാര്യമായി ഭൂമി ഏറ്റെടുക്കാനെന്ന പേരിൽ അവതരിപ്പിക്കപ്പെട്ടുവെന്നതാണ് ഈ ബില്ലിന്റെ ഏറ്റവും വലിയ വഞ്ചന.

ഐതിഹാസികമായ സിംഗൂർ-നന്ദിഗ്രാം സമരത്തെത്തുടർന്ന് സ്ഥാപിതതാൽപ്പര്യക്കാർക്കു വേണ്ടി ബലപ്രയോഗത്തിലൂടെ ഭൂമി ഏറ്റെടുക്കുന്നതിനെതിരെ രാജ്യത്തുടനീളം ഉയർന്നുവന്ന അതിശക്തമായ പ്രക്ഷോഭത്തെത്തുടർന്നാണ് ഈ ബിൽ അവതരിപ്പിക്കുവാൻ സർക്കാർ നിർബന്ധിതരായത്. വ്യവസായവൽക്കരണം, നഗരവൽക്കരണം തുടങ്ങിയ പതിവ് തട്ടിപ്പുപ്രയോഗങ്ങൾ ബില്ലിൽ ഉടനീളം പരാമർശിക്കുന്നുണ്ട്. ദരിദ്രകർഷകരുടെ ഭൂമി അവരുടെ സമ്മതമില്ലാതെ തന്നെ പിടിച്ചെടുക്കാനും അവ സ്വദേശ-വിദേശ കുത്തകകൾക്ക് കൈമാറാനും സർക്കാരിന് നിയമപരമായ അധികാരം നൽകുന്നതാണ് ഈ ബിൽ. ഭൂമിയേറ്റെടുക്കുവാൻ കുടിയൊഴിപ്പിക്കപ്പെടുന്ന 80 ശതമാനം പേരുടെ സമ്മതപത്രം വേണമെന്ന ബില്ലിലെ പരാമർശമാണ് മറ്റൊരു തട്ടിപ്പ്. ഭൂമി ഏറ്റെടുക്കുകയോ, ഏറ്റെടുക്കാൻ നീക്കങ്ങൾ നടത്തുകയോ ചെയ്ത ഇടങ്ങളിലെല്ലാം സ്ഥാപിത താൽപ്പര്യക്കാരും ഭൂമാഫിയകളും കുത്തകകളും അവരുടെ വാടക ഗുണ്ടകളും ഭരിക്കുന്ന പാർട്ടികളുടെ ഗുണ്ടകളും എല്ലാ രീതിമര്യാദകളും കാറ്റിൽപ്പറത്തി സർക്കാരിനോടൊപ്പം ചേർന്ന് ഭൂമിയേറ്റെടുക്കലിന് കൂട്ടുനിൽക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. മനുഷ്യത്വരഹിതവും നിയമവിരുദ്ധവുമായ ഇത്തരം ഭൂമിയേറ്റെടുക്കൽ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിൽ സിപിഐ(എം) പോലുള്ള കപടകമ്മ്യൂണിസ്റ്റുകൾ നേതൃത്വം നൽകുന്ന സർക്കാരുകൾ പോലും കൂട്ടുനിൽക്കുന്നു. നിലനിൽക്കുന്ന മുതലാളിത്ത വ്യവസ്ഥയിൽ ന്യായത്തിന്റെ കാര്യം പോകട്ടെ നിയമ വ്യവസ്ഥയെത്തന്നെ വെല്ലുവിളിച്ചുകൊണ്ടാണ് ഇത്തരം ഭൂമിയേറ്റെടുക്കൽ പദ്ധതികൾ അരങ്ങേറുന്നത്. അത്തരം ഭൂമിയേറ്റെടുക്കൽ അനുസ്യൂതം തുടരുക തന്നെ ചെയ്യും. പരസ്പര സമ്മതത്തിലൂടെ എത്തിച്ചേരുന്നുവെന്ന് കൊട്ടിഘോഷിക്കപ്പെടുന്ന പുനരധിവാസ പാക്കേജിൽനിന്ന് പാട്ടകൃഷിക്കാർ, കർഷകത്തൊഴിലാളികൾ, ഭൂമിയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവർ തുടങ്ങിയവരെ 'ബാധിക്കപ്പെട്ട മറ്റുള്ളവർ' എന്ന പട്ടികയിൽപ്പെടുത്തിയിരിക്കുകയാണ്. അവർ നഷ്ടപരിഹാര-പുനരധിവാസ പാക്കേജിൽനിന്ന് ഒഴിവാക്കപ്പെടും. വിശേഷിച്ചും, അഴിമതിയും നിയമത്തിന്റെ നൂലാമാലകളും ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വവുമെല്ലാം നിലനിൽക്കുന്ന നമ്മുടെ രാജ്യത്ത്. മാത്രവുമല്ല, ഏറ്റെടുക്കുന്ന സ്ഥലം വാണിജ്യപരമായി വികസിക്കുമ്പോൾ അതിനുണ്ടാകുന്ന മൂല്യവർദ്ധനവുമായി തട്ടിച്ചുനോക്കുമ്പോൾ കേവലം തുച്ഛമായ തുകയാണ് നഷ്ടപരിഹാരമായി ലഭിക്കുന്നത്. വർദ്ധിച്ചുവരുന്ന ഭക്ഷ്യാവശ്യകതയെ തൃപ്തിപ്പെടുത്തുവാൻ ആധുനികവൽക്കരണം നടക്കാത്ത പശ്ചാത്തലത്തിൽ നിലവിലുള്ള ഫലഭൂയിഷ്ഠമായ ഭൂമി ഏറ്റെടുക്കുന്നത്, ഭക്ഷ്യോൽപ്പാദനത്തിൽ ഇടിവു വരുത്തുകയും ജനങ്ങളുടെ മിനിമം ഭക്ഷ്യാവശ്യകതയെ തൃപ്തിപ്പെടുത്തുന്നതിനും ഭക്ഷ്യ സ്വയംപര്യാപ്തയെന്ന പ്രഖ്യാപിത ലക്ഷ്യം നേടുന്നതിനും ഭീഷണി ഉയർത്തുകയും ചെയ്യും. ഭരണകക്ഷിയോ പ്രതിപക്ഷമോ അർഹിക്കുന്ന പ്രാധാന്യത്തോടെ ഈ വിഷയം ചർച്ചചെയ്യുകയോ പരിഗണിക്കുകയോ ചെയ്യുന്നില്ല എന്നതാണ് ഏറ്റവും നിന്ദ്യമായ കാര്യം. കൃഷിഭൂമിയല്ലാത്ത സ്ഥലങ്ങളും ഇതിനോടകം അടച്ചുപൂട്ടപ്പെട്ട വ്യവസായ ശാലകൾ നിൽക്കുന്ന സ്ഥലങ്ങളും വ്യവസായാവശ്യങ്ങൾക്കായി ഏറ്റെടുക്കുന്ന കാര്യത്തെക്കുറിച്ച് ബില്ലിന്റെ ഉപജ്ഞാതാക്കൾ തികഞ്ഞ നിശബ്ദത പുലർത്തുകയാണ്. കടുത്ത വ്യവസായ പ്രതിസന്ധിയും മാന്ദ്യവും നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധിഗ്രസ്തമായ ഈ മുതലാളിത്ത വ്യവസ്ഥയിൽ എല്ലാവർക്കും തൊഴിൽ നൽകുന്ന പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുക അസാധ്യമാണന്ന വസ്തുത ബില്ലിന്റെ ഉപജ്ഞാതാക്കൾ കണ്ടില്ലെന്ന് നടിക്കുകയാണ്. അതിന്റെ സ്ഥാനത്ത് ഫലത്തിൽ ഒരാൾക്കുപോലും തൊഴിൽ നൽകാൻ സാധ്യതയില്ലാത്ത ഹൈ-ടെക് വ്യവസായങ്ങളാണ് വല്ലപ്പോഴും ആരംഭിക്കുന്നത്. കർഷകരുടെ വിശാലമായ ഭൂമി ചുളുവിലക്ക് തട്ടിയെടുക്കാനും അവിടങ്ങളിൽ റിയൽ എസ്റ്റേറ്റ് ബിസിനസ്സ് നടത്തുവാനുമുള്ള കുത്തകകളുടെയും അവരുടെ പിണിയാളുകളുടെയും കുൽസിത ശ്രമങ്ങൾക്ക് കളമൊരുക്കിക്കൊടുത്തിരിക്കുകയാണ് കേന്ദ്രസർക്കാർ. പൊതുതാൽപ്പര്യമെന്ന പരാമർശംപോലും അവ്യക്തത ഉളവാക്കുന്നതാണ്. പൊതുതാൽപ്പര്യമെന്ന പദത്തെ കൃത്യമായി ഒരിടത്തും നിർവ്വചിച്ചിട്ടില്ല. ജനങ്ങളുടെ ചെറുത്തുനിൽപ്പില്ലെങ്കിൽ സ്വദേശ-വിദേശ കുത്തകകളുടെ താൽപ്പര്യം മുൻനിർത്തി പൊതുതാൽപ്പര്യത്തിനെന്ന പേരിൽ ഭരിക്കുന്ന സർക്കാരിന് ഏതൊരു ഭൂമിയും ഏറ്റെടുക്കാം. അതിനുള്ള നിയമപരമായ അനുമതിയാണ് ഈ ബിൽ.

ജനവിരുദ്ധവും കർഷകവിരുദ്ധവുമായ ഈ ബില്ലിലെ വ്യവസ്ഥകൾ നീക്കം ചെയ്തുകൊണ്ട് പുതിയൊരു ബിൽ അവതരിപ്പിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. ●

# കെഎസ്ആർടിസിയെ സർക്കാർ ഡിപ്പാർട്ട്മെന്റാക്കി നിലനിർത്തുക

*(1-ാംപേജിൽ നിന്ന്)*

ങ്ങൾക്ക് ചെലവ് കുറഞ്ഞ സുരക്ഷിത യാത്ര പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തിൽനിന്നും ലാഭത്തോടുകൂടി മുതൽ തിരിച്ച് പിടിക്കുക എന്ന ലക്ഷ്യത്തിലേക്ക് മാറി . ഇത് കൃത്യമായ ഒരു ചുവട് മാറ്റമായിരുന്നു. ഒപ്പം പ്രതിസന്ധിയിലേക്കുള്ള ചുവട് വെപ്പും.

മാറിമാറി അധികാരത്തിൽ വരുന്നവരുടെയും, വലിയ മാറ്റങ്ങളില്ലാതെ തുടരുന്ന മാനേജ്മെന്റിന്റെയും കക്ഷിരാഷ്ട്രീയ-സാമ്പത്തിക താല്പര്യങ്ങളാണ് ദീർഘകാലമായി കെഎസ്ആർടിസിയെ നിയന്ത്രിക്കുന്നത്. സങ്കുചിതവും വ്യക്തിപരവുമായ താല്പര്യങ്ങളെ അടിസ്ഥാനമാക്കിയുള്ള ഈ പ്രതിലോമപരമായ മാനേജ്മെന്റ് വ്യവസ്ഥയാണ് കെഎസ്ആർടിസിയുടെ ശാപമെന്ന് സത്യസന്ധമായ ഏതൊരന്വേഷണവും വെളിവാക്കും.

1950 ലെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ആക്ട് പ്രകാരം ഒരു 'പബ്ലിക്ക് യൂട്ടിലിറ്റി സർവ്വീസ്' ആയിട്ട് മാത്രമേ കോർപ്പറേഷന് പ്രവർത്തിക്കാനാവൂ. സമൂഹത്തിലെ ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങൾക്ക് ചെലവു കുറഞ്ഞ സുരക്ഷിതയാത്ര ഉറപ്പു വരുത്തുകയാണ് കോർപ്പറേഷന്റെ ചുമതല. സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന മറ്റ് പബ്ലിക്ക് യൂട്ടിലിറ്റി സർവ്വീസുകളെപ്പോലെ തന്നെ (ഇലക്ട്രിസിറ്റി ബോർഡ്, വാട്ടർ അതോറിറ്റി തുടങ്ങിയവ) ലാഭനഷ്ടങ്ങളുടെ കണക്ക് നോക്കിയല്ല, ട്രാൻസ്പോർട്ട് കോർപ്പറേഷനും പ്രവർത്തിക്കേണ്ടത്. പ്രഥമ സ്ഥാനം പൊതുജന സേവനത്തിന് തന്നെയാണ്. പൊതുധനം ചെലവഴിച്ച് നടത്തുന്ന പൊതുജനാരോഗ്യം, പൊതുവിദ്യാഭ്യാസം, പൊതുഭരണസംവിധാനം എന്നിവപോലെ തന്നെ ജനങ്ങൾക്ക് ലഭ്യമാകേണ്ട സേവനമാണ് പൊതുഗതാഗത സൗകര്യവും.

എന്നാൽ, 1991 മുതൽ അധികാരത്തിൽ വന്ന എല്ലാ കേന്ദ്ര സംസ്ഥാന സർക്കാരുകളും ഒരേപോലെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ആഗോളവൽക്കരണനയം ഈ പൊതുജനസേവനത്തേയും ആക്രമിക്കുന്നു. എല്ലാ പബ്ലിക് സർവ്വീസുകളെയും പണം കൊടുത്ത് ഉപയോഗിക്കുന്നവയാക്കി മാറ്റുകയും അവയെല്ലാം സ്വകാര്യ കുത്തകകൾക്ക് ലാഭമടിക്കാനുള്ള മേഖലകളാക്കി കൈമാറുകയും ചെയ്യുന്നതാണ് പുതിയ നയം. നികുതിദായകരായ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന എല്ലാ സബ്സിഡികളും എടുത്തുമാറ്റുക എന്നതും ഈ നയത്തിന്റെ ഭാഗമാണ്. ഡീസൽ സബ്സിഡിയുടെ കാര്യത്തിൽ സുപ്രീം കോടതി പുറപ്പെടുവിച്ച വിധിയിലും പ്രതിഫലിക്കുന്നത് ഇതേ നയമാണ്.

സർക്കാർ ഉടമസ്ഥതയിലുള്ള പൊതുഗതാഗത സംവിധാനം നിലനിൽക്കുവാനും സാധാരണ ജനങ്ങൾക്ക് അതിന്റെ സേവനം ലഭ്യമാകാനും അടിസ്ഥാനപരമായി ഈ ജനവിരുദ്ധനയം മാറിയേ തീരൂ. എന്നാൽ, കത്തുന്ന പുരയിൽ നിന്നും കഴുക്കോൽ ഊരിയെടുത്ത് സ്വന്തമാക്കുന്ന കെഎസ്ആർടിസി മേലാളന്മാരുടെ സമ്പ്രദായവും അവസാനിപ്പിച്ചേ മതിയാകൂ. പർച്ചേസിംഗിലും മറ്റും നടത്തുന്ന ഭീമമായ വെട്ടിപ്പുകളും ദുർവ്യയങ്ങളും മാത്രമല്ല, സ്വകാര്യ ബസ്സ് സർവ്വീസ് ലോബികൾക്ക് വേണ്ടി നടത്തുന്ന ഏജൻസിപ്പണിയും കെഎസ്ആർടിസിയെ തകർത്തുകൊണ്ടിരിക്കുകയാണ്. ഏറ്റവും വരുമാനമുണ്ടാക്കിക്കൊണ്ടിരിക്കുന്ന അന്തർസംസ്ഥാന സർവ്വീസുകൾ പോലും സ്വകാര്യബസ് സർവ്വീസ് ലോബികൾക്ക് വേണ്ടി നാമാവശേഷമാക്കിയ ഉദ്യോഗസ്ഥ-രാഷ്ടീയ കൂട്ടുകെട്ടിന്റെ അധീശത്വം അവസാനിപ്പിക്കണം. പുതിയ നല്ല ബസ്സുകൾ വാങ്ങുക, ഷെഡ്യൂളുകൾ വർദ്ധിപ്പിക്കുക, ദേശസാൽകൃത റൂട്ടുകൾ സംരക്ഷിക്കുക, അന്തർസംസ്ഥാന സർവ്വീസുകളിൽ ആധുനിക ബസ്സുകൾ ഓടിക്കുക, പതിറ്റാണ്ടുകളുടെ പഴക്കമുള്ള വർക്ക്ഷോപ്പുകൾ ആധുനികവൽക്കരിക്കുക തുടങ്ങിയ അവശ്യനടപടികൾ കൈക്കൊള്ളുന്നതിലുള്ള തടസ്സങ്ങൾ ശക്തമായി തട്ടിമാറ്റണം.

ഒരു സ്ഥാപനമെന്ന നിലയിലുള്ള കെഎസ്ആർടിസിയുടെ ചാലകശക്തി അതിന്റെ തൊഴിൽശക്തിയാണ്. എന്നാൽ, ഓപ്പറേറ്റിംഗ് വിഭാഗത്തിലും മെക്കാനിക്കൽ വിഭാഗത്തിലും മറ്റും കഠിനാദ്ധ്വാനം ചെയ്യുന്ന തൊഴിലാളികൾക്ക് കടുത്ത അവകാശനിഷേധത്തിനും അവഗണനക്കും പീഡനത്തിനും ഇരയാകേണ്ടി വരുന്നു. സംസ്ഥാനത്ത് ഏറ്റവും കുറഞ്ഞ വേതനം ലഭിക്കുന്നവരാണ് കെ.എസ്.ആർ.ടി.സി. തൊഴിലാളികൾ. സർക്കാർ പ്രഖ്യാപിച്ച മിനിമം വേതനം പോലും ലഭിക്കാതെ പണിയെടുക്കേണ്ടി വരുന്നവരാണ് ഈ പൊതുമേഖലാ സ്ഥാപനത്തിലുള്ളത്. 6136 ബസ്സുകൾ 5590 ഷെഡ്യൂളുകളിലൂടെ പ്രതിദിനം ശരാശരി 18,86,487 കിലോമീറ്റർ ഓടിച്ചുകൊണ്ടും ഡിപ്പോ, സബ്ഡിപ്പോ, ഓപ്പറേഷൻ സെന്റർ, സ്റ്റേഷൻമാസ്റ്റർ ഓഫീസ്, എന്നിങ്ങനെ 117 സെന്ററുകളിലും 5 വർക്ക്ഷോപ്പുകളിലുമായി പണിചെയ്തുകൊണ്ടും പ്രതിദിനം ശരാശരി 4.36 കോടി രൂപ വരുമാനം ഉണ്ടാക്കിയെടുക്കുന്ന 45000 ഓളം വരുന്ന സ്ഥിര, താൽക്കാലിക ജീവനക്കാരുടെ ദയനീയമായ ജീവിതാവസ്ഥ സർക്കാരിന്റെയും മാനേജ്മെന്റിന്റെയും കോടതികളുടെയും മാത്രമല്ല, അംഗീകൃത പട്ടം വാങ്ങിയ ട്രേഡ് യൂണിയനുകളുടെ പോലും പരിഗണനയിൽ വരുന്നതേയില്ല. **പ്രതിസന്ധികളുടെ പേര് പറഞ്ഞുകൊണ്ട് ഷെഡ്യൂളുകൾ വെട്ടിക്കുറക്കുകയും ജീവനക്കാരുടെ എണ്ണത്തിൽ കുറവുവരുത്തുകയും അവരുടെ അവകാശങ്ങൾ കവർന്നെടുക്കുകയും ചെയ്യുകയാണ് മാനേജ്മെന്റും സർക്കാരും.**

കെഎസ്ആർടിസി പോലുള്ള ഒരു പൊതുജനസർവ്വീസ് മേഖലയിൽ ആവശ്യം വേണ്ട മൂലധനനിക്ഷേപം പോലും സർക്കാർ നടത്തുന്നില്ല. ഇക്കാര്യം പ്രതിസന്ധിയുടെ പേരിൽ വിളിച്ചുകൂവുന്നവർ മിണ്ടുന്നുമില്ല. 1965-ൽ കോർപ്പറേഷൻ രൂപീകരിച്ചതിന് ശേഷമുള്ള കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകളുടെ മൊത്തം മൂലധനനിക്ഷേപം 587.1 കോടി രൂപ മാത്രമാണ്. ദീർഘകാലമായി യാതൊരു മൂലധന നിക്ഷേപവും നടക്കുന്നില്ല. കോർപ്പറേഷന്റെ സമ്പത്തിക സഹായത്തിനായി രൂപം കൊടുത്ത കെറ്റിഡിഎഫ്സി യഥാർത്ഥത്തിൽ കെഎസ്ആർടിസിയെ കൊള്ളയടിക്കുന്ന ഒരു ബ്ലേഡ് കമ്പനിയായി മാറിയിരിക്കുകയാണ്. ഈ ധനകാര്യ സ്ഥാപനത്തിന് കെഎസ്ആർടിസി നൽകാനുള്ള കടം 1208 കോടി രൂപയാണ്. തിരിച്ചടവിന്റെ പലിശ 15% വരെയാണ് കെറ്റിഡിഎഫ്സി പിടിച്ചു വാങ്ങുന്നത്. കടത്തിന്റെ പലിശയിനത്തിൽ മാത്രം പ്രതിമാസം 22 കോടി രൂപ കെഎസ്ആർടിസി അടക്കേണ്ടി വരുന്നു. ഏറ്റവും വരുമാനമുള്ള 35 ഡിപ്പോകളിലെ ദൈനംദിന വരുമാനം കടം വീട്ടുന്നതിനായി മാത്രം നീക്കിവെച്ചിരിക്കുകയാണ്. കെഎസ്ആർടിസി നഷ്ടത്തിലായെങ്കിലും അതിനെ സഹായിക്കാൻ രൂപം കൊടുത്ത കെറ്റിഡിഎഫ്സി അങ്ങനെ ലാഭത്തിൽ മുന്നേറുന്നു!

കേന്ദ്ര, സംസ്ഥാന സർക്കാരുകളും കെഎസ്ആർടിസി മാനേജ്മെന്റും വച്ച് പുലർത്തുന്ന ജനവിരുദ്ധവും പ്രതിലോമകരവുമായ സമീപനമാണ് കെഎസ്ആർടിസിയെ ഈ അവസ്ഥയിലെത്തിച്ചത്. എന്താണ് ഇതിന് പരിഹാരം? ചിലർ ആവശ്യപ്പെടുന്നതുപോലെ കോർപ്പറേഷന്റെ കടബാദ്ധ്യതയും പെൻഷൻ ബാധ്യതയും ഡീസലിന്റെ അധിക ബാധ്യതയും സൗജന്യയാത്രാ ബാദ്ധ്യതയും സർക്കാർ ഏറ്റെടുത്താൽ കെഎസ്ആർടിസി രക്ഷപ്പെടുമോ? ഇത്തരം ചില്ലറ ബാധ്യതകൾക്ക് പകരം കെഎസ്ആർടിസിയെ മൊത്തം സർക്കാർ ഏറ്റെടുത്ത് സർക്കാർ വകുപ്പാക്കി മാറ്റാനുള്ള ആവശ്യമുയർത്താത്തത് എന്തുകൊണ്ട്? **കെഎസ്ആർടിസിയെ സർക്കാർ ഡിപ്പാർട്ട്മെന്റാക്കി മാറ്റി, പൊതുഗതാഗതത്തെ പൊതുജനസർവ്വീസ് ആയി നിലനിർത്തുകയാണ് പ്രതിസന്ധിക്കുള്ള പരിഹാരമാർഗ്ഗം.** ഇതിനാവശ്യമായ മൂലധന നിക്ഷേപം കേന്ദ്ര സംസ്ഥാന ഗവൺമെന്റിൽ നിന്നും ഉണ്ടാകുകയും വേണം. ജനങ്ങൾക്ക് കുറഞ്ഞ ചെലവിലുള്ള യാത്രാസൗകര്യം ഉറപ്പാക്കാനും, തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുവാനും, പെൻഷൻകാർക്ക് പെൻഷൻ മുടങ്ങാതെ ലഭിക്കുവാനും ഇത് മാത്രമാണ് മാർഗ്ഗം. 2000-ൽ വാട്ടർ ട്രാൻസ്പോർട്ട് സർക്കാർ ഡിപ്പാർട്ട്മെന്റാക്കിയതിനെത്തുടർന്ന് അത് നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ജീവനക്കാർക്ക് ശമ്പളവും പെൻഷൻകാർക്ക് പെൻഷനും മുടങ്ങാതെ ലഭിക്കുന്നു. ജനങ്ങൾക്ക് സർവ്വീസും മുടങ്ങാതെ ലഭിക്കുന്നുണ്ട്.

അതുകൊണ്ട് ഈ ഡിമാന്റ് നേടിയെടുക്കാനുള്ള തൊഴിലാളി - ബഹുജന പ്രക്ഷോഭമാണ് ഇപ്പോൾ കെട്ടിപ്പടുക്കേണ്ടത്. ●

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing 1st day of every month.
P.R. No. KL/TV(N)/452/2012-2014
R. N. 24773/1992

UNITY
MALAYALAM MONTHLY

Vol 40 No.7
Price : Rs 5.00
October 2013

# കർത്തവ്യങ്ങളെ ഉയർന്ന തലത്തിൽ നിർവ്വചിച്ചുകൊണ്ട് വിപുലീകൃത സംസ്ഥാനകമ്മിറ്റി യോഗം






അടൂർ മാർത്തോമ യൂത്ത് സെന്ററിൽ നടന്ന എസ്‌യുസിഐ(സി) വിപുലീകൃത സംസ്ഥാന കമ്മിറ്റി മീറ്റിംഗ്. പൊളിറ്റ് ബ്യൂറോ അംഗം സഖാവ് കൃഷ്ണാ ചക്രവർത്തി പ്രസംഗിക്കുന്നു. സമീപം സംസ്ഥാന സെക്രട്ടറി സഖാവ് സി.കെ.ലൂക്കോസ്, സെക്രട്ടേറിയറ്റംഗങ്ങളായ സഖാക്കൾ വി.വേണുഗോപാൽ, ജി.എസ്.പത്മകുമാർ, ജയ്സൺ ജോസഫ് എന്നിവർ സമീപം

സംഘടനാപരമായ വളർച്ചയുടെയും ജനങ്ങളുടെയിടയിൽ വർദ്ധിച്ചുവരുന്ന സ്വാധീനത്തിന്റെയുമടിസ്ഥാനത്തിൽ ഓരോ സഖാവിന്റെയും കമ്മിറ്റികളുടെയും പ്രവർത്തനത്തെ കൂടുതൽ ഉയർന്ന തലത്തിൽ നിർവ്വചിച്ചുകൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ വിപുലീകൃത സംസ്ഥാന കമ്മിറ്റിയോഗം ഒക്ടോബർ 5,6 തീയതികളിൽ അടൂർ മാർത്തോമാ യൂത്ത് സെന്ററിൽ നടന്നു. സംസ്ഥാനകമ്മിറ്റി അംഗങ്ങൾക്കുപുറമേ ജില്ലാ കമ്മിറ്റിയംഗങ്ങൾ, ലോക്കൽ കമ്മിറ്റിയംഗങ്ങൾ, മുന്നണി സംഘടനാ ഭാരവാഹികൾ, കോംസമോൾ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങൾ എന്നിവരും പങ്കെടുത്തു. സംസ്ഥാന സെക്രട്ടറി സഖാവ് സി. കെ.ലൂക്കോസ് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് വി. വേണുഗോപാൽ ആമുഖപ്രസംഗം നടത്തി. സെക്രട്ടേറിയറ്റംഗങ്ങളായ സഖാവ് ജി.എസ്. പത്മകുമാർ, സഖാവ് ജെയ്സൺ ജോസഫ് എന്നിവർ ഭാവി പ്രവർത്തന പദ്ധതികൾ അവതരിപ്പിച്ചു. അന്തർദേശീയ-ദേശീയ സാഹചര്യങ്ങൾ യോഗം വിലയിരുത്തി. പൊളിറ്റ്ബ്യൂറോ മെമ്പർ സഖാവ് കൃഷ്ണാ ചക്രവർത്തി ചർച്ചകൾ ക്രോഡീകരിച്ചുകൊണ്ട് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി.

അന്തർദേശീയ രംഗത്ത് വികസിത രാജ്യങ്ങൾ തമ്മിലുള്ള വൈരുദ്ധ്യം മൂർച്ഛിച്ചിരിക്കുകയാണ്. അമേരിക്കയുടെ മേധാവിത്വം അടിച്ചേൽപ്പിക്കാനുള്ള ശ്രമങ്ങൾ തുടരുന്നു. മുതലാളിത്ത സമ്പദ്ഘടന യുദ്ധത്തെ ആശ്രയിക്കുന്നതുകൊണ്ടുതന്നെ യുദ്ധവും അധിനിവേശങ്ങളും അരക്ഷിതാവസ്ഥയും ഒഴിയുന്നില്ല. സോഷ്യലിസ്റ്റ് വ്യവസ്ഥ സമാധാന സ്ഥാപനത്തിനുവേണ്ടിയാണ് നിലകൊള്ളുന്നതെങ്കിലും സോഷ്യലിസ്റ്റു ചേരിയുടെ തകർച്ച, യുദ്ധശക്തികൾക്ക് ലോകജനതയെയാകെ കൊള്ളയടിക്കാനും അവരുടെ സ്വൈര്യജീവിതത്തെ തകർക്കാനും അവസരം നൽകിയിരിക്കുന്നു. കരുത്തുറ്റ സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനം ലോകവ്യാപകമായി വളർത്തിയെടുത്തുകൊണ്ടേ ഈ സാഹചര്യത്തെ നേരിടാനാകൂ. അത്തരമൊരു പ്രസ്ഥാനത്തിന്റെ അകക്കാമ്പായി വർത്തിക്കേണ്ടത് കമ്മ്യൂണിസ്റ്റുകളാണ്. കമ്മ്യൂണിസത്തിന്റെ ഏറ്റവും കാലോചിതമായ ധാരണകളിലേയ്ക്ക് ലോകത്തെ കമ്മ്യൂണിസ്റ്റ് പാർട്ടികളെ ആകർഷിച്ചുകൊണ്ട് സാമ്രാജ്യത്വവിരുദ്ധ ശക്തികളെയാകെ അണിനിരത്താൻ നമ്മുടെ പാർട്ടി പരിശ്രമിക്കുന്നത് ഈ പശ്ചാത്തലത്തിലാണ്.

മുതലാളിത്ത ലോകമാകെ കടുത്ത സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. വികസിത മുതലാളിത്ത രാജ്യങ്ങളിൽപോലും വമ്പിച്ച ജനമുന്നേറ്റങ്ങൾ വളർന്നുവരുന്നു. ആഗോളമുതലാളിത്തത്തിന്റെ അവിഭാജ്യ ഭാഗമായ ഇന്ത്യൻ മുതലാളിത്ത വ്യവസ്ഥയും പ്രതിസന്ധിയുടെ പിടിയിലാണ്. പ്രതിസന്ധിയുടെ ഭാരം ജനങ്ങളുടെ ചുമലിലേയ്ക്ക് ഇറക്കിവയ്ക്കുന്നതിനായി ആവിഷ്ക്കരിച്ച ആഗോളീകരണ നയങ്ങൾ ജനങ്ങളുടെ ജീവിതം താറുമാറാക്കിയിരിക്കുന്നു.

സോഷ്യലിസ്റ്റ് ചേരിയുടെ തകർച്ച, ആഗോളമായിത്തന്നെ പുരോഗമന മുന്നേറ്റങ്ങൾക്ക് ആഘാതമായി. സോഷ്യലിസ്റ്റ് ആശയങ്ങളുടെ സ്വാധീനം കുറഞ്ഞത് ജനമനസ്സുകളെ പിന്തിരിപ്പൻ ആശയങ്ങളിലേക്കും ചിന്താഗതികളിലേയ്ക്കും നയിച്ചു. രാജ്യത്തെ വർഗ്ഗീയ-വിഭാഗീയ ശക്തികൾ ഈ സാഹചര്യം മുതലെടുത്ത് ജനങ്ങൾക്കിടയിൽ ചേരിതിരിവ് സൃഷ്ടിക്കാനും അന്ധത പടർത്താനും ശ്രമിക്കുകയാണ്. ജനകീയ സമരപാത വെടിഞ്ഞ കപട കമ്മ്യൂണിസ്റ്റുകൾ ഇതിന് വഴിയൊരുക്കിക്കൊടുത്തിരിക്കുന്നു. ജനങ്ങളുടെ യോജിച്ച ചെറുത്തുനിൽപ്പുകളെ ഭയക്കുന്ന മുതലാളിത്ത വ്യവസ്ഥ അനൈക്യം ഊട്ടിയുറപ്പിക്കുന്ന പിന്തിരിപ്പൻ ശക്തികൾക്ക് എല്ലാ ഒത്താശയും ചെയ്യുന്നു. നരേന്ദ്രമോഡിക്ക് കുത്തകകളിൽനിന്നും അവരുടെ പ്രചാരണോപാധികളിൽനിന്നും കിട്ടുന്ന പിന്തുണ ഇതിനുദാഹരണമാണ്. മറുവശത്ത് ജനദ്രോഹനയങ്ങൾ ജനങ്ങൾക്കുമേൽ നിർദ്ദാക്ഷിണ്യം അടിച്ചേൽപ്പിക്കപ്പെടുകയുമാണ്. ജീവിതപ്രശ്നങ്ങളുടെ പരിഹാരമാവശ്യപ്പെട്ടുകൊണ്ട് വളർത്തിയെടുക്കപ്പെടുന്ന, രാജ്യവ്യാപകമായ ഇടതു-ജനാധിപത്യ മുന്നേറ്റം അനിവാര്യമാക്കിത്തീർക്കുന്ന സാഹചര്യത്തെയാണ് നാം അഭിമുഖീകരിക്കുന്നത്.

ജനങ്ങൾ കക്ഷിരാഷ്ട്രീയത്തിനതീതമായി സമരരംഗത്തുവരുന്ന പ്രവണത ദേശീയതലത്തിൽത്തന്നെ ദൃശ്യമാണ്. എന്നാൽ, ഈ സമരങ്ങൾ സാമൂഹ്യമാറ്റം എന്ന ലക്ഷ്യത്തിലേക്ക് കോർത്തിണക്കപ്പെടണം. ജീവിത പ്രശ്നങ്ങളുടെ അടിസ്ഥാനപരിഹാരം അതിലൂടെ മാത്രമേ സാദ്ധ്യമാകൂ. അതിന്, നിലനിൽക്കുന്ന സാമൂഹ്യ യാഥാർത്ഥ്യങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്യാനും ശരിയായ സമരപാത തെരഞ്ഞെടുക്കാനും കഴിയണം. മാർക്സിസം ചൂണ്ടിക്കാണിക്കുന്നതാണ് സാമൂഹ്യ പുരോഗതിയുടെ അനിഷേധ്യമായ പാത. സാധാരണ ജനങ്ങളെപ്പോലും ഉയർന്ന ജനാധിപത്യ ധാരണയിലേക്കും യുക്തിബോധത്തിലേക്കും ശാസ്ത്രീയ ജീവിത വീക്ഷണത്തിലേയ്ക്കും ഉയർത്തിയെടുക്കാതെ സമഗ്രമായ സാമൂഹ്യമാറ്റം സാദ്ധ്യമല്ല.

സങ്കീർണ്ണമായ ഈ സാമൂഹ്യ ഉത്തരവാദിത്തമാണ് ഒരു തൊഴിലാളിവർഗ്ഗ വിപ്ലവ പ്രസ്ഥാനത്തിലെ അംഗങ്ങൾ എന്ന നിലയിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ പ്രവർത്തകർക്ക് നിറവേറ്റാനുള്ളത്. കഠിനമായ ഒരു ജീവിത സമരത്തിന് വിധേയമായിക്കൊണ്ടു മാത്രമേ ഈ കടമകൾ നിറവേറ്റാൻ പ്രാപ്തമായ നിലയിലേയ്ക്ക് പാർട്ടി സംഘടനയെ വളർത്തിയെടുക്കാനാകൂ.

വ്യക്തിവാദവും സ്വാർത്ഥതയും ദൂരീകരിച്ച് സാമൂഹികതയുടെ സംസ്കാരം നേടിയെടുക്കാനുള്ള വ്യക്തിജീവിതത്തിലെ സമരമാണ് ഇതിൽ പ്രധാനം. വ്യക്തിവാദം മൂല്യങ്ങളെ കെടുത്തുമ്പോൾ സാമൂഹികത മനുഷ്യനിൽ മഹത്വം വളർത്തുന്നു. വൈരുദ്ധ്യാത്മകമായ പ്രപഞ്ചത്തെയും സമൂഹത്തെയും വൈരുദ്ധ്യാത്മകമായിത്തന്നെ മനസ്സിലാക്കാനുള്ള ശ്രമമാണ് ഇതിന്റെ അടിത്തറ. വിട്ടുവീഴ്ചയില്ലാത്ത സത്യാന്വേഷണത്തിന്റെ മാർഗ്ഗമാണത്. കണ്ടെത്തുന്ന സത്യത്തെ സ്വാംശീകരിക്കുകയാണ് അടുത്തപടി. സിദ്ധാന്തം ഉരുവിടാൻ മാത്രമുള്ളതല്ലെന്നും അത് പ്രയോഗിക്കുവാനുള്ളതാണെന്നും മാർക്സിസം പഠിപ്പിക്കുന്നു. സ്വയംമാറുന്നവർക്കേ സമൂഹത്തെ മാറ്റാനാകൂ. തൊഴിലാളിവർഗ്ഗ സംസ്കാരം ആർജിക്കാനുള്ള ഈ സമരത്തിൽ സ്വയം സമർപ്പിച്ചുകൊണ്ട് നല്ല കമ്മ്യൂണിസ്റ്റുകളായിത്തീരുമ്പോൾ മാത്രമേ സമൂഹത്തെ നയിക്കാനുള്ള യോഗ്യത നേടൂ.

മാർക്സിസത്തെ വികലമായി മനസ്സിലാക്കിയ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി വ്യക്തിജീവിതത്തിലെ ഈ സമരത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞില്ല. ഇത് കമ്മ്യൂണിസ്റ്റുകളെക്കുറിച്ച് മതിപ്പില്ലായ്മ വളരാൻ ഇടയാക്കി. അധഃപതിച്ച മുതലാളിത്ത സംസ്കാരം ആ പ്രസ്ഥാനത്തെ ക്രമേണ തളർത്തി. അനേകമാളുകളിൽ ഇത് നിരാശ പടർത്തി. പലരും മാർക്സിസത്തിൽ നിന്നുതന്നെ അകന്നുപോയി. എന്നാൽ, ഒരു കമ്മ്യൂണിസ്റ്റിന്റെ സംസ്കാരം മനുഷ്യരാശിക്കു സൃഷ്ടിക്കാൻ കഴിഞ്ഞതിൽവച്ച് ഏറ്റവും ഉന്നതമായ തൊഴിലാളിവർഗ്ഗ സംസ്കാരമാണ്.

മുതലാളിത്ത വ്യവസ്ഥക്കെതിരായ പോരാട്ടം സാമ്പത്തിക-രാഷ്ട്രീയ-പ്രത്യയശാസ്ത്ര മേഖലകളെയാകെ ഉൾക്കൊള്ളുന്ന സമഗ്രമായ പോരാട്ടമാണ്. ഇതിന് തൊഴിലാളിവർഗ്ഗത്തെ തയ്യാറെടുപ്പിക്കുകയും നയിക്കുകയും ചെയ്യുന്ന മുന്നണിപ്പടയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി. യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്വാധീനം സമൂഹത്തിൽ നിർണ്ണായകമാകാത്തിടത്തോളം സാമൂഹ്യമാറ്റം കൈവരിക്കാനാവില്ല. ജനങ്ങളനുഭവിക്കുന്ന പ്രശ്നങ്ങൾക്കൊന്നും ശാശ്വതപരിഹാരം കണ്ടെത്താനുമാവില്ല.

മാർക്സിസത്തിന്റെ ഏറ്റവും വികസിതവും സമൂഹം നേരിടുന്ന പ്രശ്നങ്ങളുടെ പരിഹാരം കണ്ടെത്താൻ പ്രാപ്തവുമായ ധാരണ പ്രദാനം ചെയ്യുന്നത് ശിബ്ദാസ്ഘോഷ് ചിന്തകൾ മാത്രമാണ്. ഇത് ശരിയാംവണ്ണം സ്വാംശീകരിക്കാനും അതിന്റെ അടിസ്ഥാനത്തിൽ വർഗ്ഗ-ബഹുജന മുന്നേറ്റങ്ങൾ വളർത്തിയെടുക്കാനുമുള്ള സമരത്തെ കൂടുതൽ ഉയർന്ന നിലവാരത്തിൽ മുന്നോട്ടു കൊണ്ടുപോകാൻ യോഗം തീരുമാനിച്ചു. •

## ഉത്തരാഖണ്ഡിൽ പൗരസമ്മേളനം

മേഘസ്ഫോടനത്തെ തുടർന്നുണ്ടായ മഹാപ്രളയത്തിൽ അകപ്പെട്ട നിസ്സഹായരായ സാധാരണ ജനങ്ങളോടുള്ള അഗാധമായ അനുകമ്പ പ്രകടിപ്പിച്ചുകൊണ്ട് ആഗസ്റ്റ് 3-ന് ശ്രീനഗറിൽ സംഘടിപ്പിച്ച പൗരസമ്മേളനം ദുരന്തബാധിതർക്ക് പര്യാപ്തമായ പുനരധിവാസം നൽകണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടു. ഉത്തരാഖണ്ഡിലെ പ്രശസ്ത കവി നരേന്ദ്രസിംഗ് നേഗി സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. എഴുത്തുകാർ, സാഹിത്യകാരന്മാർ, ചരിത്രകാരന്മാർ, ശാസ്ത്രജ്ഞർ തുടങ്ങി സമൂഹത്തിലെ വിവിധ തുറകളിൽനിന്നുള്ള പൗരപ്രമുഖരും സംസ്ഥാനത്തെ ദുരന്തബാധിതരായ ജനങ്ങളും സമ്മേളനത്തിൽ പങ്കെടുത്തു. ദുരന്തത്തിന്റെ കാരണം, ഇത്തരം ദുരന്തങ്ങൾ ആവർത്തിച്ചാൽ നാശ-നഷ്ടങ്ങൾ നിയന്ത്രിക്കുന്നതിനും ലഘൂകരിക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ, അടിയന്തിരമായ ദുരിതാശ്വാസം, ദീർഘകാലാടിസ്ഥാനത്തിലുള്ള പുനരധിവാസ പദ്ധതികൾ തുടങ്ങിയവയെക്കുറിച്ച് ചർച്ചചെയ്യുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു മാർഗ്ഗരേഖ പ്രൊഫസർ ആർ. സി.ഡിമ്രി അവതരിപ്പിച്ചു. ദുരന്തബാധിത മേഖലയിലെ വിദ്യാർത്ഥികൾക്ക് എല്ലാത്തരം ഫീസുകളും ഇളവു ചെയ്യുക, തകർന്ന റോഡുകളും പാലങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ പുനർനിർമ്മിക്കുക, അവശ്യ-നിത്യോപയോഗ സാധനങ്ങൾ ഒരുവർഷത്തേക്ക് സൗജന്യമായി വിതരണം ചെയ്യുക, പൊതുഗതാഗതത്തിന്റെ ചെലവ് കുറയ്ക്കാൻ ഡീസൽ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക തുടങ്ങിയ സുപ്രധാനമായ ഡിമാന്റുകൾ സമ്മേളനത്തിലൂടെ ഉയർത്തപ്പെട്ടു. നിർമ്മൽ ചൗധരി, ഫ്രൊഫസർ സുരേഖ ഡോംഗ്‌വാൾ, എസ്‌യുസിഐ(സി) ഡൽഹി സംസ്ഥാന സെക്രട്ടറി സഖാവ് പ്രതാപ് സമൽ എന്നിവരും പ്രസംഗിച്ചു. സമ്മേളനം ഉത്തരാഖണ്ഡ് വിപര്യയ പുനർബാസൻ ജന സമിതിക്ക് രൂപം കൊടുത്തു. നരേന്ദ്ര സിംഗ് നേഗി സെക്രട്ടറിയായും പ്രൊഫ. പ്രതൂൽ ശങ്കലാനി, ബി. മോഹൻ നേഗി, ഒ.പി.സേംവാൾ, ഉത്തംസിംഗ് ചൗധരി എന്നിവർ അസിസ്റ്റന്റ് സെക്രട്ടറിമാരായും മുകേഷ് സേംവാൾ കോ-ഓർഡിനേറ്ററായും തെരഞ്ഞെടുക്കപ്പെട്ടു. പ്രൊഫസർ ആർ.സി.ഡിമ്രി, ഡോ.എസ്.പി.സതി, ഡോ.എസ്.എസ്.ബിഷ്ട്, സുരേഷ് ഭട്ട, രാജേന്ദ്ര നൗഷ്യൽ, ശിശുപാൽ പവാർ, ഡോ. പി.സി.ചമൗലി, ഗണശ്യാം പുരോകിത്, സുദർശൻ സേംവാൾ, നിർമ്മൽ ചൗധരി അവതാർ സിംഗ് ഭണ്ടാരി എന്നിവർ കമ്മിറ്റി അംഗങ്ങളായും തെരഞ്ഞെടുക്കപ്പെട്ടു. എസ്‌യുസിഐ(സി)യുടെ സഹായത്തോടെയും മാർഗ്ഗനിർദ്ദേശമനുസരിച്ചും പ്രവർത്തിച്ചുവരുന്ന മെഡിക്കൽ സർവീസ് സെന്റർ, ദുരന്തത്തെത്തുടർന്ന് രണ്ടുമാസത്തിലേറെ തുടർച്ചയായി നടത്തിവന്ന ദുരിതാശ്വാസ ക്യാമ്പിലൂടെ ലഭിച്ച ബന്ധങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ഈ സമ്മേളനം സംഘടിപ്പിച്ചതെന്ന് എടുത്തുപറയേണ്ടതുണ്ട്. •

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.